
LK/2018/20016

# കൊച്ചു പട്ടങ്ങൾ പറക്കുന്നിടം 2020

## ലിറ്റിൽ കൈറ്റ്സ് മാഗസിൻ

20016 ജി.എച്ച്.എസ്.എസ് പട്ടാമ്പി

LK/2018/20016



# കൊച്ചു പട്ടങ്ങൾ പറക്കുന്നിടം2020

ലിറ്റിൽ കൈറ്റ്സ് മാഗസിൻ

20016 ജി.എച്ച്.എസ്.എസ് പട്ടാമ്പി




**V.K. SREEKANDAN**
Member of Parliament
(Lok Sabha)
**Palakkad (Kerala)**

109, Kerala House
New Delhi – 110 001
Mob. . 9447035000
E-mail: vksreekandan@gmail.com


പട്ടാമ്പി ഗവ. ഹയർ സെക്കണ്ടറി സ്കൂളിലെ
'ലിറ്റിൽ കൈറ്റ്സ്' ഐ.ടി ക്ലബ്
പ്രസിദ്ധീകരിക്കുന്ന 'കുട്ടിപ്പട്ടങ്ങൾ പറക്കുന്നിടം'
ഇ-മാഗസിന് സ്നേഹാഭിവാദ്യങ്ങൾ നേരുന്നു.

സാങ്കേതികവിദ്യയുടെ തോളിലേറി കുട്ടിപ്പട്ടങ്ങൾ
കൂടുതൽ ഉയരങ്ങളിൽ പറക്കട്ടെ.

സ്നേഹത്തോടെ,

വി.കെ. ശ്രീകണ്ഠൻ എം.പി.

**V. K. SREEKANDAN, M.P**
**PALAKKAD**

ആശംസകൾ

# ആശംസകൾ




മുഹമ്മദ് മുഹസിൻ. പി.
(പട്ടാമ്പി)
മെമ്പർ
കേരള നിയമസഭ
എം. എൽ. എ. ക്യാമ്പ് ആഫീസ് :
മേലേ പട്ടാമ്പി
പാലക്കാട് ജില്ല-679 303

പട്ടാമ്പി ഓഫീസ് : 0466-2970070
തിരുവനന്തപുരം : 0471-2512485
മൊബൈൽ : 9895319684
റൂം നമ്പർ-38, 39,
രണ്ടാം നില,
പമ്പാ ബ്ലോക്ക്,
എം. എൽ. എ. ഹോസ്റ്റൽ,
തിരുവനന്തപുരം-695 033
ഇ-മെയിൽ : muhassinptb@gmail.com


സ്ഥലം....പട്ടാമ്പി

തീയതി....27/11/19

പട്ടാമ്പി ഗവ.ഹയർസെക്കൻഡറി സ്കൂളിലെ വിദ്യാർത്ഥികളുടെ കൂട്ടായ്മയായ 'Little Kites' ന്റെ നേതൃത്വത്തിൽ 'കുട്ടിപ്പട്ടങ്ങൾ പറക്കുന്നിടം' എന്ന മാഗസിന്റെ രണ്ടാം പതിപ്പ് ഇറക്കുന്നു എന്നറിഞ്ഞതിൽ സന്തോഷം അറിയിക്കട്ടെ.

വായനകൾ അന്യം നിൽക്കുന്ന ഈ വേളയിൽ ഒരുപാട് പതിപ്പുകൾ ഇറക്കുന്നതിനായി ഇനിയും തൂലിക ചലിപ്പിക്കാൻ കഴിയട്ടെ എന്നാശംസിക്കുന്നു.

സ്നേഹപൂർവ്വം

മുഹമ്മദ് മുഹസിൻ

ആശംസകൾ




**കെ.എസ്.ബി.എ. തങ്ങൾ**
ചെയർമാൻ
8078830000


# പട്ടാമ്പി നഗരസഭ


പി.ഒ. പട്ടാമ്പി, പാലക്കാട് ജില്ല., കേരള, ഇന്ത്യ – 679 303
ഫോൺ : 0466 2212233, 2212149
ഇ–മെയിൽ : pattambimunicipality@gmail.com


പട്ടാമ്പി

19.11.2019

പട്ടാമ്പി ഹയർസെക്കണ്ടറി സ്ക്കൂളിലെ വിദ്യാർത്ഥികളുടെ ലിറ്റിൽ കൈറ്റ്സ് എന്ന ഇ–മാഗസിന്റെ രണ്ടാം ലക്കം ഇറക്കുന്നതായി അറിഞ്ഞു. കമ്പ്യൂട്ടറിനെയും ഇലക്ട്രോണിക്സ് സാങ്കേതിക വിദ്യയും ഒരു മേഖലയിലും ഒഴിച്ചുകൂടാൻ പറ്റാത്ത വർത്തമാനകാലത്ത് ഇത്തരം മാസികകൾക്ക് വളരെ പ്രാധാന്യമുണ്ട്. ഇങ്ങനെ ഒരു മാഗസിൻ ഇറക്കുന്നതിന് വിദ്യാർത്ഥികൾക്കും അവർക്ക് പ്രചോദനം നൽകുന്ന അദ്ധ്യാപകർക്കും മാഗസിനും എന്റെ ആശംസകൾ.

സ്നേഹപൂർവ്വം,

**കെ.എസ്.ബി.എ. തങ്ങൾ**
ചെയർമാൻ
പട്ടാമ്പി നഗരസഭ
പി.ഒ. പട്ടാമ്പി – 679 303, പാലക്കാട് ജില്ല


ലൗ ഡേൽ, ലിബർട്ടി സ്ട്രീറ്റ്, പട്ടാമ്പി, പാലക്കാട് ജില്ല., പിൻ– 679303
ഫോൺ : 0466 2211954 ഇ–മെയിൽ : thangalksba@gmail.com




**പട്ടാമ്പി നഗരസഭ**
പി. ഒ. പട്ടാമ്പി – 679 303
പാലക്കാട് ജില്ല
Phone : 0466 2212233, 2212149

**കെ.വി.എ. ജബ്ബാർ**
വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ
ഡിവിഷൻ 6 – നെടിയംകുന്ന്
Mob : 9495801785


Date.19–11–2019

Ref.

"ലിറ്റിൽ കൈറ്റ്സ്" എന്ന പേരിൽ കുട്ടികളുടെ
കൂട്ടായ്മ ജി എച്ച് എസ് എസ് പട്ടാമ്പിയിൽ രൂപീ
കരിച്ച് നല്ല രീതിയിൽ പ്രവർത്തിക്കുന്നുണ്ട് എന്നത്
വളരെയധികം സന്തോഷം നൽകുന്നതാണ്. ഇവരുടെ
നേതൃത്വത്തിൽ ഡിജിറ്റൽ രൂപത്തിൽ പുറത്തിറ
-ക്കുന്ന ഈ മാഗസിന് എല്ലാവിധ ആശംസകളും
നേരുന്നു.

19-11-2019

വിശ്വസ്തതയോടെ


**കെ.വി.എ. ജബ്ബാർ**
ചെയർമാൻ,
വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി
പട്ടാമ്പി നഗരസഭ
പി.ഒ. പട്ടാമ്പി – 679 303, പാലക്കാട് ജില്ല




ആശംസകൾ



**OFFICE OF THE PRINCIPAL**
**GOVERNMENT HIGHER SECONDARY SCHOOL, PATTAMBI**
**P. O. PATTAMBI, PALAKKAD District. PIN 679 303**

Phone : 0466 2214008 SCHOOL CODE: 9017 E mail : ghssptb@gmail.com

പട്ടാമ്പി ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിലെ വിദ്യാർത്ഥികളുടെ IT കൂട്ടായ്മ യായ ലിറ്റിൽ കൈറ്റ്സ് മികച്ച രീതിയിൽ പ്രവർത്തിച്ച് സബ് ജില്ലാ, ജില്ലാ, സംസ്ഥാന തലങ്ങളിൽ മത്സരിച്ച് സമ്മാനം നേടിയതിൽ പ്രത്യേകം അഭിനന്ദിക്കുന്നു.

Little Kites ലെ വിദ്യാർത്ഥികളുടെ സംരംഭമായ E. മാഗസിനും മികച്ച രീതിയിൽ തയ്യാറാക്കിയതിന് പ്രത്യേക അഭിനന്ദനങ്ങൾ. വിവര സാങ്കേതിക രംഗത്ത് മികച്ച നേട്ടം കൈവരിക്കാൻ ഈ കൂട്ടായ്മയിലെ അംഗങ്ങൾക്ക് കഴിയട്ടെ എന്ന് ആശംസിക്കുന്നു.

GOVT. HIGHER SECONDARY SCHOOL, PATTAMBI, PALAKKAD DT

**S. MAHALINGAM**
PRINCIPAL
GHSS. PATTAMBI (9017)
PALAKKAD (Dist), PIN- 679 303

ആശംസകൾ



# GOVERNMENT HIGHER SECONDARY SCHOOL, PATTAMBI

PATTAMBI (POST), PALAKKAD DIST., KERALA - 679 303

CENTRE CODE : 20016, Ph : 0466 2213975

Date.................................

Ref.

പട്ടാമ്പി ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിലെ വിദ്യാർത്ഥികളുടെ ഐ ടി കൂട്ടായ്മയായ "ലിറ്റിൽ കൈറ്റ്സ് " - ന്റെ കീഴിൽ "കുട്ടിപ്പട്ടങ്ങൾ പറക്കുന്നിടം" എന്ന ഇ-മാഗസിന്റെ രണ്ടാം പതിപ്പ് പുറത്തിറക്കാൻ പോവുകയാണ്. സാങ്കേതിക വിദ്യയുടെ സഹായത്താൽ വിദ്യാഭ്യാസ മേഖല അത്ഭുതകരമായി മാറിക്കൊണ്ടിരിക്കുകയാണ്. പുതിയ തലമുറകൾക്ക് വിപ്ലവകരമായ മാറ്റങ്ങൾ കൊണ്ടുവരാൻ ഈ സംരംഭത്തിന് കഴിയട്ടെ എന്ന് ആശംസിക്കുന്നു.

സ്നേഹപൂർവ്വം,

പി.സി ഷാനവാസ്,

പി.ടി.എ പ്രസിഡന്റ്

ആശംസകൾ

LK/2018/20016

# കൊച്ചു പട്ടങ്ങൾ പറക്കുന്നിടം2020

## ലിറ്റിൽകൈറ്റ്സ് മാഗസിൻ

20016 ജി.എച്ച്.എസ്.എസ് പട്ടാമ്പി

**എഡിറ്റർ**- സഫാ ബീ ഫാത്തിമ **9F**
**സബ്എഡിറ്റർ**- നുസൈബ സൈനബ **9K**

**പത്രാധിപസമിതി**

ജ്യോതിക.പി **9E**
ഹൃദ്യ.പി **9E**
ഷെമീമ.കെ **9H**
കൃഷ്ണേന്ദു **9G**
അനുപം വിജയ് **9B**
ഉമറുൽഫാറൂക്ക് **8C**
ശ്രീദേവ്മോഹൻ **8A**

**ഏകോപനം**

ശ്രീലത.പി.(കൈറ്റ്മിസ്ട്രസ്)
മിനികുമാരി.എം.(കൈറ്റ്മിസ്ട്രസ്)

**സാങ്കേതിക സഹായം**

മനോജ്കുമാർ.യു.പി. SITC
സണ്ണി.പി.ഐ. JSITC

**രക്ഷാധികാരി**

എച്ച്.എം. ശ്രീമതി.ടി.രാധ

**കവർ-ഡിജിറ്റൽ പെയിന്റിങ്ങ്-നന്ദന 9H**

**ഇ.വിലാസം**
littlekites20016@gmail.com




ലിറ്റിൽ കൈറ്റ്സ് പ്രവർത്തനങ്ങൾ മികച്ച രീതിയിൽ
നമ്മുടെ സ്കൂളിൽ മുന്നേറിക്കൊണ്ടിരിക്കുകയാണ്.
സ്കൂളിന് അഭിനന്ദനാർഹമായ നേട്ടങ്ങളാണ്
ഈ കുട്ടി പട്ടങ്ങൾ നേടിത്തന്നു കൊണ്ടിരിക്കുന്നത്.
IT മേളയിൽ സബ് ജില്ലാ തലത്തിലും ജില്ലാതലത്തിലും
സംസ്ഥാന തലം വരെയും വിദ്യാലയത്തിന്റെ യശസ്സ്
ഉയർത്തിപ്പിടിക്കാൻ ലിറ്റിൽ കൈറ്റ്സിന് കഴിഞ്ഞിട്ടുണ്ട്.
സ്റേറ്റ്സ് ക്യാമ്പിൽ ക്യാമറാ റോബോട്ടിനെ
അവതരിപ്പിച്ചു കൊണ്ട് ആയാസ് മുഹമ്മദ്
ലിറ്റിൽ സ്റ്റാറായി മാറി.

8,9,10 ക്ലാസ്സുകളിലായി 120 മിന്നും താരങ്ങൾ  സ്കൂളിന്റെ
ഡോക്യുമെന്റേഷൻ പ്രവർത്തനങ്ങളിലും ന്യൂസ് റിപ്പോർട്ടർ
മാരായും ഫോട്ടോഗ്രാഫർമാരായും ഹൈടെക് സംവിധാന
ങ്ങളുടെ പരിപാലകരായും  തിളങ്ങിക്കൊണ്ടിരിക്കുന്നു '
അവർക്ക് കൂടുതൽ ഉയരങ്ങളിലേക്ക് പറക്കാനാകട്ടെ
എന്നാശംസിക്കുന്നതിനോടൊപ്പം
ലിറ്റിൽ കൈറ്റ്സ് പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ച്
സ്കൂളിന് നേട്ടങ്ങൾ കൊയ്തെടുത്തു കൊണ്ട്
പടിയിറങ്ങുന്ന 2018-20 ബാച്ചിലെ പറക്കും പട്ടങ്ങൾക്കായി
ഞാൻ ഈ മാഗസിന്റെ രണ്ടാം പതിപ്പ് സമർപ്പിക്കുന്നു.

അഭിമാനപൂർവ്വം ,

ടി.രാധ

23/01/2020
പട്ടാമ്പി

പ്രധാനാധ്യാപിക
ജി.എച്ച്.എസ്.എസ് പട്ടാമ്പി

# <u>ഉള്ളടക്കം</u>


09 സമർപ്പണം

10 ഉള്ളടക്കം

11 ഉള്ളടക്കം

12 ആമുഖം

13 അടുക്കളയും ഞാനും - ജലജ നമ്പ്യാർ

14 പിന്നിട്ട വഴികൾ - ആയാസ് മുഹമ്മദ് 10.H

16 ഔട്ട്പേഷ്യന്റ് /കവിത - ഹരിദാസൻ .പി /അധ്യാപകൻ

17 ഒരു മനുഷ്യൻ/ ആസ്വാദനകുറിപ്പ് - അസ്‌ലഹ.വി.പി/7 B

18 The Man who had A Dream/Poem – Bhavya.P.T 10B

19 നിമിഷാർദ്ധങ്ങൾ വേദനിക്കുമ്പോൾ /കവിത - നിഷാരാജ് / അദ്ധ്യാപിക

20 പൊതു വിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങൾ / ലേഖനം - ടി.പി.രാമൻകുട്ടി / അധ്യാപകൻ

23 THE PAST TEN YEARS ..

24 സഹോദരശ്രുതി / ആസ്വാദനകുറിപ്പ് - റിഷാനന്ദ് .എം.പി / *6-B*

25 INFLUENCE OF SOCIAL MEDIA / Ganga Sunil / 9B

26 അമ്മ ഇനി സ്വപ്നങ്ങളിൽ മാത്രം / ചെറുകഥ - ഫാത്തിമത്ത് സഹല / *9. F*

29 എന്റെ കുട്ടിക്കാലം / കവിത - അശ്വനി. എൻ. കെ. / 8. B

30 നെല്ലിമരം /ചെറുകഥ - അദീബ ഷാന. കെ.എസ്. / *9 K*

37 Let me be your light

38 എൻ അമ്മ /കവിത - സൈനബ സൈനബ /9K

39 THE CRY OF NATURE / Poem - Shafna / 9.D

40 BITTER BIT / Poem - Aysha najiya.V.T / 8.D

41 ഒരു കൊച്ചു കുടുംബം / ചെറുകഥ ഫെമിന.എം. / 9-D

43 Winged Dreams / Poem Pushpa .M / Teacher

44 ഞങ്ങൾ ലിറ്റിൽ കൈറ്റ്സ് - അശ്വതി.എൻ.കെ 10.B

45 ഒപ്പിന്റെ വില سِعْرُ التَّوْقِيعْ /ചെറുകഥ - കദീജ .പി/അധ്യാപിക

46 I bore the wing of fireflies

48 പഠനയാത്ര/അനുഭവക്കുറിപ്പ് -ഉമറുൽഫാറൂക്ക് വി.ടി 8-C

50 കൂട്ടുകൾ തേടി / കവിത -പ്രശാന്ത് എ.എം. /അധ്യാപകൻ

51 കൊതിക്കുന്ന സ്നേഹം .... / ചെറുകഥ - ആദില. കെ. / 9.B

54 നിലാവ് / *കവിത* - അഫീഫ .വി / 9-B

55 വലിയ സ്വപ്നം കണ്ട മനുഷ്യൻ / ലേഖനം - ഫാത്തിമ നൂറ / 9 F

56 LITTLE KITES PATTAMBI SUB DISTRICT CAMP -AnupamVijay 9B

**57 Archive**

58 സ്കൂൾ ടൈംസ് / ലിറ്റിൽ കൈറ്റ്സ് പത്രം

64 വേറിട്ട ചിത്രങ്ങൾ

65 ഷിയ അബൂബക്കർ

66 ലിറ്റിൽ കൈറ്റ്സ് fb Page

67 ലിറ്റിൽ കൈറ്റ്സ് കുടുംബം 2019 -21

**കൈറ്റ്മിസ്ട്രസ്**

ശ്രീലത.പി, മിനികുമാരി.എം.

# ആമുഖം

കേരളത്തിലെ പുതിയ തലമുറയിൽ വലിയൊരു വിഭാഗം വിവരവിനിമയ സാങ്കേതിക ഉപകരണങ്ങളെ ഉപയോഗിക്കുന്നവരാണ് 'ഈ രംഗത്ത് താൽപര്യവും അഭിരുചിയും ഉള്ളവരെ കണ്ടെത്തുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നതിന് ബോധപൂർവ്വമായ ശ്രമം എന്ന നിലയിൽ തുടങ്ങിയ ലിറ്റിൽ കൈറ്റ്സ് കൂട്ടായ്മ രണ്ടാം ബാച്ചിലേക്ക് കടന്നിരിക്കുകയാണ്. ഒട്ടേറെ മികവുകൾ കാഴ്ചവയ്ക്കാൻ 2018-20 ബാച്ചിലെ കുട്ടികൾക്ക് കഴിഞ്ഞു. മാഗസിന്റെ പേര് അന്വർത്ഥമാക്കുന്ന വിധം അവർ പറക്കുന്ന ഇടം തന്നെയായിരുന്നു കഴിഞ്ഞ വർഷം. IT മേളയിൽ മികച്ച പങ്കാളിത്തം എന്നതിലുപരി ജില്ലയിൽ ഏറ്റവും മികച്ച സ്കൂൾ പട്ടികയിൽ ഇടം പിടിക്കാൻ കഴിഞ്ഞതിൽ ലിറ്റിൽകൈറ്റ്സിന്റെ പങ്ക് അവിഭാജ്യ മാണ്.സംസ്ഥാന തലത്തിലും മികച്ച പ്രകടനം കാഴ്ചവക്കാൻ അവർക്ക് കഴിഞ്ഞു.

ലിറ്റിൽ കൈറ്റ്സ് സംസ്ഥാന തല ക്യാമ്പിൽ റോബോട്ടിക്സ് മേഖലയിൽ തന്റെ മികവ് പ്രകടിപ്പിക്കാൻ ആയാസ് മുഹമ്മദിന് അവസരം ലഭിച്ചത് ഈ മികവിന്റെ പ്രതിഫലനമാണ്.

ഒട്ടേറെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകാൻ [ഡോക്യുമെന്റേഷൻ, സ്കൂൾ പത്രങ്ങൾ, പ്രൊമോ വീഡിയോകൾ, കലോൽസവ സർട്ടിഫിക്കറ്റുകൾ തയ്യാറാക്കൽ, ലോഗോ തയ്യാറാക്കൽ]ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്ക് കഴിഞ്ഞു.

വിക്ടേഴ്സ് ചാനലിലേക്ക് വാർത്തകൾ തയ്യാറാക്കുന്ന അവസരത്തിൽ ക്യാമറാമാൻ റോളിലും റിപ്പോർട്ടർ റോളിലും എഡിറ്റർ റോളിലും തിളങ്ങി നമ്മുടെ കുട്ടികൾ മുന്നേറിക്കൊണ്ടിരിക്കുകയാണ്. ലിറ്റിൽ കൈറ്റ്സ് ഫേസ് ബുക്ക് പേജ് **(Little Kites GHSS Pattambi)** സമൂഹത്തിലേക്ക് ഇറങ്ങി ചെല്ലാനുള്ള ഒരു ഇടമായി മാറിയത് കൈറ്റ്സിന്റെ വിജയപാതയിലെ നാഴികക്കല്ലായി തീർന്നു.

പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റേയും ഹൈടെക് പദ്ധതിയുടേയും ഭാഗമായി സംസ്ഥാനത്ത് ആരംഭിച്ച ലിറ്റിൽ കൈറ്റ്സ് പദ്ധതിയിലൂടെ വൈവിധ്യമാർന്ന സാങ്കേതിക പരിശീലനങ്ങളാണ് വിദ്യാർത്ഥികൾക്ക് ലഭിച്ചുകൊണ്ടിരിക്കുന്നത് 2018-20, 2019 -21, 2020-22 എന്നീ മൂന്നു ബാച്ചുകളിലായി 120 ലിറ്റിൽ കൈറ്റ്സുകൾ നമ്മുടെ സ്കൂളിലുണ്ട്. മാനുഷിക മൂല്യങ്ങളോടൊപ്പം സാങ്കേതിക വിദ്യയിലും മികച്ച നിലവാരം പുലർത്തുന്ന ഒരു തലമുറയെ വളർത്തിയെടുക്കുന്ന ഈ സംരംഭത്തിലൂടെ നമ്മുടെ വിദ്യാർത്ഥികളുടേയും സ്കൂളിന്റേയും യശസ്സ് വാനോളം ഉയരട്ടെ .



*Poem*
*Bhavya .P.T / 10 B*




# The Man who had A **Dream**

There was a man
Who dreamed to become what he can.
But he didn't know what he can
and he didn't have a plan
He ran for his dream with all his might
But he could find a beam of light
he searched for it every where
and the result was no where
then the gazed at him self
and delved in to the past
there he found
the steps towards his dream
it was hard work
and he mounted it
as the ray of sun
reaches its target at once
on the last step he met his dream
and it said just try, try and try.

അനുഭവക്കുറിപ്പ്

ആയാസ് മുഹമ്മദ് 10.H



# പിന്നിട്ട വഴികൾ

ഒരു ക്വിസിൽ തുടങ്ങിയ യാത്രയായിരുന്നു ഇത്. ഒടുവിൽ അത് എറണാംകുളത്തെ കളമശ്ശേരിയിലെ സ്റ്റാർട്ടപ്പ് മിഷനിലെ ലിറ്റിൽ കൈറ്റ്സ് സ്റ്റേറ്റ് ക്യാമ്പിലാണ് അവസാനിച്ചത്. ഒരു സാധാരണ ക്വിസ് പോലെയാണ് ആ ക്വിസിൽ പങ്കെടുത്തത്. അതിനു മുമ്പുള്ള ക്വിസിൽ ഞാൻ പങ്കെടുത്തിരുന്നില്ല. അതിൽ വെച്ചായിരുന്നു സ്കൂളിൽ നിന്നും ആനിമേഷനുള്ള നാലു കുട്ടികളെ തിരഞ്ഞെടുത്തത്. ഞാൻ പങ്കെടുത്ത സബ് ജില്ലാ ക്യാമ്പിൽ നിന്നും ഞാനുൾപ്പെടെ നാലു പേരെ തെരഞ്ഞെടുത്തിരുന്നു. ഞങ്ങൾ പ്രോഗ്രാമിങ്ങിനുള്ളവരായിരുന്നു. ഈ ക്വിസിന് ശേഷമാണ് ഈ എട്ടു പേരും സബ് ജില്ലാ ക്യാമ്പിൽ പങ്കേടുക്കേണ്ടവരാണ് എന്ന് മനസ്സിലായത്. ആദ്യമൊക്കെ ക്യാമ്പിനെ കുറിച്ച് ആലോചിച്ച് ആശങ്കയുണ്ടായിരുന്നു. കാരണം, ഞങ്ങളുടെ സ്കൂളിലെ ആദ്യ ലിറ്റിൽ കൈറ്റ്സ് ടീമിലെ അംഗങ്ങളായിരുന്നു ഞങ്ങൾ. അതുകൊണ്ട് തന്നെ ഞങ്ങളുടെ ആദ്യത്തെ ക്യാമ്പ് തന്നെ ആയിരുന്നു. ക്യാമ്പ് എങ്ങനെ ആയിരിക്കും എന്നതിനെ കുറിച്ച് ഒരറിവുമുണ്ടായിരുന്നില്ല. അങ്ങനെ ആ ക്യാമ്പും വന്നു. ഞങ്ങൾ 8 പേരും കൃത്യമായിതന്നെ പങ്കെടുത്തു. ഒരു ക്യാമ്പിന്റെ ഘടന എന്തെന്ന് ആദ്യമായി മനസ്സിലാക്കിയത് അന്നായിരുന്നു. പക്ഷെ നിർഭാഗ്യവശാൽ ഞങ്ങൾ 8 പേരിൽ എനിക്ക് മാത്രമേ ക്യാമ്പിൽ സെലക്ഷൻ ലഭിച്ചുള്ളൂ. അത് ഒരു വലിയ വിഷമമായിരുന്നു. ജില്ലാ ക്യാമ്പിലേക്ക് പോകുന്നതിനു മുമ്പുള്ള ഈ ക്യാമ്പിൽ നിന്നാണ് ഞാൻ മോബൈൽ ആപ്പ് ഉണ്ടാക്കാനും SCRATCH – ഉം വിശദമായി പഠിച്ചത്. ജില്ലാ ക്യാമ്പിലോട്ട് പോകുന്നു എന്നറിഞ്ഞതു ആശങ്ക വീണ്ടും ഉയർന്നു. എന്തിനാണ് ആശങ്ക എന്ന് ചോദിച്ചാൽ എനിക്ക് അറിയില്ല. കാരണം ആദ്യമായിട്ടാണ് ഒരു ജില്ലാ ക്യാമ്പിലേക്ക് എനിക്ക് സെലക്ഷൻ കിട്ടുന്നത്. അങ്ങനെ ജില്ലാ ക്യാമ്പുമെത്തി. എനിക്ക് നല്ല ഭയം ഉണ്ടായിരുന്നെങ്കിലും അത് പതിയെ മാറി. അവിടേയും കൂട്ടുകാരായി. സിംരാജ് സാറിനെയും രാജീവ് സാറിനെയും കാര്യമായി പരിചയപ്പെട്ടതും അറിഞ്ഞതും അവിടെ വച്ചാണ്.



പാലക്കാട് ബിഗ് ബസാർ സ്കൂളിൽ ആയിരുന്നു രണ്ടു ദിവസം നീണ്ടു നിന്ന ജില്ലാ ക്യാമ്പ്. ക്യാമ്പിന്റെ സമയത്തിന് ശേഷം കുട്ടികളെ പരിചയപ്പെടാനും അറിവ് വളർത്താനും ഒരുപാട് അവസരം കൂടി ലഭിച്ച ക്യാമ്പായിരുന്നു അത്. അവിടെ വച്ചാണ് IOT (Internet Of Things) എന്തെന്ന് അറിഞ്ഞതും പഠിച്ചതും ഓരോന്ന് പുതിയതായി പഠിക്കുമ്പോൾ ഉണ്ടായ കൗതുകം പറഞ്ഞറിയിക്കാനാവാത്ത തായിരുന്നു. കമ്പ്യൂട്ടറിൽ മാത്രം പ്രവർത്തിച്ചിരുന്ന പ്രോഗ്രാമുകൾ Raspberry pi-യിലൂടെ

പുറത്തെത്തിക്കാനും പഠിക്കുകയുണ്ടായി. അന്ന് മുതൽ എന്റെ ആഗ്രഹം Robotics എന്ന മേഖലയിലേക്ക്തിരിഞ്ഞു. ഒടുവിൽ ആ ക്യാമ്പ് വിടുമ്പോഴും അന്നത്തെ സെലക്ഷനെ പറ്റി വലിയ പേടിയുണ്ടായിരുന്നു ഭാഗ്യവശാൽ എനിക്ക് സ്റ്റേറ്റ് ക്യാമ്പിലേക്കും സെലക്ഷൻ കിട്ടി. അന്നത്തെ സന്തോഷം ഇന്നും പറഞ്ഞറിയിക്കാനാ വാത്തതാണ്.

പിന്നീടങ്ങോട്ടുള്ള എന്റെ പോക്കിൽ ഒരു പാട് പേരുടെ കൈത്താങ്ങുണ്ടായിരുന്നു. സ്റ്റേറ്റ് ക്യാമ്പിലേക്ക് ഒരു project ചെയ്യണമായിരുന്നു. അത് പഠിക്കാൻ മൂന്ന മാസത്തിലധികം സമയവും സ്കൂളിൽ നിന്നും ലാപ്പ്ടോപ്പും എല്ലാം നൽകി യിരുന്നു. ഒടുവിൽ State camp എത്തി.



എറണാംകുളത്താണ് . രാവിലെ അഞ്ചുമണിക്ക് പോകണമെന്നും പാലക്കാട് നിന്നറിയിച്ചു.രാവിലെ അഞ്ചുമണിക്ക് ടീമിനൊപ്പം ചെരുക എന്നത് എന്റെ നാട്ടിൽ നിന്ന് കഴിയാത്തൊരു കാര്യമാണ്. അതിനാൽ സണ്ണി സാറിന്റെ വീട്ടിലായിരുന്നു താമസം. അങ്ങനെ എല്ലാ കാര്യങ്ങളും സജ്ജമായി. ഞാൻ ക്യാമ്പിലെത്തി. ജില്ലാ ക്യാമ്പിൽ നിന്നും പരിചയപ്പെട്ട റനാനേറ്റാന്റേയും നിധിന്റേയും കൂടെയായിരുന്നു ഞാൻ. ഒടുവിൽ സ്റ്റാർട്ട്അപ് മിഷനിലെത്തി. ഇതുവരെ കണ്ടിട്ടില്ലാത്ത ഒരു കമ്പ്യൂട്ടർ ലോകമായിരുന്നു അത്.

എന്റെ സങ്കൽപ്പങ്ങൾക്കും കാഴ്ച്ചപ്പാടുകൾക്കുമപ്പുറം കമ്പ്യൂട്ടറിന്റെ ഒരു ലോകത്തേയ്ക്ക് സ്റ്റാർട്ട് അപ്പ് മിഷൻ ഞങ്ങളെ കൂട്ടിക്കൊണ്ടു പോയി. ആദ്യ ദിവസം രാവിലെ Project Exhibition ആയിരുന്നു. അതിനു ശേഷം AI – യുടെ കരിയർ ഗൈഡൻസ് ക്ലാസ്സും ലഭിച്ചു. ഉദ്ഘാടന സെക്ഷനിൽ വിദ്യബ്യാസ മന്ത്രി ശ്രീ. രവീന്ദ്രനാഥ് സർ സംസാരിച്ചു. ഞങ്ങൾക്ക് അവർ നല്ല താമസസ്ഥലങ്ങളും ഭക്ഷണവും ഏർ പ്പാടാക്കിത്തന്നു. അവിടെ ഉണ്ടായിരുന്ന ലാബും Maker Village – മെല്ലാം ചുറ്റി സഞ്ചരിച്ചപ്പോഴേക്കും ഒന്നാം ദിവസം പൂർണമായി. ആ ദിവസം മുഴുവൻ ശക്തമായ മഴ പെയ്തിട്ടും അത് മറ്റൊരു പ്രളയത്തിന് കാരണമായിട്ടും ഞങ്ങൾ ഒന്നും അറിഞ്ഞിരുന്നില്ല. കാരണം, അത്രയ്ക്കും വലിയ ആ കെട്ടിടത്തിന്റെ അകത്തേയ്ക്ക് ശബ്ദം വളരെ കുറച്ചായിരുന്നു കേട്ടിരുന്നത്. അതിനാൽ തന്നെ പ്രളയഭീതി കാരണം ക്യാമ്പ് രണ്ടാം ദിനം പിരിച്ചുവിട്ടു. അന്നത്തെ ക്ലാസുകൾ കൂടി കിട്ടണമെന്ന് ഉണ്ടായിരുന്നുവെങ്കിലും നിർഭാഗ്യവശാൽ അത് സാധിച്ചില്ല. ഒരുപാട് സ്വപ്നങ്ങൾക്കൊടുവിൽ സ്റ്റേറ്റ് ക്യാമ്പും കഴിഞ്ഞു. മറ്റു കുട്ടികൾ ചെയ്ത പ്രൊജക്ടുകൾ കണ്ടും പഠിച്ചും എനിക്ക് പുതിയ അറിവുകൾ നേടാനായി. ഇതിന് എന്നെ സഹായിച്ചവർ ഒരുപാടുണ്ട്. അവരോടെല്ലാം എന്നും അതിന്റെ നന്ദി പ്രകടിപ്പിക്കുവാൻ ഞാൻ ശ്രമിക്കും. എന്റെ സ്കൂളിലെ മറ്റു കുട്ടികൾക്ക് ഈ അറിവുകൾ പകർന്നു കൊടുക്കണം എന്നതാണ് എന്റെ അടുത്ത ലക്ഷ്യം.







കവിത

*ഹരിദാസൻ . പി / അധ്യാപകൻ*



# ഔട്ട്പേഷ്യന്റ്

പുറം രോഗികൾ ഇരിക്കുന്ന
ചുവന്ന കസേരയിൽ
അടക്കിപ്പിടിച്ച മൗനത്തിനിടയിൽ
ജന്മാന്തര ബന്ധത്തിന്റെ സുകൃതം നുണഞ്ഞ്
ഞാനും നീയും

അടർന്നുവീണ വാക്കുകളിൽ
ഒളിപ്പിച്ചു വച്ച വിങ്ങലുകൾ
പ്രതീക്ഷകൾ സ്വപ്നങ്ങൾ
കടമ മറക്കാത്ത കടപ്പാടുകൾ
ഡിസ്‌പ്ലേ ബോഡിലെ

കറുത്ത പശ്ചാത്തലത്തിൽ തെളിയുന്ന
ചുവന്ന അക്കങ്ങളുടെ ജനനവും
മരണവും കാത്തു നിന്നു
വാതിൽ പാളിയുടെ ഞെരക്കങ്ങൾ
വിൽചെയർ, സ്ട്രെക്ച്ചർ...
അടുത്തിരിക്കുന്ന ആളിന്റെ
മൊബൈൽ ഫോൺ
ഉച്ചത്തിൽ നിലവിളിക്കുന്ന
നിർത്താതെയുള്ള വർത്തമാനം
അടക്കിപ്പിടിച്ച സംസാരം
ഫാനിൽ നിന്നും ഉഷ്ണം പിടിച്ച കാറ്റ്
എല്ലാം മുന്നിലൂടെ ഒഴുകുന്ന സമയനദിയിൽ
സ്വയം ഒഴുകികൊണ്ടിരിക്കുന്നു.
കൂടെ നാം രണ്ടു പേരും!..




ആസ്വാദനകുറിപ്പ്
അസ്‌ലഹ.വി.പി/7 B

# ഒരു മനുഷ്യൻ

വൈക്കം മുഹമ്മദ് ബഷീർ എഴുതിയ ഒരു 'മനുഷ്യൻ" എന്ന കഥ എത്ര മനോഹരമാണ്. നാം അറിയാത്ത, ആരോടും പരിചയമില്ലാത്ത സ്ഥലത്ത് എത്തിപ്പെട്ടാൽ നാം എന്തു ചെയ്യും? ആ സ്ഥലമാണെങ്കിലോ കൊലയും പോക്കറ്റടിയും ആരുടെ മുഖത്തും ഒരു ദയയുമില്ലാത്ത നാട്. ഈ കഥയിൽ അങ്ങിനെ ഒരു സ്ഥലത്ത് എത്തിപ്പെട്ട് അതിൽ ഒരു പ്രശ്നത്തിൽ കുടുങ്ങിയ ബഷീറിന്റെ കഥയാണ് പറയുന്നത്. ഈ നാട്ടിലാണെങ്കിൽ പണത്തിന് എല്ലാവർക്കും വലിയ കാര്യമാണ്. പണത്തിന് വേണ്ടി സ്വന്തം കൂട്ടുകാരെ അടക്കം പറ്റിക്കുകയോ അല്ലെങ്കിൽ കൊല്ലുകയോ ചെയ്യുന്നവരാണ്. അവിടെയുള്ളവർ പരമ്പരാഗതമായി പട്ടാളക്കാരാണ്.

ബഷീർ അവിടെ ഒരു വൃത്തികെട്ട തെരുവിൽ വളരെ വൃത്തികെട്ടതും വളരെ ചെറിയതുമായ ഒരു മുറിയിൽ താമസിച്ചു വരുകയായിരുന്നു. രാത്രി 9:30 മുതൽ 11:00 മണി വരെ കുറേ വിദേശികളായ തൊഴിലാളികളെ ഇംഗ്ലീഷ് പഠിപ്പിക്കുക. അഡ്രസ്സ് എഴുതൽ മാത്രമാണ് ബഷീറിന്റെ ജോലി. ഈ അഡ്രസ്സ് എഴുതാൻ പഠിപ്പിക്കലും അവിടുത്തെ വലിയൊരു വിദ്യാഭ്യാസത്തിന്റെ ഭാഗമാണ്.

ഒരു ദിവസം പകൽ നാലുമണിക്ക് ബഷീർ തന്റെ കോട്ടും ഷൂസും എല്ലാം ധരിച്ച് പുറത്തിറങ്ങി. ബഷീർ അങ്ങനെ ജനക്കൂട്ടത്തിന്റെ ഇടയിലൂടെ തിക്കിത്തിരക്കി ഒരു ഹോട്ടലിന്റെ മുമ്പിലെത്തി. കോട്ടിന്റെ പോക്കറ്റിൽ ഒരു പേഴ്സും ഉണ്ട്. അതിൽ പതിനാലു രൂപയും അങ്ങിനെ ഹോട്ടലിൽ കയറി വയറു നിറയെ ഭക്ഷണം കഴിച്ചു ഏതാണ്ട് മുക്കാൽ രൂപയോളം ആയി. ഹോട്ടലിൽ പൈസ കൊടുക്കാനായി കോട്ടിന്റെ പോക്കറ്റിൽ കൈയ്യിട്ടപ്പോൾ പേഴ്സ് കാണാനില്ല. ബഷീർ കാര്യം



ഹോട്ടൽക്കാരനോട് പറഞ്ഞു. ഹോട്ടൽകാരൻ എല്ലാവരും കേൾക്കത്തക്കവിധം ചിരിച്ചുകൊണ്ട് ധരിച്ചതെല്ലാം ഊരാൻ പറഞ്ഞു. ബഷീർ ആകെ വിയർത്തു. ബഷീർ എല്ലാവരുടെയും മുഖത്ത് നോക്കി. ആരുടെയും മുഖത്ത് ഒരു ദയയുമില്ലായിരുന്നു. അങ്ങിനെ എല്ലാം ഊരി ബാക്കി ട്രൗസർ മാത്രമായി. അങ്ങിനെ അതും അഴിക്കാൻ പറഞ്ഞപ്പോൾ പിന്നിൽ നിന്നും ഒരാൾ പറഞ്ഞു അഴിക്കേണ്ട ഞാൻ പണം തരാം. ബഷീർ ആകെ അത്ഭുതപ്പെട്ടു. ഞാൻ ഇതു വരെ സംസാരിക്കാത്ത കണ്ടിട്ടുപോലുമില്ലാത്ത ഇയാൾക്ക് എന്തിന് എന്നെ സഹായിക്കണം എന്ന് തോന്നിപ്പോയി ബഷീറിന്. അവസാനം പേഴ്സ് മോഷ്ടിച്ച ആള് തന്നെയാണ് തന്നെ സഹായിച്ചതുമെന്ന് ബഷീർ മനസ്സിലാക്കി.



*കവിത*
*ജലജ നമ്പ്യാർ*

# അടുക്കളയും ഞാനും

ഇവളെന്റെ ആത്മസഖി
വേഷപ്പകർച്ചയുടെ
അവസ്ഥാന്തരങ്ങളാൽ
മായക്കാഴ്ചകളിലേക്ക്
മാന്ത്രികച്ചിറകിലേറ്റുന്നവൾ
നിദ്രയുടെ ഊഞ്ഞാൽക്കരങ്ങളിൽ

വീടും പ്രിയരും ചുക്കംകുതിച്ചാടുന്ന
പുലർയാമങ്ങളിൽ
ചതുരനീളവട്ടപ്പാത്രങ്ങളുതിർക്കും
സ്വരരാഗസുധയിൽ
കുച്ചിപ്പുടിയുമൊഢീസിയും
കോലാട്ടവും തിരുവാതിര
നാടോടിനൃത്തവും ആടിത്തകർക്കുന്ന നേരം
ഭക്തമീരയായിവൾ ചടുലതാളം പകരുന്നു.....
നാമജപത്തിന്നഗ്നിവിശുദ്ധിയിൽ
തിളച്ചുവേവുന്ന സുഗന്ധങ്ങൾക്കൊപ്പം
പാകമാവുന്ന കവിതകൾ
വിസ്മൃതിക്ക് നേദിക്കാതെ
പുസ്തകത്താളിൽ
മയിൽപ്പീലിയാക്കാൻ
ഓർമ്മിപ്പിക്കുന്നവൾ !
ചുമരലമാരയുടെ ചില്ലുപാളികളിൽ
കണ്ണനും ദേവിയും പരിഭവച്ചിരി
പൊഴിക്കവേ
കീർത്തനങ്ങൾ പാടിച്ച്
പൂജാമുറിയാകുന്നതുമിവൾ....
ഏകാഗ്രപൂർണ്ണമനത്താൽ
ചെയ്യുന്നതൊക്കെയും പൂജയെന്നോതി
ധ്യാനാത്മകതയുടെ വാതായനങ്ങൾ
തുറക്കുന്ന ആത്മീയഗുരുവുമിവൾ
ചില്ലുജാലകത്തിനപ്പുറം തെളിയുന്ന
പഞ്ഞിമേഘക്കൂട്ടങ്ങളിൽ
പ്രിയവദനങ്ങൾ ദൃശ്യമാക്കുന്നവൾ
ടീച്ചറോർമ്മയിൽ പ്രാതൽമറന്നോടവേ
അസുഖം വരുത്തല്ലേയെന്നോർമ്മിപ്പി
ക്കുമമ്മയുമിവൾ.....
പകലിൻ വിരഹത്തിനൊടുവിലെ
സായാഹ്നസംഗമത്തിൽ
ആലിംഗനത്തിലമർത്തും
പരിഭവക്കാരി.....
രാവേറെച്ചെന്നനേരം
മാർബിൾ കവിളുകളിലോടുന്നയെൻ
കരങ്ങളോട് നിർത്തുക സഖീ
നിദ്രക്കുറവാൽ കാന്തി കളയല്ലേയെന്ന്
താക്കീത് !
പാതിമയക്കത്തിൻ
നീലവാനിലൊഴുകവേ
രാവിലത്തെ പുട്ടിന് കടലയെവിടേന്ന്
കമ്പിയില്ലാക്കമ്പി
കണ്ണിറുക്കിച്ചിരിയുമായ്
നിദ്രാഭംഗത്തിന് ക്ഷമാർപ്പണം
ദീർഘതാളവും മധ്യതാളവും
ദ്രുതതാളവും തീർത്ത്
ഇണങ്ങിപ്പിണങ്ങിക്കിന്നാരമോതി
സൗഹൃദത്തിന്നാഴങ്ങളിലേക്ക്...........





*കവിത*

*നിഷാരാജ് / അദ്ധ്യാപിക*

# നിമിഷാർദ്ധങ്ങൾ വേദനിക്കുമ്പോൾ





അശ്രുക്കൾ പൊഴിയുമ്പോൾ
ആത്മാവിന്റെ മഴവില്ലഴക്
പെയ്യൊഴിയാത്ത മേഘങ്ങൾ വീണ്ടും
ആർദ്രമീ നിമിഷങ്ങൾ സ്വത്വത്തെ
പുൽകുമ്പോൾ,
നിഴലുകൾ ചിന്തകൾക്ക് മേൽ
ആധിപത്യം സ്ഥാപിക്കുന്നു.
വ്യഥകൾ തീർത്ത മുൾപ്പടർപ്പിൽ നിന്നും
അനന്തതയിലേക്ക് നിപതിക്കുന്നുവോ?.
നിഗൂഢതകൾ തീർത്ത വേലിക്കെട്ടിനുള്ളിൽ
സ്വപ്നങ്ങൾ മരീചിക തീർക്കുന്നുവോ?.
ദർശിക്കുന്നു ഞാൻ,
ആളിപ്പടരാതെ അമരുന്ന
അഗ്നിസ്ഫുലിംഗങ്ങളെ ,
പറക്കാനാവാത്ത ശുകം പോലെ
അത്ഭുതക്കാഴ്ചകളുടെ അടിമ
തീരാദു:ഖങ്ങൾ തുടർക്കഥയാവുമ്പോൾ
കറുപ്പിനും വെളുപ്പിനുമിടയിൽ
സ്വത്വം അഭയം പ്രാപിക്കുന്നു,
വേനലിന്റെ താളം കാത്തിരിക്കുന്നു,
വാകമരങ്ങൾ ചുവക്കാതിരിക്കില്ല.



ലേഖനം
*ടി.പി.രാമൻകുട്ടി / അധ്യാപകൻ*

# പൊതു വിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങൾ

പൊതു വിദ്യാഭ്യാസ മേഖല ഉണർവ്വിന്റെ പാതയിലാണ്. ആരോഗ്യം, വിദ്യാഭ്യാസം, സാമൂഹ്യക്ഷേമം, അടിസ്ഥാന വികസനം തുടങ്ങിയ കാര്യങ്ങളിൽ വലിയ പ്രാധാന്യമാണ് കേരളീയ സമൂഹം നൽകി വരുന്നത്. അതുകൊണ്ടു തന്നെ ആഗോളതലത്തിൽ ശ്രദ്ധിക്കപ്പെടുന്ന ഒന്നായി കേരളത്തിന്റെ വികസന മാതൃക മാറിയിരിക്കുന്നു. കേരളത്തിന്റെ എല്ലാ നേട്ടങ്ങൾക്കും അടിത്തറയിട്ടത് കേരളത്തിലെ പൊതു വിദ്യാലയങ്ങളാണ്. ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളിൽ നിന്നും വ്യത്യസ്തമായ ഒരു സാഹചര്യമാണ് കേരളീയ വിദ്യാഭ്യാസ മേഖലയിൽ നിലനിൽക്കുന്നത്. ജാതിക്കും മതത്തിനും അതീതമായി മറ്റു സാമ്പത്തിക വിവേചനങ്ങളുമില്ലാതെ എല്ലാവർക്കും വിദ്യാഭ്യാസത്തിന് അവസരമൊരുക്കുന്ന ഇടങ്ങളാണ് കേരളത്തിലെ പൊതു വിദ്യാഭ്യാസ മേഖല. അതുകൊണ്ടു തന്നെ ഉയർന്ന രീതിയിലുള്ള മതേതരത്വ ബോധവും, ജനാധിപത്യ മൂല്യങ്ങളും ഉയർത്തിപ്പിടിക്കുന്ന ഒരു സമൂഹമായി കേരളം മാറിയിരിക്കുന്നു.

1990 കളിൽ 1 മുതൽ 10 വരെ ക്ലാസുകളിലായി 59 ലക്ഷം കുട്ടികൾ പൊതു വിദ്യാലയങ്ങളിൽ പ്രവേശനം നേടിയിരുന്നെങ്കിൽ പിന്നീടുള്ള വർഷങ്ങളിലായി, പല കാരണങ്ങൾ കൊണ്ട് പൊതു വിദ്യാലയങ്ങളിൽ തുടർച്ചയായി കുട്ടികൾ കുറഞ്ഞു വരുന്ന ഒരവസ്ഥയാണ് നാം കണ്ടിരുന്നത്. ഇത് കേരളത്തിലെ സാമൂഹ്യ മേഖലയിൽ വലിയ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കും എന്ന കാര്യത്തിൽ യാതൊരു സംശയവും ഇല്ല. ഇത്തരമൊരു സാഹചര്യത്തിലാണ് സംസ്ഥാന ഗവൺമെന്റിന്റെ 4 മിഷനുകളിലൊന്നായ പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം നമ്മുടെ വിദ്യാഭ്യാസ മേഖലയിൽ സർക്കാർ നടപ്പിലാക്കാൻ തീരുമാനിക്കുന്നത്. ഇതിന്റെ ഭാഗമായി ചരിത്രപരമായ മുന്നേറ്റമാണ് കഴിഞ്ഞ 3 വർഷത്തിനിടയിൽ നമ്മുടെ മേഖലയിൽ ഉണ്ടായിട്ടുള്ളത്. "ഗുണമേന്മയുള്ള വിദ്യാഭ്യാസം എല്ലാ കുട്ടികളുടെയും അവകാശം" എന്ന കാഴ്ച്ചപ്പാട് മുന്നോട്ടു വെച്ചുകൊണ്ട് പൊതു വിദ്യാഭ്യാസ മേഖലയിൽ നടത്തുന്ന ധീരമായ ഇടപെടലുകൾ ഫലം കണ്ടു തുടങ്ങിയിരിക്കുന്നു.

## "ഗുണമേന്മയുള്ള വിദ്യാഭ്യാസം എല്ലാ കുട്ടികളുടെയും അവകാശം"

കേരളത്തിലെ എല്ലാ നേട്ടങ്ങൾക്കും അടിത്തറയിട്ട പൊതു വിദ്യാലയങ്ങൾ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്താൻ ലക്ഷ്യമിട്ടാണ് ഇത്തരമൊരു യജ്ഞം നടപ്പാക്കുന്നത്. 5 വർഷത്തിനുള്ളിൽ 7500 കോടി രൂപ ഈ മേഖലയിൽ നിക്ഷേപിക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. അതിന്റെ ഭാഗമായി 8 മുതൽ 12 വരെയുള്ള ക്ലാസുകളിലായി 45000 ക്ലാസ് മുറികൾ ഹൈടെക്ക് ആയി. 1 മുതൽ 7 വരെ ക്ലാസുകളിലായി കുട്ടികളുടെ എണ്ണവും ക്ലാസുകളും പരിഗണിച്ചു കൊണ്ട് ഈ വർഷം അവർക്ക് ഹൈടെക്ക് ഉപകരണങ്ങൾ വിതരണം ചെയ്തു കഴിഞ്ഞു. കേരളത്തിലെ എല്ലാ വിദ്യാലയങ്ങൾക്കും ഗവൺമെന്റ് എയ്ഡഡ് പരിഗണനയില്ലാതെയാണ് സാമഗ്രികൾ വിതരണം ചെയ്തത്. ഇത്തരം ക്ലാസുകളെ നവീകരിക്കുന്നതിൽ സർക്കാരിനൊപ്പം നിന്നു കൊണ്ട് ഇവിടുത്തെ തദ്ദേശ

സ്വയം ഭരണസ്ഥാപനങ്ങളും, ജന പ്രതിനിധികളും



പൂർവ്വ വിദ്യാർത്ഥികളും, അധ്യാപകരും രക്ഷിതാക്കളും പൊതു സമൂഹവും ഒത്തു ചേർന്ന എന്നുള്ളത് ഈ പദ്ധതിയുടെ പ്രാധാന്യം കൂടുതൽ മഹത്തരമാക്കുന്നു. വിദ്യാലയങ്ങൾ ഹൈടെക്ക് ആകുന്നതോടൊപ്പം തന്നെ സർക്കാർ എയ്ഡഡ് വിദ്യാലയങ്ങളെ ജനകീയമായി വികസിപ്പിച്ച് ഏറ്റവും ആകർഷകമാക്കുകയും അക്കാദമിക്ക് മികവും അക്കാദമിക്ക് ഇതര മികവും പരമാവധി കൊണ്ടു വരുകയാണ് സർക്കാർ ലക്ഷ്യമിടുന്നത്. ഒപ്പം മതനിരപേക്ഷ മൂല്യങ്ങൾ ഉറപ്പു വരുത്താനും കഴിയണം.

പദ്ധതിയുടെ ഭാഗമായി എല്ലാ നിയമസഭാ മണ്ഡലത്തിലും ഓരോ അന്താരാഷ്ട്ര നിലവാരത്തിലുള്ള വിദ്യാലയം.14,096 സർക്കാർ എയ്ഡഡ് വിദ്യാലയങ്ങൾക്ക് ബ്രോഡ് ബാന്റ് ഇന്റർനെറ്റ് കണക്ഷൻ, പഠിക്കാൻ ഡിജിറ്റൽ സാമഗ്രികൾ, ജൈവ വൈവിധ്യ പാർക്കുകൾ എയ്ഡഡ് വിദ്യാലയങ്ങൾക്ക് ചലഞ്ച് ഫണ്ട്; 1000 ത്തിൽ കൂടുതൽ കുട്ടികൾ ഉള്ള വിദ്യാലയങ്ങൾക്ക് സ്കൂൾ വികസനത്തിന് മൂന്നു കോടി രൂപ വീതം പ്രഖ്യാപിച്ച പദ്ധതിയിൽ ആദ്യ ഘട്ടം തെരഞ്ഞെടുത്തത് 166 എണ്ണമാണ്. ഇതിൽ പല വിദ്യാലയങ്ങളുടെയും പണി പൂർത്തീകരിക്കുകയോ, പ്രവൃത്തി നടന്നു കൊണ്ടിരിക്കുകയോ ആണ്. 500 നും 1000 ത്തിനും ഇടയ്ക്ക് കുട്ടികൾ ഉള്ള വിദ്യാലയങ്ങൾക്ക് 1 കോടി വീതമാണ് പ്രഖ്യാപിച്ചിരിക്കുന്നത്. ഇതിൽ 446 വിദ്യാലയങ്ങൾക്ക് ഭരണാനുമതിയായി. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കാണ് നിർമാണ ചുമതല. പല ഘട്ടങ്ങളിലായി 966 വിദ്യാലയങ്ങളുടെ നിർമാണം പുരോഗമിക്കുന്നു.

പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ നേട്ടങ്ങൾ നമ്മുടെ വിദ്യാലയങ്ങളിലും പ്രകടമാണ്. പുതിയ കെട്ടിട സമുച്ചയങ്ങൾ നിർമ്മിക്കുന്നതിനായി 3 കോടി 42 ലക്ഷം അനുവദിക്കുകയുണ്ടായി. ഇതിന്റെ ടെന്റർ നടപടികൾ പൂർത്തിയായി കഴിഞ്ഞു. സ്മാർട്ട് ക്ലാസ്സ് മുറികൾ സജ്ജീകരിക്കു ന്നതിനും, കമ്പ്യൂട്ടർ ലാബിലേക്കുമായി 62 ലാപ്ടോപ്പുകൾ, 31 പ്രോജക്റ്ററുകൾ, 2 പ്രിന്റർ, എൽ ഇ ഡി ടെലിവിഷൻ 43 ഇഞ്ച് - 2 എണ്ണം, ഡി എസ് എൽ ആർ ക്യാമറ – 2 എണ്ണം, മൾട്ടി ഫങ്ഷണൽ പ്രിന്റർ തുടങ്ങിയവയും യു.പി ക്ലാസുകൾക്കായി 9 ലാപ്പ്ടോപ്പ്, 9 സ്പ്പീക്കർ, 3 പ്രോജക്റ്ററും ഈ പദ്ധതി പ്രകാരം ലഭിക്കുകയുണ്ടായി. ബഹുമാനപ്പെട്ട പട്ടാമ്പി എം എൽ എ യുടെ ആസ്തിവികസന ഫണ്ടിൽ നിന്ന് മറ്റു വിദ്യാലയങ്ങൾchild hood memories illustrations ക്കു ലഭിച്ചതു പോലെ നമുക്കും ഒരു ബസ്സ് അനുവദിക്കുകയുണ്ടായി.



ഹയർ സെക്കന്ററി വിഭാഗത്തിലെ എല്ലാ ക്ലാസുകളും സ്മാർട്ട് ആയി മാറി. മാറിയ കാലഘട്ടത്തിനനുസൃതമായി അക്കാദമിക്ക് രംഗത്തെ ഗുണമേന്മ ലക്ഷ്യമിട്ടു കൊണ്ട് ഇത്രയധികം സഹായങ്ങൾ ലഭിക്കുന്നത് നമ്മുടെ വിദ്യാലയത്തിന്റെ ഒരു ചരിത്ര നേട്ടം തന്നെയാണ്.

സാമ്പത്തിക പ്രതിസന്ധികൾക്കിടയിലും പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ പ്രവർത്തനങ്ങൾ മുടക്കമില്ലാതെ പുരോഗമിക്കുന്നു. പൊതു വിദ്യാഭ്യാസ മേഖലയിൽ വന്ന ഈ പുത്തനുണർവ്വ്, പൊതു വിദ്യാഭ്യാസ സ്ഥാപനങ്ങളോട് പൊതു ജനങ്ങൾക്ക് കൂടുതൽ വിശ്വാസ്യതയും താൽപ്പര്യവും

ഉണ്ടാക്കാൻ കാരണമായിട്ടുണ്ട്. ഇതിന്റെ ഏറ്റവും പ്രധാനപ്പെട്ട തെളിവാണ് കഴിഞ്ഞ 3 വർഷത്തിനുള്ളിൽ പൊതു വിദ്യാലയങ്ങളിലേയ്ക്ക് വന്ന കുട്ടികളുടെ എണ്ണം സൂചിപ്പിക്കുന്നത്.



## ഹൈടെക് സ്കൂൾ ലാബുകൾക്ക് 16,500 ലാപ്ടോപ്പുകൾകൂടി

**തിരുവനന്തപുരം** ▸ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി 'കൈറ്റ്' നടപ്പാക്കിയ ഹൈടെക് സ്കൂൾ ലാബുകളിലേക്ക് 16,500 ലാപ്ടോപ്പുകൾ കൂടി ലഭ്യമാക്കും.

ഒന്നുമുതൽ പന്ത്രണ്ടുവരെ ക്ലാസുകൾക്ക് ഇതുവരെ നൽകിയ 1,17,723 ലാപ്ടോപ്പുകൾക്ക് പുറമേയാണിത്. നിലവിൽ കംപ്യൂട്ടർ ലാബുകൾ നന്നായി സജ്ജീകരിച്ചിട്ടുള്ള സ്കൂളുകളിൽ ആവശ്യകതയ്ക്കനുസരിച്ചായിരിക്കും ലാപ്ടോപ്പുകൾ അനുവദിക്കുക.

ഹൈടെക് സ്കൂൾ-ഹൈടെക് ലാബ് പദ്ധതികളുടെ ഭാഗമായി കിഫ്ബി സഹായധനത്തോടെ 99,141 സ്പീക്കറുകൾ, 68,609 പ്രൊജക്ടറുകൾ, 43,250 മൗണ്ടിങ് കിറ്റുകൾ, 23,098 സ്ക്രീനുകൾ, 43 ഇഞ്ചിന്റെ 4545 എൽ.ഇ.ഡി. ടെലിവിഷനുകൾ, 4611 മൾട്ടിഫങ്ഷൻ പ്രിന്ററുകൾ, 4578 ഡി.എസ്.എൽ.ആർ. ക്യാമറകൾ, 4720 എച്ച്.ഡി. വെബ്ക്യാം തുടങ്ങിയവയും സ്കൂളുകൾക്ക് ലഭ്യമാക്കിയിട്ടുണ്ട്.

ഹൈടെക് സ്കൂൾ പദ്ധതിയുടെ ഭാഗമായി 544 സ്കൂളുകളിലേക്കുള്ള ലാപ്ടോപ്പുകളും പ്രൊജക്ടറുകളും മൗണ്ടിങ് കിറ്റുകളും ജനുവരി 27 മുതൽ കൈറ്റിന്റെ ജില്ലാ കേന്ദ്രങ്ങൾ വഴി വിതരണം ചെയ്യും. ഒരു ഡിവിഷനിൽ ഏഴ് കുട്ടികളിൽ താഴെയുള്ള 1359 പ്രൈമറി വിഭാഗം സ്കൂളുകളിലും കിഫ്ബി സഹായധനത്തോടെ ഉപകരണങ്ങൾ ലഭ്യമാക്കാൻ മന്ത്രി പ്രൊഫ. സി. രവീന്ദ്രനാഥ് നിർദേശിച്ചിട്ടുണ്ട്. ഫെബ്രുവരിയിൽ ഇത് പൂർത്തിയാക്കുമെന്ന് കൈറ്റ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അൻവർ സാദത്ത് പറഞ്ഞു.

ഈ അധ്യയന വർഷം വന്ന 1,63,558 പുതിയ കുട്ടികൾ ഉൾപ്പടെ കഴിഞ്ഞ 3 വർഷങ്ങളിലായി പൊതു വിദ്യാലയങ്ങളിൽ 5,04,851 കുട്ടികളുടെ ആകെ വർദ്ധനവുണ്ടായി. എന്നാൽ അൺ എയ്ഡഡ് മേഖലയിൽ കുട്ടികൾ കുറഞ്ഞു കൊണ്ടേയിരിക്കുന്നു. ഈ വർഷം മാത്രം 38000 കുട്ടികൾ അൺ എയ്ഡഡ് മേഖലയിൽ കുറഞ്ഞു.

സർക്കാർ - എയ്ഡഡ് വിദ്യാലയങ്ങളെ അടിസ്ഥാന സൗകര്യങ്ങളുടെ കാര്യത്തിലും, ഗുണ നിലവാരത്തിന്റെ കാര്യത്തിലും പരിഹസിച്ചിരുന്നവർ ഇപ്പോൾ മാറിച്ചിന്തിക്കുന്നൊരവസ്ഥ സംജാതമായിരിക്കുന്നു. അടച്ചു പൂട്ടലിന്റെ വക്കിലായിരുന്നകാലത്തു നിന്നും കേരളത്തിലെ വിദ്യാഭ്യാസ മേഖല അതിവേഗം മുന്നേറിയെന്ന് പൊതു വിദ്യാഭ്യാസ രംഗത്തെ മാറ്റങ്ങളെ കുറിച്ച് ഒരു ദേശീയ ദിനപത്രത്തിലെ "പൊതു വിദ്യാലയങ്ങളിലെ നിശ്ശബ്ദ വിപ്ലവം" എന്ന തലക്കെട്ടിലുള്ള മുഖ



പ്രസംഗം ഇക്കാര്യം അടിവരയിടുന്നു. ഈ മുന്നേറ്റത്തെ നമുക്ക് നില നിർത്തേണ്ടതുണ്ട്. പൊതു വിദ്യാലയങ്ങളോട് സമൂഹം കാണിക്കുന്ന ആഭിമുഖ്യം, അധ്യാപകരായ നമ്മുടെ കടമയും ഉത്തരവാദിത്തവും വർദ്ധിപ്പിക്കുന്നു എന്ന തോന്നൽ നമുക്ക് ഉണ്ടാവേണ്ടതുണ്ട്. അടിസ്ഥാന വികസനത്തിന്റെ കാര്യത്തിൽ മാത്രമല്ല ഗുണ നിലവാരത്തിന്റെ കാര്യത്തിലും നാം നിതാന്ത ജാഗ്രത പുലർത്തേണ്ടതുണ്ട്. അതു പോലെ വിവിധ കാരണങ്ങളാൽ പഠന പിന്നോക്കാവസ്ഥ നേരിടുന്ന കുട്ടികളെ മറ്റു കുട്ടികളോടൊപ്പം മുൻനിരയിൽ എത്തിക്കാനുള്ള വിവിധ പദ്ധതികളിലും നാം സജീവമായി ഇടപെട്ടെങ്കിൽ മാത്രമെ നമ്മുടെ വിദ്യാഭ്യാസ പ്രവർത്തനം പൂർണ്ണമാകൂ.

**പട്ടാമ്പി എം.എൽ.എ.ശ്രീ.മുഹമ്മദ് മുഹ്സിൻ അദ്ദേഹത്തിന്റെ പ്രാദേശിക വികസന ഫണ്ടിൽ നിന്നും സ്കൂളുകൾക്ക് അനുവദിച്ച സ്കൂൾ ബസ്സുകളുടെ ഫ്ളാഗ് ഓഫ് ചടങ്ങിൽ വെച്ച് ബഹുമാനപ്പെട്ട കേരള വിദ്യാഭ്യാസ മന്ത്രി ശ്രീ.സി.രവീന്ദ്രനാഥ് ജനകീയ വിദ്യാഭ്യാസത്തിന്റെ പ്രാധാന്യത്തെ വിശദീകരിക്കുന്നു.**



സി.രവീന്ദ്രനാഥ്

# THE PAST TEN YEARS ......

*The glory of the morning sun*
*Amidst the past and Golden fun.*
*The memories, my dear, thy brought!*
*The struggles and giggles, we fought.*

*For the past ten years, plenty of memories*
*I still live in, not fond your berries*
*promised ? From mountains,you shall bring*
*The Russian blue berries,by taste, be the king*

*But oh! Darling, the wings of love, you're widened*
*from nothingness to peak, enlightened*
*How ugly, was I cried!*
*The past ten years , you lied !*

*"My dear , lets go far beyond the stars !*
*No man, believe !, will ever find us from Mars*
*At the depth of emptiness*
*I promise! Will wrap you with happiness*

*lacks of lies and unforgiven promises,I am swollen!*
*So weak with wounds, as I'm hardly fallen*
*From the peak of affectionate love*
*Into the depth of solitude now!*

*My love, all of our pinky promises,*
*The scattered petals of withered roses*
*How shall I, all alone, accomplish?*
*Disastrous good wills and cherish*

*you left me, hatred, no reason*
*Deep into the yellow heaven, last season*
*Behave ! Not so rude but polite*
*you loved me and so I, with might*

*If I was a burden ? You suspect !*
*I'd have ignited my self -respect*
*But uttered no word, was you*
*Throwing me filthy hard, its true*

*show me a reason half unreflected.*
*The happy rays in me,away deflected.*
*Prostrate before the sun, in dilemma , so choose*
*hate me or love me but don't confuse.*

*I regret!not for shedding my love*
*but for begging so harsh oh love !*
*You have left me , for a pretty and lovely bride*
*to make up your tradition's pride !*

*I float solitary in the air*
*with memories you've left, so unfair*
*apart for loving you ,the past ten years*
*I still love you, and for thousand more years*



*ആസ്വാദന കുറിപ്പ്*
*റിഷാനന്ദ്.എം.പി / 6-B*

# സഹോദരശ്രുതി

പ്രശസ്ത കവി പി. എൻ. ദാസൻ എഴുതിയ 'ജീവിത ഗാനം' എന്ന പുസ്തകത്തിലെ വളരെ മനോഹരമായ കഥയാണ് 'സഹോദരശ്രുതി' ജേഷ്ഠാനിയൻമാർ തമ്മിലുള്ള സ്നേഹബന്ധം പ്രമേയമായി വരുന്ന കഥയാണ് സഹോദരശ്രുതി. വളരെ വിശാലമായ ഒരു ഗ്രാമത്തിൽ വിവാഹിതനായ ഇളയ സഹോദരന് നാലഞ്ചു മക്കളുണ്ട്.ഒരു രാത്രി അവിവാഹിതനായ ജേഷ്ഠൻ അനുജന്റെയും കുടുബന്റെയും ഭാവിയെപറ്റി ആലോചിച്ച് ഉറക്കം വരുന്നതേയില്ല. "എന്റെ അനുജനും കുടുംബത്തിനും വേണ്ടത്ര വരുമാനമില്ല.അതുകൊണ്ട് അവനും കുടുബവും ഭാവിയിൽ കഷ്ടപ്പെടും." ഇത് ഓർത്തപ്പോൾ ജേഷ്ഠന് സങ്കടം വന്നു.അന്നു രാത്രി എല്ലാവരും ഉറങ്ങുന്ന നേരം നോക്കി തന്റെ പത്തായത്തിൽ നിന്നും മൂന്ന് നാല് ചാക്കെടുത്ത് നെല്ലെടുത്ത് അനുജന്റെ പത്തായത്തിൽ കൊണ്ട് പോയിട്ടു.അന്നു രാത്രിയിൽ അവിവാഹിതനായ ജേഷ്ഠന്റെ ഭാവിയോർത്തിട്ട് അനുജന് ഉറക്കം വന്നില്ല ."എനിക്ക് മക്കളെങ്കിലും ഉണ്ട്. ഏട്ടന് വയസ്സുകാലത്ത് ആരാണുണ്ടാവുക. വേണ്ടത്ര പണമുണ്ടെങ്കിൽ അതെങ്കിലും പകരമാകും." അന്നു രാത്രി അനുജൻ തന്റെ പത്തായത്തിൽനിന്ന് കുറേ നെല്ലെടുത്ത് ഏട്ടന്റെ പത്തായത്തിൽ കൊണ്ടു പോയി നിറച്ചു. ഇത് ഇടയ്ക്കിടെ രണ്ടുപേരും പരസ്പരമറിയിക്കാതെ ചെയ്ത് കൊണ്ടിരിക്കുന്നു.ഒരു ദിവസം രാത്രി രണ്ടുപേരും ചാക്കുകളിൽ നെല്ലുമായി പത്തായപുരയ്ക്കു നേരെ പോകുമ്പോൾ തമ്മിൽ കണ്ടുമുട്ടി അവരിരുവരും ഒന്നുമുരിയാടാനാവാതെ പരസ്പരം നോക്കി നിന്നു.അവരിരുവരുടെയും കണ്ണുകൾ നിറഞ്ഞൊഴുകി.......... ഇരുവരും മരിച്ച്പോയി കാലമേറെ കഴിഞ്ഞു ഇവരുടെ സഹോദര സ്നേഹത്തിന്റെ കഥ നാട്ടിലൊക്കെ പരന്നു.ആയിടെ ഗ്രാമത്തിലൊരു ദേവാലയം പണിയാനുള്ള ആലോചന നടന്നു.

അതിനു പറ്റിയ സ്ഥലമായി അവർ തിരഞ്ഞെടുത്തത് ഈ സഹോദരൻ നെല്ലു ചാക്കുമായി നടക്കുമ്പോൾ പരസ്പരം കണ്ടുമുട്ടിയ ആ സ്ഥലമായിരുന്നു . നിങ്ങൾ ഈ കഥ കേട്ടില്ലേ അന്നത്തെ കാലത്ത് വളരെ സ്നേഹവും




സന്തോഷവും ആയിരുന്നു. പക്ഷെ ഇന്നത്തെ സമൂഹത്തിൽ ഭൂരിഭാഗവും ഇതിൽ നിന്നും വ്യത്യസ്തമായാണ് കാണുന്നത്. കുടുംബ ബന്ധത്തിന്റെ ഊഷ്മളത ഇല്ലാതായി കൊണ്ടിരിക്കുകയാണ്. കുടുംബത്തിൽ എന്നും അടിയും പിടിയുമാണ്.ഇവരെ പോലെയുള്ള ആളുകളെ പോലെ നമ്മൾ ആകാൻ പാടില്ല. ആ ജേഷ്ഠാനിയൻമാർ തിരഞ്ഞെടുത്ത വഴി നമ്മളും തിരഞ്ഞെടുക്കണം.





Article
Ganga Sunil / 9B

# INFLUENCE OF SOCIAL MEDIA

Nowadays each and everything is at our finger tips. Media influence the young generation positively and negatively .I think media is affecting the minds of youngsters more in a negative way. Social media has a strong impact on our day to day life.

## ***POSITIVES***

### ***COMMUNICATION***

We can communicate to any person at any time. There is no limitation for this.

### ***SEARCH ENGINES***

There are so many search engines such as google, firefox. Etc.. which helps us to get all kindes of information.

### ***ENTERTAINMENT***

There are many channels to promote live entertainment. These sites increase the interaction between people and provide entertainment

### ***INFORMATION HUB***

We get all kind of informations from social media. We can see the whole world through social media.

## ***NEGATIVES***

. Unhealthy sleep patterns
. Cyber bullying
. Depression
. Sexual abuse
. Health problems
. Mental issues



*ചെറുകഥ*

*ഫാത്തിമത്ത് സഹല / 9. F*

# അമ്മ ഇനി സ്വപ്നങ്ങളിൽ മാത്രം

നല്ല മഴയുള്ളൊരു ദിവസമായിരുന്നു അന്ന്. വീടിന്റെ നാല് മൂലകളിൽ നിന്നും ആളുകൾ ഓരോന്നായി പോയി തുടങ്ങി. ഏകാന്തതയുടെ ഇരുട്ടിലേക്ക് ആ അമ്മയും മകനും മെല്ലെ നീങ്ങിത്തുടങ്ങി. അച്ഛന്റെ മരണം താങ്ങാൻ കഴിഞ്ഞില്ല. എങ്ങനെയെങ്കിലും ആ പതിനൊന്ന് വയസ്സുള്ള പൊന്നോമനയെ വളർത്തി വലുതാക്കാൻ ആ അമ്മയ്ക്ക് വാശിയായിരുന്നു. കിട്ടുന്ന ഏത് ജോലിയും ചെയ്യാൻ ആ അമ്മ തയ്യാറായി. അങ്ങനെ പല വീടുകളിലും കടകളിലും ജോലി അന്വേഷിച്ച് പോകാൻ തുടങ്ങി. അമ്മ ഒരു വീട്ടിൽ വേലക്കാരിയായി നിന്ന് മകനെ പഠിപ്പിക്കാൻ തുടങ്ങി. കുറേ കഴിഞ്ഞപ്പോൾ അമ്മയ്ക്ക് എവിടെയും ജോലി കിട്ടാതായി. മകന്റെ ഫീസിനു വേണ്ടി മകൻ അമ്മയോട് പണം ചോദിച്ചു. നിർ ഭാഗ്യവശാൽ ആ മകന് കൊടുക്കാൻ അമ്മയുടെ കയ്യിൽ ഒന്നുമുണ്ടായിരുന്നില്ല. അപ്പോൾ അമ്മ മനസ്സില്ലാ മനസ്സോടെ അമ്മയുടെ താലി മാല വിൽക്കാൻ തയ്യാറായി. അമ്മയുടെ ആകെയുള്ള സമ്പാദ്യമായിരുന്ന ആ മാല അമ്മയ്ക്ക് വിൽ ക്കേണ്ടി വന്നു. അങ്ങനെ മകന്റെ ഫീസ് അടച്ചു. അവരുടെ പക്കലുണ്ടായിരുന്ന പൈസ കുറഞ്ഞ് വരുന്നുണ്ടെന്ന് മനസ്സിലാക്കിയ അമ്മ ജോലിക്ക് വേണ്ടി അലയാൻ തുടങ്ങി. പക്ഷേ, ആരും ജോലി കൊടുത്തില്ല. അന്ന് നല്ല വെയിലുള്ള ദിവസമായിരുന്നു. ക്ഷീണിതയായ അമ്മ ഒരു കടയുടെ മുന്നിൽ പോയി ഇരുന്നു. അപ്പോൾ ആ കടക്കാരൻ കാര്യം അന്വേഷിച്ച് ആ അമ്മയ്ക്ക് ജോലി കൊടുത്തു.

ഭർത്താവ് ഇല്ലാത്ത ഒരു സ്ത്രീയെ എങ്ങനെ പറഞ്ഞയയ്ക്കുമെന്ന് അയാൾ കരുതി. അമ്മയുടെ ഒരു വലിയ സ്വപ്നമായിരുന്നു, മകനെ പഠിപ്പിച്ച് വലിയ ഡോക്ടറാക്ക ണമെന്ന്. അങ്ങനെ അമ്മ ആ മകനെ സ്കൂളിൽ ചേർത്തു. ഒരു ഇംഗ്ലീഷ് സ്കൂളിൽ ചേർ ക്കണമെന്നായിരുന്നു ആ അമ്മയുടെ ആഗ്രഹം. പക്ഷെ, പൈസ ഇല്ലാത്തതിനാൽ മകനെ അമ്മ സാദാ സർക്കാർ സ്കൂളിലാക്കി. അവനങ്ങനെ ആദ്യമായി പുതിയ യൂണിഫോമും ബാഗുമിട്ട് സന്തോഷത്തോടെ സ്കൂളിൽ പോയി. കുറച്ച് ദിവസം കഴിഞ്ഞപ്പോൾ വിറ്റ താലിമാലയുടെ പൈസ കഴിഞ്ഞു. ജോലി ചെയ്ത് കിട്ടിയ പൈസയും കഴിഞ്ഞു. അമ്മ അങ്ങനെ വീണ്ടും തെരുവിലിറങ്ങി. മകൻ അമ്മയുടെ അടുത്തേക്ക് ഓരോ ആവശ്യം പറഞ്ഞ്

ചെല്ലുമ്പോഴെല്ലാം അമ്മ മകന്റെ മുന്നിൽ തോറ്റുകൊണ്ടിരിക്കുകയാണ്. അമ്മ നാളെ തരാമെന്ന് പറഞ്ഞ് മകനെ ആശ്വസിപ്പിക്കുമെങ്കിലും  അമ്മയുടെ അടുത്ത് മകന് സമർപ്പിക്കാൻ ഒന്നുമുണ്ടായിരുന്നില്ല.


ദിവസങ്ങൾ കൂടി വരുന്തോറും ആ വീട്ടിലെ അടുക്കളയിൽ ഉയരുന്ന പുക കുറഞ്ഞ് വന്നു. അമ്മയും മകനും വീണ്ടും പട്ടിണിയിലായി. അമ്മക്കും മകനും വിശപ്പടക്കാനുള്ള ആഹാരം ഒന്നും ആ വീട്ടിലുണ്ടായിരുന്നില്ല. അങ്ങനെ അമ്മക്ക് ഒരു പലചരക്ക് കടയിൽ ജോലി ശരിയായി. ആ കടയിലെ സാധനങ്ങൾ വിറ്റ് അമ്മ പൈസ ഉണ്ടാക്കി. ഒരു ദിവസം നല്ല തിരക്കുണ്ടായിരുന്നു. ജോലി ക്ഷീണത്താൽ അമ്മ വിചാരിച്ചു, ഒന്ന് വീട്ടിലെത്തി കിടക്കാൻ പറ്റിയിരുന്നെങ്കിലെന്ന്. വീട്ടിലെത്തിയ അമ്മ അറിയാതെ ക്ഷീണത്താൽ മയങ്ങിപ്പോയി. വൈകുന്നേരം മകൻ വന്ന് വിളിച്ചപ്പോഴാണ് അമ്മ ഉണർന്നത്. അമ്മ സന്തോഷത്തോടെ കതക് തുറന്ന് സനേഹത്തോടെ പറഞ്ഞു: "വരൂ മോനേ... പോയി കുളിച്ച് വാ... ഭക്ഷണം എടുത്ത് വെക്കാം." മകൻ അമ്മയോട് പഞ്ഞു: "അമ്മ നിൽക്ക്. അമ്മയോട് എനിക്കൊരു കാര്യം പറയാനുണ്ട്. അമ്മ ഇനി മുതൽ ആ പലചരക്ക് കടയിലേക്ക് പോവേണ്ട." അമ്മ ചോദിച്ചു: "എന്താ മോനെ നീ ഇങ്ങനെ പറയുന്നത്?" മകൻ പറഞ്ഞു: "അമ്മേ ഞാൻ ഇന്ന് സ്കൂളിലേക്ക് പോയപ്പോൾ ഒരു സർ പറഞ്ഞു പുതിയ കുട്ടികളെ പരിചയപ്പെട്ടത്താൻ. എന്നോട് എന്റെ അമ്മയെക്കുറിച്ചും അച്ഛനെക്കുറിച്ചും ചോദിച്ചു. അച്ഛൻ മരിച്ചുവെന്ന് ഞാൻ സങ്കടത്തോടെ പറഞ്ഞു. അമ്മയ്ക്ക് എന്താ ജോലി എന്ന് ചോദിച്ചപ്പോൾ ഞാൻ പറഞ്ഞു. അമ്മ ജോലിക്ക് പോകുന്നില്ലയെന്ന്, അച്ഛൻ സമ്പാദിച്ചത് ധാരാളമുണ്ടെന്ന്. അമ്മ പലചരക്ക് കടയിൽ പോകുക എന്ന് പറഞ്ഞാൽ എനിക്ക് നാണക്കേടാണ് അമ്മേ... ഞാൻ എന്നും സ്കൂൾ വിട്ട് വരുമ്പോൾ ആ കടയുടെ മുന്നിലൂടെയാണ് വരിക. അതുകൊണ്ട് ഇനി മുതൽ അമ്മ ജോലിക്ക് പോവേണ്ട." മകന്റെ ഓരോ വാക്കിലും അമ്മ തളരുകയായിരുന്നു. അമ്മ പറഞ്ഞു: "മോനേ... നമ്മുടെ വയർ നിറക്കുന്നത് ആ കടയിലെ തുടർച്ചയായ ശമ്പളമാണ്. ഞാൻ ജോലിക്ക് പോകാതിരുന്നാൽ നമ്മൾ പട്ടിണിയിലാവും.നാണം കെടുന്നതിനേക്കാൾ വലുതല്ലെ വിശപ്പ്? ഓരോ ജോലിയും മഹത്വമുള്ളതാണ്." മകൻ വാശിയോടെ പറഞ്ഞു: "അമ്മ ഇനി മുതൽ ജോലിക്ക് പോയാൽ ഞാൻ പഠിക്കാൻ പോകുന്നില്ല."അമ്മ മകന്റെ വാശിയുടെ മുന്നിൽ മരിക്കാതെ മരിക്കുകയായിരുന്നു. അന്നത്തെ രാത്രി അമ്മയ്ക്കും മകനും വയർ നിറച്ച് കഴിക്കാൻ ഭക്ഷണം ഉണ്ടായിരുന്നെങ്കിലും അമ്മ ഒന്നും കഴിച്ചില്ല. കാരണം, മകൻ പറഞ്ഞ ഓരോ വാക്കും അമ്മയുടെ മനസ്സിൽ കുത്തിത്തറച്ചിരുന്നു. അമ്മയ്ക്ക് അന്ന് ഉറക്കമില്ലാത്ത രാത്രി

ആയിരുന്നു. ഈ ജോലി ഉപേക്ഷിച്ചാൽ വേറെ ഒരു ജോലിയും കിട്ടില്ലായെന്ന് ഉറപ്പിച്ച് എന്ത് ചെയ്യണമെന്നറിയാതെ അമ്മ മയങ്ങിപ്പോയി. ജോലി ചെയ്യാതെ വേറെ വഴിയില്ലായെന്ന് അറിഞ്ഞ അമ്മ ആ ജോലിക്ക് തന്നെ പോയി. മകൻ സ്കൂൾ വിട്ട് വരുമ്പോൾ അമ്മ കടയിലുള്ളത് മകൻ കണ്ടു. അമ്മ മോനേ എന്ന് വിളിക്കുമ്പഴേക്കും മകൻ ഓടിപ്പോയി. വൈകുന്നേരം അമ്മ ചോദിച്ചു: "എന്നെ കണ്ടിട്ട് എന്താ നീ നോക്കാതെ പോയത്?" മകൻ പറഞ്ഞു: "അമ്മയോട് ഞാൻ ആ കടയിൽ നിൽക്കരുതെന്ന് പറഞ്ഞതല്ലേ? എനിക്കിപ്പോൾ അമ്മയെന്റെ അമ്മയാണെന്ന് പറയാൻ നാണക്കേടാ." മകന്റെ വാക്ക് കേട്ട് അമ്മ പതറിപ്പോയി. എന്നാലും അമ്മ ആ ജോലി കളഞ്ഞില്ല. അമ്മയുടെ ആഗ്രഹം അമ്മ നടത്താൻ ശ്രമിച്ചു. പിറ്റേന്ന് മകൻ പറഞ്ഞു: "ഞാൻ ഇന്ന് വരുമ്പോൾ അമ്മ കടയിലുണ്ടാവരുത്." ഇത് കേട്ട അമ്മ അമ്മ തളർന്നു. മകൻ സ്കൂളിലേക്ക് പോയി. അമ്മ കടയിലേക്ക് പോകുമ്പോൾ ഓരോ കാര്യങ്ങൾ ആലോചിച്ച് നടക്കുകയായിരുന്നു. അങ്ങനെ പോകെ അമ്മയെ പെട്ടെന്ന് ഒരു വാഹനമിടിച്ചു. വാഹനം നിർത്താതെ പോയി. ആരും അമ്മയെ ആശുപത്രിയിൽ കൊണ്ടുപോയില്ല. കുറേ കഴിഞ്ഞപ്പോൾ ഒരാൾ വന്ന് അമ്മയെ ആശുപത്രിയിൽ കൊണ്ട് പോയി. ഡോക്ടർ പറഞ്ഞു: "I am really sorry. നിങ്ങൾ കുറച്ച് മുന്നെ കൊണ്ടു വരണമായിരുന്നു. എനിക്ക് ഒന്നും ചെയ്യാൻ ഇല്ല." അയാൾക്ക് ആ സ്ത്രീ ആരാണെന്ന് അറിയില്ലായിരുന്നു. അയാൾ ആ സ്ത്രീയുടെ കയ്യിൽ ഒരു കവർ കണ്ടു. അയാളാ കവറെടുത്ത് നോക്കി. അതിൽ ഒരു പേഴ്സുണ്ടായിരുന്നു. ആ പേഴ്സിൽ മകന്റെ ഫോട്ടോ ഉണ്ടായിരുന്നു, പിന്നെ ഒരു കത്തും. അയാൾ ആ കത്തിലുണ്ടായിരുന്നത് വായിച്ചു. അപ്പോഴും അയാൾക്ക് ആ സ്ത്രീ ആരാണെന്ന് മനസ്സിലായില്ല. ആ കവറിൽ ഒരു ഐ. ഡി. കാർഡും അയാൾ കണ്ടെത്തി. ഐ. ഡി. കാർഡിലെ അഡ്രസ്സ് നോക്കി അയാൾ ആ സ്ത്രീയെ വീട്ടിലെത്തിച്ചു. തന്റെ മേൽ എന്തെങ്കിലും കുറ്റമുണ്ടാവുമോ എന്ന് ഭയന്ന് ആ സ്ത്രീയെ അവിടെയാക്കി അയാൾ പോയി. വൈകുന്നേരം വീട്ടിൽ അമ്മ മരിച്ച് കിടക്കുന്നത് കണ്ട് മകൻ അറിയാതെ കരഞ്ഞു പോയി. എന്റെ അമ്മയോട് ഞാൻ അങ്ങനെ പറയാൻ പാടില്ലായിരുന്നു. ഇനി തന്നെ അപമാനിക്കാൻ ഒരിക്കലും തന്റെ ജീവിതത്തിൽ അമ്മയുണ്ടാവില്ലല്ലോ എന്നോർത്ത് ആ മകൻ വിതുമ്പിക്കരഞ്ഞു. പക്ഷേ, മകനെ ആശ്വസിപ്പിക്കാൻ അമ്മയുടെ കൈകൾ ഉയർന്നില്ല. അവന്റെ കണ്ണുനീര് കണ്ട് ആകാശവും അവന്റെ കൂടെ വിതുമ്പി. ഓരോ മഴത്തുള്ളികളും അവന്റെ കണ്ണുനീരിനൊപ്പം ഒലിച്ച് പോയി......



കവിത
അശ്വനി. എൻ. കെ. / 8. B

# എന്റെ കുട്ടിക്കാലം



എന്റെ കുട്ടിക്കാലം
കളിച്ചു ചിരിച്ചു രസിച്ചു വളർന്നൊരു
എന്റെ കുട്ടിക്കാലം

നാവിൻ തുമ്പിൽ തുള്ളിക്കളിക്കും
ആദ്യാക്ഷരത്തിൻ കാലം
നോവും ചിരിയും ഒരുപോലെ മഴയായ്
പെയ്തിറങ്ങിയ കാലം

അണ്ണാൻ കുഞ്ഞിനോടും
സുന്ദരി പൂവിനോടും
കിന്നാരം ചൊല്ലിയ കാലം
എന്റെ കുട്ടിക്കാലം

മാതാപിതാക്കൾ തൻ
തോളിൽ കിടന്നിട്ടു
താരാട്ടു കേട്ടൊരു കാലം
മറക്കാനാവാത്ത കാലം
ഞാൻ എന്നുമോർക്കുന്ന കാലം
എന്റെ കുട്ടിക്കാലം



ചെറുകഥ
അദീബ ഷാന. കെ.എസ്. / 9 K

# നെല്ലിമരം

"അഖിലേ നീ കെടന്നില്ലേ...?"

"ഇല്ല്യമ്മേ കെടക്കാൻ തൊടങ്ങണുള്ളൂ..." ഞാൻ എന്റെ മെത്തയിൽ മെല്ലെ കയറിക്കിടന്നു. നാളെ സംഭവിക്കാനിരിക്കുന്ന ഒരു സൗഹൃദ വേർപ്പാടിന്റെ രക്തം ചിതറുന്നത് പോലെയുള്ള വേദന ഞാനിപ്പോൾ അനുഭവിക്കുന്നുണ്ട്. ചിലപ്പോൾ ശ്വേതയ്ക്ക് ഉറങ്ങാൻ കഴിയുന്നുണ്ടാകില്ല. ഞാൻ ശ്വേതയെയും നെല്ലിമരത്തേയും മാറിമാറി ചിന്തിച്ചു കൊണ്ടേയിരുന്നു.

പണ്ട് ഇതുപോലെയൊരു ചിന്തയിൽ ഞാൻ മുഴുകിക്കൊണ്ടിരിക്കുകയായിരുന്നു. നാളെ ആരംഭിക്കാനിരിക്കുന്ന പുതു അധ്യയന വർഷത്തിന്റെ ഓർമ്മകളുമായി ഞാൻ തിരിഞ്ഞും മറിഞ്ഞും കിടന്ന് ആലോചിച്ചു. ഞാൻ ജാലകം തുറന്ന് പുറത്തേക്ക് നോക്കി. ചന്ദ്ര നിലാവ് ജാലക വാതിലിലൂടെ കടന്ന് എന്റെ യൂണിഫോമിനെ പ്രകാശ പൂരിതമാക്കി. അടുത്ത കൊല്ലത്തെ പത്താം തരത്തെക്കുറിച്ച് ഞാൻ ആലോചിച്ചിരുന്നു. കഴിഞ്ഞ കൊല്ലത്തെ കളിയും ചിരിയും, ശ്വേതയുടെ തമാശയും, ഒരിക്കലും തീരില്ല എന്നുറപ്പുള്ള ചില സൗഹൃദങ്ങളും, പിന്നെ പാഠ്യേതര ഭയങ്ങളും എല്ലാം മനസ്സിൽ ഇടകലർത്തി ഞാൻ ചിന്തിച്ചു കൊണ്ടേയിരുന്നു. ചിന്തിച്ച് ചിന്തിച്ച് സമയം പോയതറിഞ്ഞില്ല. ചന്ദ്ര നിലാവിനു പകരം കത്തിജ്വലിക്കുന്ന സൂര്യന്റെ കിരണങ്ങൾക്കൊപ്പം ഭയവും ചേർന്ന് എന്റെ മുഖത്തേക്ക് വന്നു ചേർന്നു. ഞാൻ പതുക്കെ എഴുന്നേറ്റ് മുറിയിൽ നിന്നും പുറത്തേക്കിറങ്ങി.



"എന്താ അഖിലേ കണ്ണ് നല്ലോണം ചോന്നിട്ടുണ്ടല്ലോ. ഇന്നലെ ഉറങ്ങീലേ...?" ഒരു മൗനം ഉത്തരം നൽകി ഞാൻ മെല്ലെ നടന്ന് നടുമുറ്റത്തെ വരാന്തയിലിരുന്ന് കോരിച്ചൊരിയുന്ന മഴയെ നോക്കി ഒരു കോട്ടുവായു ഇട്ടു. ഞാൻ പല്ലുതേച്ച് വന്നു. ഞാനും ശ്വേതയും എന്നും ആറ്റിൽ പോയാണ് കുളിക്കാറ്. എന്നാൽ ഇന്നത്തെ ഈ മഴ കാരണം അത് നടക്കുംന്ന് തോന്നണില്ല. ഞാൻ കുളിച്ചു വന്ന് യൂണിഫോമിട്ടപ്പോൾ

അമ്മ എനിക്കു നേരെ സ്നേഹത്തോടെ ചായേം ദോശേം ചട്ണീം നീട്ടി. എന്റെ അമ്മയുണ്ടാക്കുന്ന കട്ടി കുറഞ്ഞ ദോശീം ചട്ണീം എനിക്ക് ഭയങ്കര ഇഷ്ടമാണ്. പണ്ട് ദോശയ്ക്ക് കട്ടികൂടിയെന്ന് പറഞ്ഞിട്ട് ഞാനും അമ്മയും വഴക്കിട്ടിട്ടുണ്ട്. ദോശ അതെന്റെ ജീവനാണ്. അതിന് കട്ടി കൂട്യാ പോലും എനിക്ക് വേദനിക്കും. എല്ലാം ഞാൻ ഒരു പുഞ്ചിരിയിലൊതുക്കി അമ്മയുടെ സ്നേഹ സമ്മാനം വാങ്ങിച്ചു.

"ഉം... എന്തൊരു സ്വാദ്..."

അപ്പോഴേക്കും അച്ഛൻ അമ്മയെ വിളിച്ചു.

"നന്ദിനീ... എന്റെ കാക്കിയെവിടെ?"

അച്ഛൻ പോലീസിൽ എസ്. ഐ. ആണ്. എസ്. ഐ. പ്രഭാകൻ.

"കാക്കി മഞ്ചയുടെ മുകളിൽ ഇസ്തിരീത് വെച്ച്ണ്ട്." അമ്മ പറഞ്ഞു.

കറി തൊട്ട്, അമ്മയോടും അച്ഛനോടും യാത്ര പറഞ്ഞ്, ഗൈറ്റ് തുറന്ന് രണ്ടടി വെച്ചപ്പോഴേക്കും ശ്വേത മുന്നിലുണ്ട്. പാവം വീട്ടിലെ കുട്ടിയാണ്. ഇല്ലാത്ത കാശുകൊണ്ട് അവളെ ബാംഗ്ലൂരിലേക്ക് വിടാനാണ് അവളുടെ അച്ഛൻ വേലായുധൻകുട്ടി വിചാരിച്ചിരിക്കുന്നത്. കള്ളും സിഗരറ്റും ആണ് വേലായുധൻകുട്ടി. എങ്കിലും, തന്റെ മകളെന്നാൽ വേലായുധൻ കുട്ടിയുടെ ജീവനാണ്. അമ്മയില്ലാത്ത അവൾക്കു വേണ്ടിയാണ് വേലായുധൻകുട്ടി ജീവിച്ചിരിക്കുന്നത്. എല്ലാം പെട്ടെന്ന് ഞാൻ ശ്വേതയുടെ മുഖം കണ്ടതും ചിന്തിച്ചെടുത്തു. എല്ലാ പരിഭവങ്ങളും വേദനകളും ഉള്ളിലൊതുക്കി അവൾ എന്നോട് പുഞ്ചിരിച്ചു. എന്നാലും എനിക്കറിയാമായിരുന്നു അവളുടെ വിഷമങ്ങൾ. അത് എങ്ങനെയാണെന്ന് ചോദിച്ചാൽ ഒരു ആത്മാവും രണ്ട് ശരീരവും ആണെന്നാണ് എന്റെ ഉത്തരം. ഞാനും ശ്വേതയും മൂന്ന് കിലോമീറ്റർ ദൂരമുള്ള ഞങ്ങളുടെ പള്ളിക്കൂടത്തിലേക്ക് നടന്നു.



പുഴയും താണ്ടി മുൾച്ചെടികളും പാറക്കൂട്ടങ്ങളും കടന്ന്... ചിലപ്പോഴെക്കെ ഞാൻ ശ്വേതയോട് പറയാറുണ്ട്, ഒറ്റമൈനയെ കണ്ടാൽ അന്ന് അടി കിട്ടുമെന്ന്, അതിന് വേണ്ടി ഇരട്ട മൈനയെ കാണാൻ വേണ്ടി കാത്തുനിന്ന് വൈകിയതിന് നല്ല അടി കിട്ടിയിട്ടുണ്ട്. ഞങ്ങൾ അറിയാതെ പള്ളികൂടത്തിലെത്തി.ക്ലാസ്സ് റൂമിനു മുന്നിലുള്ള ഒരു നെല്ലിമരമാണ് ഞങ്ങളെ ക്ലാസ്സ്

റൂമിലേക്ക് സ്വാഗതം ചെയ്യുത്. ആരും ശ്രദ്ധിക്കാതെ വളർന്നു പോയ ആ നെല്ലിമരത്തിൽ ഇപ്പോഴും ഒരു ഊർജം നിലനിൽക്കുന്നുണ്ട്. ഒരു സ്നേഹത്തിന്റെ ഊർജം...

ഞങ്ങൾ പുതിയ ക്ലാസ്സ് റൂമിന്റെ വാതിക്കൽ നിന്നു എന്തെന്നില്ലാത്ത ഭയത്തോടെ എന്നാൽ ആ ഭയം മാറ്റിമറിക്കാനായിട്ടായിരുന്നു ഞങ്ങൾ ഞങ്ങളുടെ ടീച്ചറുടെ മുഖം കണ്ടത്. സുചിത്ര ടീച്ചർ നല്ല ഐശ്വര്യവും തേജസ്സും ചേർന്നമുഖമായിരുന്നു ടീച്ചറുടേത്. ടീച്ചറുടെ ഇരുണ്ട നിറം ടീച്ചറെ കൂടുതൽ ഭംഗിയാക്കുന്നുണ്ട് സ്നേഹത്തോടെ ടീച്ചർ ഞങ്ങളോട് പറഞ്ഞു കയറിയിരിക്കൂ..... ഞങ്ങൾ ഞങ്ങളുടെ ബെഞ്ചിലേക്ക് കയറിയിരുന്നു.
ടീച്ചർ എത്ര കളിച്ചും ചിരിച്ചും ഞങ്ങളോട് പെരുമാറിയാലും ടീച്ചർക്ക് ഒരു കാര്യം നിർബന്ധമാണ്. പഠിക്കണം നല്ലോണം തല്ലുകയും ചെയ്യും.
ടീച്ചർ എന്നോടും ശ്വേതയോടും ചൂരൽ വാങ്ങിവരാൻ പറഞ്ഞു.ഞാനും ശ്വേതയും പള്ളിക്കൂടത്തിനകത്തുള്ള മുളങ്കമ്മയുടെ അടുത്ത് ചെന്ന് ചൂരൽവാങ്ങിച്ചു.
മുളകൊണ്ടുണ്ടാക്കുന്ന വൈവിധ്യമാർന്ന വസ്തുക്കൾ ഉണ്ടാക്കുന്നതായിരുന്നു മുളങ്കമ്മയുടെ പണി. തിരിച്ച് ക്ലാസ്സ് റൂമിലേക്ക് കയറുന്ന നേരത്തു തന്നെയാണ് ആ നെല്ലിമരത്തിന്റെ ഒരു കൊമ്പ് എന്റെ മുടിയിൽ കുടുങ്ങിയത്. ഞാൻ എന്റെ മുഖം മുകളിലേക്ക് ഉയർത്തി നോക്കി അപ്പോഴാണ് ഞാൻ ആ നെല്ലിമരത്തെ സൂക്ഷ്മമായി നോക്കുന്നത് എന്തോ സ്നേഹത്തിന്റെ ഊർജം ആ നെല്ലിയിൽ ഉണ്ടെന്നെനിക്ക് തോന്നി.

"എന്താ അഖിലേ... മുകളിലേക്ക് നോക്കി നിൽക്കുന്നത്?

"ഏയ് ഒന്നൂല്യ ."

"എന്നാൽ വാ."

ഞാനും ശ്വേതയും ക്ലാസ്സ് റൂമിലേക്ക് കയറി സുചിത്ര ടീച്ചർക്ക് ചൂരൽ കൊടുത്തു. ടീച്ചർ പറയുന്നതെല്ലാം എനിക്ക് കേൾക്കാൻ കഴിരുന്നില്ല. കാരണം എന്റെ ശ്രദ്ധ മുഴുവൻ


ചിത്രീകരണം-ആർദ്ര/8 എ

കേന്ദ്രീകരിച്ചിരിക്കുന്നത് ആ നെല്ലിയിലായിരുന്നു.
പള്ളിക്കൂടത്തിന്റെ ഒരു അധ്യയന വർഷത്തിലെ ആദ്യ ദിനമായതിനാൽ അന്ന് ഉച്ചവരെയേ ക്ലാസ്സ് ഉണ്ടായിരുന്നൊള്ളൂ. ക്ലാസ്സ് കഴിഞ്ഞ് വരാന്തയിലൂടെ പോകുമ്പോൾ ശ്വേത തിരിഞ്ഞ് എന്നെ

നോക്കി. പിന്നിലേക്കാണ് നടന്നിരുന്നത് ഞാൻ അവളുടെ മുന്നിൽ നേരേയും നെല്ലിമരത്തിന്റെ ഒരു കൊമ്പ് അവളുടെ മുടിയിൽ കുടുങ്ങി.

അവൾ തല മെല്ലെ ഉയർത്തി നോക്കി. എന്റെ മനസ്സിൽ ഉണ്ടായ അതേ അനുഭൂതി അവളുടെ മനസ്സിലും നിറഞ്ഞു. ഞാനും അവളും അത്ഭുതത്തോടെ ആ നെല്ലിമരത്തെ നോക്കി. ആനന്ദം പകരുന്ന സ്നേഹം നൽകുന്ന മധുര നിമിഷങ്ങൾ പങ്കുവയ്ക്കുന്ന സന്തോഷം ഉളവാക്കുന്ന ഊർജം.
കണ്ണിമ വെട്ടാതെ ശ്വേത അതിനെ ഉറ്റു നോക്കി. അവൾ അറിയാതെ ചുണ്ടുകൾ കൊണ്ട് ഉരുവിട്ടു. വിസ്മയം തോന്നുന്നു.
എന്നിട്ടവൾ എന്റെ മുഖത്തേക്ക് നോക്കി. എന്തുകൊണ്ടാണതങ്ങനെ എന്ന ഭാവത്തിൽ ശ്വേതയെ നോക്കി.
ക്ലാസ്സിനു മുന്നിലുള്ള നെല്ലിമരത്തെ ഞാൻ ഇടയ്ക്കിടെ തിരിഞ്ഞ് നോക്കി ക്കൊണ്ട് പള്ളിക്കൂടമുറ്റത്തു നിന്നും ഞങ്ങൾ നീങ്ങി.ദിവസങ്ങൾ കഴിയുന്തോറും ഞാനും ശ്വേതയും നെല്ലി മരത്തെ അടുത്തറിഞ്ഞു. നെല്ലിമരത്തിനോട് സംസാരിക്കാൻ തുടങ്ങി. അതിന്റെ ശിഖരങ്ങളെ തഴുകിക്കൊണ്ട് വാരി പുണർന്നു. ഞങ്ങൾ അറിയാതെ ആ നെല്ലി മരം ഞങ്ങളുടെ ജീവിതത്തിൽ സ്വാധീനം ചെലുത്തിയിരുന്നു. സമയം കിട്ടുമ്പോഴെല്ലാം ഞാനും ശ്വേതയും നെല്ലിയോട് തമാശ പറയുമായിരുന്നു. പക്ഷേ, എവിടെ നിന്നാണന്നറിയില്ല. ഒരു കാറ്റ് നെല്ലിയെ തഴുകും ആ ഇളം കാറ്റിൽ ആടിയുലഞ്ഞ് നെല്ലി ചിരിക്കും. സമയങ്ങൾ ദിനങ്ങായി ആഴ്ചകളായി മാസങ്ങളായി പത്തുമാസം എങ്ങനെയാണ് കഴിഞ്ഞതെന്ന് എനിക്കറിയില്ലായിരുന്നു.

"അഖിലേ, എഴുന്നേൽക്കു....."

അമ്മയുടെ വിളികേട്ടാണ് ഞാൻ ഞെട്ടിയുണർന്നത്. ഞാൻ മെത്തയിൽ നിന്നും എഴുന്നേറ്റ്കണ്ണാടിയുടെ മുൻവശെത്തത്തി.



കൺപോളകൾ മെല്ലെ ഉയർത്തി കണ്ണാടിയിലൂടെ എന്റെ പ്രതിബിംബത്തിന്റെ കവിളിലൂടെ നീർച്ചാലൊഴുകുന്നുണ്ടായിരുന്നു. ആ നേരത്ത് എന്റെ പ്രതിബിംബത്തെ കെട്ടിപ്പിടിച്ച് കരയാൻ പറ്റുമായിരുന്നെങ്കിൽ ഞാൻ കരഞ്ഞേനെ. പെട്ടെന്ന് ആ കണ്ണാടി പൊട്ടി. അതിലെ ഒരു കണ്ണാടി ചീള് എന്റെ ഹൃദയത്തിൽ തറക്കുന്നത് പോലെ എനിക്ക് തോന്നി. ഇന്നത്തെ ഈ സൗഹൃദ വേർപ്പാടിന്റെ കാര്യം ഒന്നോർത്തപ്പോൾ ആ കണ്ണാടി ചീള് എന്റെ ഹൃദയത്തിന്റെ ആഴങ്ങളിലേക്ക് കയറി. ഒരു ശിഥിലമായ ദീർഘ നിശ്വാസം എന്നിൽ നിന്നുണ്ടായി. ഞാൻ മെല്ലെ കണ്ണുകൾ തുടച്ച് കതക് തുറന്നു.

അമ്മ മുന്നിലുണ്ട്. അമ്മയ്ക്ക് എന്നെ കാണുമ്പോൾ കരച്ചിൽ വരുന്നുണ്ടെന്ന് എനിയ്ക്കറിയാം. പക്ഷെ, അമ്മ അത് പുറത്തു കാട്ടാതെ എന്നോടായി പറഞ്ഞു:

"മോളേ, ഈ അമ്മ ഇത് മനപ്പൂർവ്വം നിന്നോട് പറയാതിരുന്നാൽ അത് ഞാന് നിന്നോട് ചെയ്യുന്ന ചതിയാകും."

എന്റെ ഉള്ളിലെ കരച്ചിൽ പെട്ടെന്ന് നിന്നു.

"ശ്വേതയിന്നലെ മോളോട് പറയാനായി ഒരു കാര്യം ഏൽപ്പിച്ചിരുന്നു. ഈ നേരം ആവുമ്പോഴേക്കും പള്ളിക്കൂട മുറ്റത്തേയ്ക്കെത്താൻ, അവൾക്ക് നിന്നോട് ഒരു കാര്യം പറയാനുണ്ടെന്ന്, ഞാൻ വൈകുന്നേരമാവുമ്പോഴേയ്ക്കും മാത്രമേ ശ്വേത പോവുകയുള്ളൂവെന്ന് നിന്നോട് കള്ളം പറഞ്ഞതായിരുന്നു. നീ അങ്ങട് പോയി ശ്വേതയെ കണ്ട് ഏതു നേരവും കണ്ണീരൊഴുക്കുന്നത് കാണാൻഎനിക്കാവില്ല. നീ അങ്ങട് പോവരുത്."

അൽപ്പം ദേഷ്യവും സ്നേഹവും ആശ്ചര്യവും കലർന്ന മുഖത്തോടെ ഞാൻ അമ്മയെ നോക്കിക്കൊണ്ട് പിന്നിലേയ്ക്ക് രണ്ടടി വെച്ചു. പിന്നെ അഞ്ചടി വെച്ചു. പിന്നെ അത് പത്ത് അടികളായും അമ്മ നെഞ്ചത്ത് കൈ വെച്ച് കരയുന്നുണ്ട്. ഞാൻ തിരിഞ്ഞു നിന്നോടി.

പാദരക്ഷകളണിയാതെ ഞാൻ മൂന്നു കിലോമീറ്റർ ദൂരെയുള്ള പള്ളിക്കൂട മുറ്റത്തേയ്ക്കോടി. പുഴകളും വയലുകളും കടന്ന് മുൾച്ചെടികളും പാറക്കൂട്ടങ്ങളും താണ്ടി എന്റെ കാലുകളിൽ നിന്നും ചോര പൊടിയുന്നുണ്ടായിരുന്നു. പക്ഷേ, ഞാനത് അറിഞ്ഞില്ല. എന്റെ ചോര വീഴുന്ന ഓരോ മണ്ണിനും അത് സഹിച്ചില്ല. ഞാൻ പള്ളിക്കൂട മുറ്റത്തെത്തി. അഖില ഇപ്പോൾ വരും എന്ന് വേലായുധൻകുട്ടിയോട് പറഞ്ഞിരിക്കുന്നത് ശ്വേതയാണ്.

അവൾ നെല്ലിമരത്തിന്റെ ചുവട്ടലാണ് നിൽക്കുന്നത്. ഞാൻ ശ്വേതയുടെ അടുത്തേക്കോടി. ശ്വേത എന്നോടായി ചോദിച്ചു:

"അഖിലേ.. നീ എന്താ വൈകിയത്?"

ഞാൻ ശ്വേതയെ കെട്ടിപ്പിടിച്ചു. എന്നിട്ട് മുഖമുയർത്തി അവളുടെ മുഖത്തേക്ക് നോക്കി. ശ്വേത എന്റെ കൈകൾ പിടിച്ചുകൊണ്ട് പറഞ്ഞു: "എന്റെ അച്ഛന്റെ ഏറ്റവും വലിയ ആഗ്രഹമാണ് എന്നെ ബാംഗ്ലൂരിൽ വിട്ട് പഠിപ്പിക്കുകയെന്നത്. ഇക്കാലമത്രയും എനിക്കു വേണ്ടി ജീവിതം ഒഴിച്ചുവെച്ച എന്റെ അച്ഛന്റെ ഏക ആഗ്രഹത്തെ എനിക്ക് നിരസിക്കാനായില്ല. അവസാനം വന്ന, കള്ളുകുപ്പികളും വീടും വിറ്റു. ബാംഗ്ലൂരിൽ ചെന്ന് ആദ്യം പണി ശരിയാക്കണം. എന്നിട്ട് അതിൽ നിന്ന് കിട്ടുന്ന പണം കൊണ്ട് പഠിക്കാനാണ് വിചാരിക്കുന്നത്."

ശ്വേത എന്റെ കൈകൾ കൂപ്പി അവളുടെ കൈകൾ അതിന്റെ മുകളിൽ വെച്ചു കൊണ്ട് പറഞ്ഞു:

" എന്നോട് ക്ഷമിക്കു..."

എനിക്ക് സഹിക്കാനായില്ല. ഞാൻ കരച്ചിലിനെ ഉള്ളിലൊതുക്കി. എന്റെ കൈകൾ നെല്ലിമരത്തിന്റെ മുകളിൽ വെച്ചിട്ട് അവൾ തുടർന്നു:

"അഖിലേ..., എന്നെ ഓർമ്മ വരുമ്പോൾ

നീ ഈ നെല്ലിയുടെ അരികിൽ വന്നാൽ മതി."

എനിക്കാസമയത്ത് ശ്വേതയോട് ആദ്യമായി അൽപ്പം ദേഷ്യം തോന്നി. കാരണം, ഓർമ്മ വരാൻ വേണ്ടി ഞാനവളെ മറക്കുമോ? ശ്വേത വേലായുധൻ കുട്ടിയെ ഒന്നുനോക്കി. സ്വന്തം മകളുടെ ദു:ഖം കാണാൻ ശേഷിയില്ലാത്ത ആ പാവം മനുഷ്യൻ, തിരിഞ്ഞുനിന്ന് പിന്നിലേക്ക് കൈ കെട്ടി നിൽക്കുന്നു. അവൾ എന്റെ മുഖത്തേക്ക് വീണ്ടും നോക്കിക്കൊണ്ട് പറഞ്ഞു:

"എന്നാൽ ശരി, ഞാൻ പോട്ടെ?"

അവൾ ബാഗും തൂക്കി

തിരിഞ്ഞുനോക്കാതെ ദു:ഖത്തെ മനസ്സിന്റെയുള്ളിൽ തടവിലാക്കി നീങ്ങി, ബാംഗ്ലൂരിലേക്ക്. പെട്ടെന്ന് അവിടെ ഒരു വേനൽ മഴയുണ്ടായി. ആ വേനൽ മഴയിൽ കുളിച്ചു കൊണ്ട് വീട്ടിലേക്ക് നടന്നു. വീട്ടിലെത്തിയപ്പോൾ ഞാൻ കണ്ടത്



തറയിലിരുന്ന് ചൂമരുചാരിക്കൊണ്ട് കരയുന്ന അമ്മയെയാണ്. ഞാൻ അമ്മയുടെ കാൽക്കൽ വീണ് മാപ്പപേക്ഷിച്ചു.

"അമ്മേ... എന്നോട് പൊറുക്കണേ..."

"എന്റെ ഈശ്വരാ... ഞാനെന്തായീ കാണണത്? എണീക്കു..."

ഞാൻ അമ്മയുടെ അടുത്ത് ചേർന്നിരുന്നു. അമ്മ എന്നോടായി പറഞ്ഞു:

"നന്നായി പഠിക്കണം ട്ടോ. വിഷമങ്ങൾ നിന്റെ മനസ്സിനെ ഇല്ലാതെയാക്കും. നന്നായി പഠിക്കണം." എന്റെ കൈകൾ അമ്മയുടെ കവിളിൽ വെച്ചുകൊണ്ട് ഞാൻ മൂളി.

"ഉം..."

ഞാൻ തുടർ പഠനം നടത്തി. ആദ്യ കാലങ്ങളിൽ ശ്വേതയുടെ ഓർമ്മകൾ കൊണ്ട് പഠിക്കാൻ കഴിഞ്ഞിരുന്നില്ല. അതുകൊണ്ട് പരീക്ഷയിൽ മാർക്ക് കുറഞ്ഞിരുന്നു. എന്നാലും അമ്മ ഒന്നും പറഞ്ഞില്ല. കാരണം, അമ്മയ്ക്കറിയാമായിരുന്നു എന്റെ മാനസികനില. പിന്നീട് എനിക്ക് മാർക്ക് കൂടിക്കൂടിവന്നു. പക്ഷെ, അപ്പോഴെല്ലാം എനിക്ക് ശ്വേതയുടെ ഓർമ്മ കുറഞ്ഞു കുറഞ്ഞ് വന്നു. ഞാൻ പഠിച്ച് ബിരുദവും നേടി. പക്ഷേ, ഓർമ്മ എന്ന ബിരുദം എനിക്ക് നഷ്ടമായി. കാലങ്ങൾ വേഗം വേഗം കഴിഞ്ഞു പോയി. ഇപ്പോൾ ഞാനൊരു അധ്യാപികയാണ്. എത്ര വേഗമാണ് എനിക്ക് മാറ്റമുണ്ടായതെന്ന് എനിക്ക് വിശ്വാസമാകുന്നില്ല. അതിരറ്റ സന്തോഷ നിമിഷമാണ് എനിക്ക് പെട്ടെന്നുണ്ടായത്. അതെന്തെന്നുവെച്ചാൽ, ഞാൻ പഠിച്ച അതേ പള്ളിക്കൂടത്തിൽ തന്നെ

**ഞാൻ എന്റെ പഴയ പള്ളിക്കൂടത്തിന്റെ പടികൾ കയറുമ്പോൾ പെട്ടെന്ന് ഒരു കാറ്റുവന്ന് എന്റെ മുടിയേയും കമ്മലിനേയും ആട്ടി. കാറ്റുവന്ന് കമ്മലിൽ ഇരമ്പിക്കൊണ്ട് പറഞ്ഞതാണെന്ന് തോന്നുന്നു, എന്റെ കാതിൽ ..**

എനിക്ക് ജോലി കിട്ടി. ഞാൻ എന്റെ പഴയ പള്ളിക്കൂടത്തിന്റെ പടികൾ കയറുമ്പോൾ പെട്ടെന്ന് ഒരു കാറ്റുവന്ന് എന്റെ മുടിയേയും കമ്മലിനേയും ആട്ടി. കാറ്റുവന്ന് കമ്മലിൽ ഇരമ്പിക്കൊണ്ട് പറഞ്ഞതാണെന്ന് തോന്നുന്നു, എന്റെ കാതിൽ ശ്വേത എന്ന ശബ്ദം. പെട്ടെന്ന് ശ്വേതയുടെ ഓർമ്മ എന്റെ മനസ്സിലേക്ക് വന്നു. എന്റെ ചുറ്റുമായി ശ്വേത ഓടുന്നതായി തോന്നി. ഞാൻ ഉള്ളിലേക്ക് ഒരു ദീർഘശ്വാസം എടുത്തു.
അപ്പോഴാണെനിക്ക് നെല്ലിമരത്തിന്റെ ഓർമ്മ വന്നത്. ഞാൻ പഴയ പത്താം ക്ലാസിന് മുന്നിലുള്ള നെല്ലിമരത്തിന്റെ അടുത്തേക്കോടി. പക്ഷേ, ആ നെല്ലിമരം അവിടെയുണ്ടായിരുന്നില്ല. ഞാൻ അതുവഴി പോയ റോസമ്മ ടീച്ചറോട് ചോദിച്ചു:

"ടീച്ചർ, ഇവിടെയുണ്ടായിരുന്ന നെല്ലിമരം..."

"ഓ... അതോ? കുട്ടികൾക്കൊക്കെ ആ നെല്ലിമരത്തിന്റെ ചില്ലകൾ ഒരു ശല്യമായി തോന്നയപ്പോൾ അത് വെട്ടി മാറ്റി."
അതും പറഞ്ഞ് റോസമ്മ ടീച്ചർ പോയി. എന്റെ കാതുകൾക്കത് വിശ്വസിക്കാനായില്ല. ഞാനവളെ മറന്നുപോയി. ഓർത്തെടുക്കാൻ ഒരുപാട് വൈകിപ്പോയി. അവൾ എന്നോടല്ല, ഞാനവളോടാണ് ക്ഷമ പറയേണ്ടിയിരുന്നത്. ആ നെല്ലിമരം സ്നേഹത്തിന്റെ ഊർജമാണ്. ലോകം ഇല്ലാതായാലും സ്നേഹം മരിക്കുന്നില്ല.

അതാ... അവിടെ മണ്ണിൽ ഒരു കുഞ്ഞു നെല്ലിച്ചെടി!!!



മാഗസിൻ ഡിജിറ്റൽ രൂപത്തിലേക്ക്

# Let me
# be your light



if you hold on light,
everything will be alright.
When your world is full of anger,
and the pain is too much to bear,
when you feel so tired and lonely,
and that no one else will call,
let me be your light
let me be your beacon in the night.
If you hold on light,
everything will be alright.

When your days are long and long
and your mind is not at peace,
When you think your life is over,
when you trouble will not sense,
Let me be your light.
let me be your beacon in the night,



*Poem*
*Aysha najiya.V.T / 8.D*



# BITTER BIT

*An old lady becomes blind. She consults a doctor. She promises him a large fee if she is cured. If there is no cure the doctor will not get any fee. The doctor calls on the lady. He covets the lady's furniture. He removes one piece after another. He demands his fees. The lady refuses to pay. She says that the cure is not complete the doctor goes to the court. The judge asks the old lady why she refuses to pay the fees. The lady complaints that her sight is not properly restored. She says that she cannot see all her furniture. The judge finds the truth. He decides in her favour.*



*ചെറുകഥ*

*ഫെമിന.എം. / 9-D*

# ഒരു കൊച്ചു കുടുംബം

ഒരിടത്ത് ഒരു കൊച്ചു കുടുംബം താമസിച്ചിരുന്നു. അച്ഛനും അമ്മയും രണ്ട് ആൺ മക്കളും രണ്ട് പെൺ മക്കളും അടങ്ങുന്ന കുടുംബമായിരുന്നു. വളരെ സന്തോഷത്തിലായിരുന്നു. അവരുടെ ജീവിതം ഭാര്യക്കും മക്കൾക്കും ഒന്നിനും കുറവുവരുത്താതെ കഷ്ടപ്പെട്ടാണ് അച്ഛൻ കുടുംബം നോക്കിയിരുന്നത്. അവരുടെ എല്ലാം ആവശ്യങ്ങളും ആ അച്ഛൻ നിറവേറ്റികൊടുത്തു.

അച്ഛൻ കുടുംബം നോക്കാൻ വേണ്ടി ദൂരെ ഒരു സ്ഥലത്താണ് ചെറിയ ഒരു വീട് വാടകയ്ക്ക് എടുത്ത് താമസിച്ചിരുന്നത്. വലിയ സൗകര്യം ഒന്നുമില്ലാത്ത വീട്. രാവിലെ നേരത്തെ പാത്രചുമടും എടുത്ത് പലസ്ഥലത്തേക്കും പോകും. കച്ചവടം കഴിഞ്ഞ് വന്ന് ഉച്ചയ്ക്ക് എന്തെങ്കിലും ഉണ്ടാക്കി കഴിച്ച് വൈകുന്നേരം വീണ്ടും കച്ചവടത്തിനു പോകും. ഒരു ബുദ്ധിമുട്ടും അറിയാതെ നാലു മക്കളേയും വളർത്തി. അങ്ങനെ കുറച്ച് സ്ഥലം വാങ്ങി അവിടെ ഒരു വീട് വെച്ചു. അങ്ങനെ അവർ നാലും പേരും വളർന്നു വലുതായി.

അങ്ങനെ നാലു മക്കളുടെയും വിവാഹം കഴിഞ്ഞു. അവർക്ക് മക്കളും ഉണ്ടായി. മക്കളും മരുമക്കളും പേരക്കുട്ടികളും ആയിരുന്നു ആ അച്ഛനമ്മാരുടെ സന്തോഷം ആൺമക്കൾക്ക് വീട് വെക്കാൻ വേണ്ടി അവർ രണ്ടു പേരും അവരുടെ പങ്ക് ചോദിച്ചു.



അച്ഛൻ അവരുടെ പേരിലുള്ളത് അവർക്ക് എഴുതികൊടുത്തു. പക്ഷെ ആ അച്ഛനമ്മമാർ അറിഞ്ഞിരുന്നില്ല ആൺമക്കൾ അവരെ ചതിക്കുമെന്ന്. മക്കളുടെ സന്തോഷമാണ് നമുക്ക് വലുത് എന്ന് അവർ കരുതി. ആൺ മക്കൾ ചോദിച്ചു വാങ്ങിയപ്പോൾ പെൺ മക്കൾക്ക് അച്ഛൻ അറിഞ്ഞ് കൊടുത്തു. രണ്ട് ആൺമക്കളും വീടു വെച്ച് സുഖമായി ജീവിച്ചു. പക്ഷെ ആൺമക്കളും ഭാര്യമാരും

അച്ഛനമ്മമാരെ തിരിഞ്ഞു നോക്കിയില്ല. മക്കൾക്ക് അവർ അധികമായി. മാസങ്ങൾ കഴിഞ്ഞു അവർ അച്ഛനേയും അമ്മയേയും അവരിൽ നിന്നും ഒഴിവാക്കാൻ തുടങ്ങി. പക്ഷെ പെൺമക്കൾ അങ്ങനെ ആയിരുന്നില്ല. പെൺമക്കളും ഭർത്താക്കൻമാരും അവരെ നോക്കി ആഗ്രഹങ്ങൾ നിറവേറ്റികൊടുത്തു.



വയസ്സായതോടെ അച്ഛൻ ജോലി നിർത്തി. ഡോക്ടറുടെ അടുത്ത് പോവാനും മരുന്ന് വേടിക്കാനും ചിലവും എല്ലാം കഷ്ടപ്പാടായി. ബാക്കി കുറച്ച് സ്ഥലവും വീടും ഉണ്ടായിരുന്നു. അതിൽ ചെറിയ ഒരു വീട് വെക്കാനുള്ള സ്ഥലമൊഴിച്ച ബാക്കിയുള്ളതു മുഴുവൻ അവർ വിറ്റു. അതുകൊണ്ടാണ് അവരുടെ ആവശ്യങ്ങൾ നിറവേറ്റുന്നത്. ആ കുറച്ച് സ്ഥലത്ത് അവർ ചെറിയ ഒരു വീട് വെച്ച് ജീവിച്ചു. തൊട്ടടുത്ത് ആൺമക്കളും ഭാര്യമാരും തിരിഞ്ഞു നോക്കാതെ. നല്ല നാളിൽ നോക്കി വളർത്തിയതും എല്ലാം ഓർത്ത് ആ അച്ഛനും അമ്മയും ജീവിക്കുന്നു. അവർക്ക് സമാധാനം ആ പെൺമക്കളും ഭർത്താക്കൻമാരാണ്. കുട്ടികളുമാണ്, എന്തെങ്കിലും ആവശ്യം വന്നാൽ പെൺമക്കളാണ് ഓടിയെത്തുന്നത്. വീടിന്റെ അടുത്ത് രണ്ട് ആൺമക്കളുണ്ടായിട്ടും ആവശ്യത്തിന് പെൺമക്കളാണ് എത്തിയിരുന്നത്. അവർക്ക് മനസ്സിന് സന്തോഷം കൊടുക്കും. അവരുടെ ബുദ്ധിമുട്ടുകൾ മനസ്സിലാക്കി അവർക്ക് വേണ്ടത് ചെയ്തു കൊടുക്കും.

എത്ര മക്കൾ ഉണ്ടെന്നല്ല. ഒരു ആവശ്യത്തിനു എത്ര പേര് വരുമെന്നതിലാണ് കാര്യം. അല്ലാതെ സ്വത്തിനും പണത്തിനും വേണ്ടിമാത്രമാകരുത് സ്നേഹം. പണമുണ്ടെങ്കിലും മാതാപിതാക്കൾക്ക് വേണ്ടി കൂടെ നിൽക്കുന്നവരാണ് മക്കൾ.

ഈ കഥ ഓരോ അച്ഛനമ്മമാർക്കും വേണ്ടിയുള്ളതാണ്. മക്കളെ കുറിച്ചറിയാൻ.....



*Poem*

*Pushpa .M / Teacher*



# Winged Dream

Above the garden, ever green,
Over the roof of the earth, unseen,
What chums are those! I wonder,
Glimmer, flitter a little and flutter !.

In a bunch, they swam up over,Bounced
by the warm waves of air…
Oh! Unfastened! The bouquet of colours,
Shattered are they-tangled flowers!

Perhaps, that hasn't been felt fair,
To make them fall, after all-who dare,
To water the flames of endless fire!.
To prune the uproar of intense desire!.
Hey, there again! Are they parakeets?
Plunging upwards! Slender tailed,
Like a rainbow-all scattered!,
Spreading flying colours
all over the clouds!.

KITES! Kites are they!
With strings untied…
Keep up! hover in utmost heights!
Adorn the garden, hang the festoons….
For, these are our winged dreams-
come true…



*അനുഭവക്കുറിപ്പ്*
*അശ്വതി. എൻ. കെ 10.B*

# ഞങ്ങൾ
## ലിറ്റിൽ കൈറ്റ്സ്

വളരെ ആശങ്കയോടെ ലിറ്റിൽ കൈറ്റ്സ് അംഗമായി എത്തിയ ഞാൻ ഇന്ന് വളരെ സന്തോഷത്തിലാണ്. സ്കൂൾ വിട്ടതിനു ശേഷമുള്ള ക്ലാസ്സ്, അവധി ദിവസങ്ങളിലെ പ്രവർത്തനങ്ങൾ എന്നിവയെല്ലാം ആദ്യ ദിവസങ്ങളിൽ അലോസരപ്പെടുത്തിയെങ്കിലും പിന്നീടത് ആസ്വാദനത്തിന്റെ ദിവസങ്ങളായി മാറുകയായിരുന്നു.

2018-20 ബാച്ചിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങളായാണ് ഞങ്ങൾ തിരഞ്ഞെടുക്കപ്പെട്ടത്. സ്കൂൾ ക്യാമ്പുകൾ, മൊഡ്യൂളുകൾ എല്ലാം പുത്തൻ അനുഭവങ്ങളായിരുന്നു. അനിമേഷൻ പ്രവർത്തനങ്ങൾക്കായി സബ് ജില്ല ക്യാമ്പിൽ പങ്കെടുത്തു. വിക്ടേഴ്സ് ചാനലിലേക്ക് ന്യൂസ് ഉണ്ടാക്കൽ വളരെ രസകരമായി ഞങ്ങൾ ഏറ്റെടുത്ത പ്രവർത്തനമാണ്. ഞങ്ങള് തയ്യാറാക്കിയ ന്യൂസുകൾ വിക്ടേഴ്സ് ചാനലിൽ വന്നപ്പോൾ ഒരുപാട് അഭിമാനം തോന്നി.

ഈ വർഷത്തെ സബ് ജില്ല ഐ ടി മേളയിലും ജില്ല ഐ ടി മേളയിലും മിന്നുന്ന പ്രകടനം കാഴ്ച വെയ്ക്കാനും വിജയികളാകാനും ഞങ്ങൾക്ക് കഴിഞ്ഞു. ജില്ലയിൽ തന്നെ ഐ ടി മേളയിൽ ബെസ്റ്റ് സ്കൂളായി സെലക്ട് ചെയ്യപ്പെട്ടു. ഒരുപാട് അനുഭവങ്ങൾ ഞങ്ങൾക്ക് ലിറ്റിൽ കൈറ്റ്സ് പ്രവർത്തനങ്ങളിലൂടെ സ്വായത്തമാക്കാൻ കഴിഞ്ഞു. അനിമേഷൻ, സ്ക്രാച്ച്, ന്യൂസ് റീഡിങ്ങ് എന്നീ രംഗങ്ങളിൽ ഭാവിയിലെ അവസരങ്ങളിലേക്കുള്ള ഒരു ചവിട്ടു പടിയായി ഞങ്ങൾക്ക് ഈ പ്രവർത്തനങ്ങൾ ഉപയോഗപ്പെടും എന്ന ആത്മവിശ്വാസത്തോടെ.



ആയാസും അശ്വതിയും
പാലക്കാട് ജില്ലാപഞ്ചായത്ത്
നൽകിയ ആദരം



ചെറുകഥ
കദീജ.പി/അധ്യാപിക

# سِعْرُ التَّوْقِيعْ

قِصَّة

فِي صَبَاحٍ هَادِئٍ مُطْمَئِنٍ وَ جَلَسَتْ نَادِرَة فـ
وَاجِهِهِ اَلْمَنْزِلِ وَ بَدَاَتْ اَنْ تَقْرَءَ كِتَابَهَا فِي
الصَّفِّ السَّابِعِ وَ سَمِعَتْ مِنَ اَلْخَارِجِ صِيَاحَ
الدِّيكَ وَ شَقْشَقَةِ
الطُّيُورِ وَرَاَتْ اَلأَزْهَارَ تَفْتَحُ عُيُونَهَا قَلِيلاً قَلِيلاً
بِالرَّائِحَةِ الطَّيِّبَة
قَرَاَتْ نَادِرَة الطَّبِيبُ اَلْمَخْلِصُ يَكُونُ مُحِبُّ
اَلإِنْسَانِ فَذَكَرَتْ كَلاَمُ خَالِهِ
اَلاَمْسِي فِي قَضِيَةِ حَادِثَةِ اَلْمُرُورِ طَلَبَ الطَّبِيبُ
مِنِّي اَلْفَيْنِ رُوبِيَة لِتَوْقِيعِهِ
وَقَعَتْ نَادِرَة فِي فِكْرٍ عَمِيقٍ النَّاسُ فِي
وِلاَيَتِنَا يَعِيشَ فِي اَلْفِقْرِ وَاَلْفَاقَةِ وَهُمْ عَادِيُّونَ
وَلاَكِنَّ اَلظَّفُونَ لَهُمْ رَاتِبٌ كَبِيرٌ وَلاَ سِيَمَا اَلاَطِبَاءِ
وَهُمْ يُفَحِّصُونَ اَلْمَرْضَي مِنَ اَلْبَيْتِ اَيْضًا اِنَّ اَبِي
فَقِيرٌ لَيْسَ لَهُ دَخْلٌ مُنَظَّمَة وَهُوَ تَاجِرٌ صَغِيرٌ
بَعْضَ اَلاَيَّامِ يَقِلُّ رُبْحُهُ حَتَّي مِائَةٌ اُومَائَتَيْنِي
رُوبِيَة
دَخَلَتَ اَلْأُمُّ وَقَالَتْ يَا بُنَيَّتِي مَاذَا تَفْعَلِينْ؟
فَقَالَتْ يَا مَامَا مَاذَا الرِّشْوَةِ؟ الأُمُّ هِيَ اَخْذُ
اَلْمَالِ بِلاَحَقٍ اِنَّهَا حَرَامْ هَلْ تَفَكَّرِينَ قَوْلُ
خَالُكِ اَمْسِي نَادِرَة نَعَمْ يَا مَامَا اَلْأُمُّ اَنَا اَيْضًا
فَكَّرْتُ عَنْ اِخْلاَصِ ذُلِلَّهَ الطَّبِيبِ
رَجَعَتِ اَلأُمَّ اِلَي اَلْمَطْبَخِ وَاَعَادَتْ نَادِرَة
فِكَرِيَاتِهَا هَذَا الطَّبِيبُ الَّذِي اَعْطَاهُ خَالِي
رُوبِيَةَ هُوَ فَرَاغًا مِنَ اَلْوَظِيفَةِ اَلْحُكُومِيَّةِ وَيَعْمَلُ
اَلاَنَ فِي اَلْمُشْتَشْفَي
اَلْحُكُومِيَّةِ وَمَعَ اَلْجَمِيعِ لَهُ اَرْبَعَةُ دَخُولٍ فِي كُلِّ
شَهْرٍ اَلاَمْرُ اَلْمَحْزُونَة هُنَا
اَخْذُ اَلْمَالِ مِنَ اَلْمَرْضِي الَّذِينَ اَصَابَهُمْ اَلْجَرَاحَةُ
وَاَلاَلَمُ وَ مَعَ ذُلِكَ وَهُمْ يُعْطُونَ الرِّشْوَة لِتَوْقِيعِ
هَذَا اَلْعَمَلُ فِي مُسْتَوَي اَلاَسْفَلِ
اَلاَغْنِيَاء يَنْشَاُونَ يَوْمًا فَيَوْمًا وَاَلْفُقَرَاءِ يَبْقُونَ تَحْتَ
خَطِّ اَلْفَقْرِ وَاَلْفَاقَةِ لاَنَّهُمْ يَدْفَعُونَ الرُّوبِيَّة لِلاَغْنِيَاءِ
لِلْعِلاَجِ اَوْ لِلرِّشْوَةِ كَيْفَ نُفُوسُ اَلاَغْنِيَاءِ وَاَلْفُقَرَاءِ؟
كَيْفَ حَيَاتَهُمْ مَتَي يَرْتَفِعَ حَيْشَهُمْ
مِنَ اَلْعَدْمِ وَاَلْحُزْنِ؟ حِرْصَ اَلاِنْسَانِ خَطَرٌ كَبِيرٌ

خَدِيجَة

# I bore the wing of fireflies

*My eyes are so stiff and sticky. May be because of the tears that i shed last night... i remember its not just the last night but the last years l have been shedding to wipe off my past had solidified into thick and slimy tears which now resists my intention to open my eyes. I don't know, what in the world would help me out of this street. I wanted to make from my past, I want to open my eyes!*

*It's so tough to take my arms. I shook my wrist many times to wipe my thick eyelashes so that I could open it. But every time I heard the clinging sound of the shackles which locked my limbs from moving. Why am I felt like this? Am I a psycho who would blabber with out a reason? Is somebody out there to rub off my dirty and filthy eyes, so that I could see the sun shine.*

*I'm so exhausted in these dark days . But it would have been so helpful if I was sleeping. I'm awake inside, just the shutter to my sight has closed. Why am I here alone? Where is my family which I had one. My mother and my brother sitting next to me in the corridor of our shed house. She was beautiful, She always used to kiss me on my cheeks whenever I do something wrong. And she would say,*

*This kiss is your punishment. Your mother desires not to let her kisses emptied like this. She wants to give a lovable kiss. So doing wrong things would vanish her lovable kisses just like that'*

*She always intended to love me and raise me to the top of the mountains. And now I am here alone with out her kisses. I miss them. Have her lovable kisses vanished by my wrong doings? Where is she? I' m crying ....*

*It is so hard for me when my tears struggle to fall out from the sticky eyes. My inner mind now grab a memory of my little brother. He was so little and cute . He would crawl on my lap and giggle for no reason. I miss his lovable bites which never let me feel pain as he had no teeth so chubby!*

*I can now experience a change from what I suffered for the last few years . A needle like light now pierces in to my eyes . I think my tears rushed to fall out has defeated the envious slimy shield. Yes, my eyes are opening its lids slowly. I can't do it at a sudden, the light is so strong, it's intensity lets my hidden past to come into light.*

*But, oh no! I can't think of my shameless days l have spent here. I can*

see my chest, so naked and weak with wounds. I can now see my arms and legs chained with shackles. Where are my clothes? Who had scratched it into pieces? My eyes now capture the pink-velvet flower on the right-corner of the room. I remember, it was pinned on my frock towards the belly button. My frock had two buttons on the chest. It was pink and white. I can't move my hand to snatch that flower. I can't walk towards it. I am locked here. I can now see a ring, the golden one. My mother wore it in her ring finger. She bathed me and opened the cup board to grab the hair pin and pinned it on my hair. She removed her ring and gave it to me , I saw tears in her eyes. She said,

"where ever you go, who ever harms you,
have this tightly in your fist and Jesus
would always be there to protect you."

I can see her smile in my mind.

But, oh lord! Why am I here, so naked and my frock pinched into pieces? My mother's ring had fallen off from my fist. I can now pick up the broken memories I suffered for years. He had scratched me on all my body parts. Even the parts which I hid from my little brother. My mother would tell me to hide it from every one.

What is sparkling over there? It is a little firefly I guess. Mother says, "Fireflies brings hope." but what should I hope for, when my favourite frock is pinched into pieces and I don't know where my mother and brother is. The firefly pretends to tell me something. It is landing on my feet. I can hear my anklets singing as I shook it to let it go. The firefly is shining. It is climbing upwards my nude leg.

I heard a harsh voice from down the room. The firefly sat on my nose. I shook it off. It tells me something. I closed my eyes. I heard a familiar voice. But I can hear a gang of sound. They rushed into the room and unzipped something. My eyes are closed, I pretended to be sleeping. I felt a pain as a needle-like-something pierced into my arm. I cried out and opened my eyes. I saw him! I know him. He was piercing an injection into my vein. He looked into my eyes so cruelly I don't know what is happening to me. My eyes are closing slowly. A fog-like scene faded out. In my eyes, I saw the sparkle of the little firefly. And his face fading out.

I remember, he was my father who brought me here into this dark room.
"The little bird was I, my wings are broken now.
The firefly brought me no hope, so sad,
but the butcher was my dad!..."
I sang this lullaby in my mind. I am off to sleep. A deep sleep from light. I hope i did never wake up to this cruel world again.




പഠനയാത്ര


ഉമറുൽഫാറൂക്ക്.വി.ടി 8-C



# പഠനയാത്ര

അതൊരു പഠനയാത്രയായിരുന്നു. സയൻസ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിലായിരുന്നു അത് സംഘടിപ്പിച്ചത്. തൃശ്ശൂർ വിജ്ഞാൻ സാഗറിലേക്കും വാഴാനി ഡാമിലേക്കുമായിരുന്നു ആ യാത്ര. രാവിലെ 7 മണിക്ക് തന്നെ ഞങ്ങൾ സ്കൂളിൽ എത്തി. പ്രസാദം എന്ന ടൂറിസ്റ്റ് ബസ്സിലായിരുന്നു ഞങ്ങൾ പോയിരുന്നത്. 7:30 ന് തന്നെ ഞങ്ങൾ യാത്ര ആരംഭിച്ചു. പട്ടാമ്പി, ഓങ്ങല്ലൂർ, കുളപ്പുള്ളി, ഷൊർണ്ണൂർ, ചെറുതുരുത്തി, വടക്കാഞ്ചേരി, തൃശ്ശൂർ വഴി ഞങ്ങൾ രാമവർമ്മപുരത്തുള്ള വിജ്ഞാൻ സാഗറിലെത്തി. അവിടെ ഞങ്ങൾ രാവിലത്തെ ലഘുഭക്ഷണം കഴിച്ചതിനു ശേഷം, അവർ ഞങ്ങൾക്ക് കുറച്ച് സയൻസ് പരീക്ഷണങ്ങൾ കാണിച്ചു തന്നു. അതിലൊന്നിൽ സാർ ഒരു ഗ്ലാസെടുത്ത് അതിനെ ഒരു തൂക്കിയിട്ട പ്ലെയ്റ്റിൽ വച്ചു. എന്നിട്ട് ആ ഗ്ലാസിൽ വെള്ളം ഒഴിച്ചു. സാർ ആ ഗ്ലാസ് ഉയർത്തിപ്പിടിച്ച് വർത്തുളപാതയിൽ കറക്കുമ്പോൾ ആ ഗ്ലാസും വെള്ളവും അതിൽ തന്നെ പറ്റിപ്പിടിച്ചിരുന്നു.ഞങ്ങൾ അതിശയിച്ചുപോയി. . അതു പോലെത്തന്നെ സാർ മറ്റു പരീക്ഷണങ്ങളും കാണിച്ചുതന്നു. അതിനുശേഷം ഞങ്ങൾക്ക് ടക്സ്റ്റ്ബുക്കുമായി ബന്ധപ്പെട്ട 60 പരീക്ഷണങ്ങൾ കാണിച്ചുതന്നു. പിന്നീട് ഞങ്ങൾ രുചിയേറിയ ഉച്ചഭക്ഷണം കഴിച്ചതിനു ശേഷം 30 പരീക്ഷണങ്ങൾ കൂടി കാണിച്ചുതന്നു. അത് ഫൺ സയൻസുമായി ബന്ധപ്പെട്ടതായിരുന്നു. അതിൽ mirror world,





mirror maze, double periscope, kaleidoscope world തുടങ്ങിയവയായിരുന്നു ഉൾപ്പെട്ടിരുന്നത്. ഫൺ സയൻസ് കഴിഞ്ഞതോടെ കൃത്യം 3:30 ന് തന്നെ ഞങ്ങൾ വിജ്ഞാൻ സാഗറിൽ നിന്ന് തിരിച്ചു.



ഒരുമണിക്കൂറോളം നീണ്ട യാത്രയ്ക്ക് ശേഷം ഞങ്ങൾ വാഴാനിയുടെ മണ്ണിൽ കാലുകുത്തി. ഡാമിൽ ഞങ്ങൾ വളരെയധികം സമയം കളിച്ചും ചിരിച്ചും ഫോട്ടോകൾ എടുത്തും ചിലവഴിച്ചു. ഡാമിന്റെ എതിർവശത്തിലൂടെ ഇറങ്ങി ഞങ്ങൾ തൂക്കുപാലത്തിലൂടെ പ്രവേശിച്ചു. നിക്ക് തൂക്കുപാലം വളരെയധികം



പേടിയായിരുന്നു. അതുകൊണ്ട് ഞാൻ മുട്ടുകുത്തിയാണ് പാലം കടന്നത്. പാലത്തിനു താഴെ വളരെ ഭംഗിയുള്ള കാഴ്ചയായിരുന്നു. ഇടതൂർന്ന കാടിനിടയിലൂടെ കറുത്ത് പരുപരുത്ത കല്ലുകൾക്കിടയിലൂടെ നല്ല തെളിഞ്ഞ ഡാമിൽ നിന്നുള്ള വെള്ളം ഒരു നീർച്ചാലായി ഒഴുകിക്കൊണ്ടിരുന്നു. പാലം കടന്ന് ഞങ്ങൾ ഡാമിലെ children's park ൽ ഇരുട്ടാകുവോളം കളിച്ചു.



കളി കഴിഞ്ഞതിനു ശേഷം ഞങ്ങൾ ലഘുഭക്ഷണം കഴിച്ചു. അതോടെ ഞങ്ങൾ യാത്ര തിരിച്ചു. ഒരിക്കലും മറക്കാനാകാത്ത ഒരു അനുഭവമായിരുന്നു അത്. മടക്കയാത്രയിൽ ബസ്സിൽ പാട്ടും ഡാൻസും വർണ്ണനിറങ്ങളുടെ ലഹരിയിലുമായി ഞങ്ങൾ മുഴുകി.....................!

ശാസ്ത്രത്തിന്റെ അനന്തവിഹായസ്സിലേക്ക് ഞങ്ങളെ തുറന്നുവിട്ട ഞങ്ങളുടെ പ്രിയ അധ്യാപകർക്കും അവിടെ പറന്നുയരാൻ ഞങ്ങൾക്ക് ചിറകുകൾ തന്ന വിജ്ഞാൻ സാഗറിലെ അധ്യാപകർക്കും ഒരായിരം നന്ദി.

*പട്ടാമ്പി സബ് ജില്ലാ കലോത്സവം ലിറ്റിൽ കൈറ്റ്സ് fb പേജിലൂടെ ഉത്സവമാക്കി .*

ലിറ്റിൽ കൈറ്റ്സ്
ജി.എച്ച്.എസ്.എസ്.പട്ടാമ്പിയുടെ
**ഫേസ്ബുക്ക് പേജിലേക്ക്**



കവിത

പ്രശാന്ത് എ.എം /അധ്യാപകൻ

# കൂട്ടുകൾ തേടി

വഴി പിഴയാത്ത
ചോണൻ ഉറുമ്പുകൾ
കൂട്ടുകൾ ലക്ഷ്യം വെച്ചു നടന്നു നീങ്ങി
ഇന്നലെ, ചാഴി പൊടി വിതറിയത്
അറിയാതിരുന്ന പാവങ്ങൾ ആയിരിക്കണം
പ്രാണൻ അറ്റ ഉടയോരെ തേടി
അലഞ്ഞോരൊക്കെയും അർദ്ധ പ്രാണനായി
അവസാന തുടിപ്പുവരെക്കും
ഒരു അനുഷ്ടാനമെന്നോണം
പിടച്ചുകൊണ്ടേയിരുന്നു
രോദനങ്ങളുടെ ഡെസിബെൽ താഴ്ത്തിയും
കർണ്ണപുടങ്ങളുടെ ശ്രവണ ശക്തിയെ
സെൻസറുകൾ വെച്ചും നിയന്ത്രിച്ചും



നമുക്ക് മുന്നോട്ടുള്ള കുതിപ്പ് തുടരണം.
പ്രതിബന്ധങ്ങൾ ഇനിയും വരും
മഴയായും
മണ്ണായും
കാറ്റായും
കനിവൂറുന്ന ചിരിയായും വിശപ്പായും
അനാഥത്വത്തിന്റെ പേറ്റുനോവായും
അരിച്ചരിച്ചു.........
നെയ്ത്തുണിയും ശർക്കരപൊട്ടും
വച്ചു പ്രലോഭിച്ചു
നമുക്കവരെ മറവിയുടെ മൺകൂനയിൽ
കുടി ഇരുത്തണം.



*ചെറുകഥ*

*ആദില. കെ. / 9.B*

# കൊതിക്കുന്ന സ്നേഹം ....

ഒരു പാവപ്പെട്ട വീട്ടിലെ കുട്ടിയാണ് കുട്ടൻ.കുട്ടന്റെ അച്ഛൻ  പാപ്പി വയ്യാതെ കുറെനാളായി കിടപ്പിലാണ്. അമ്മ ലീല അച്ഛൻ കിടപ്പിലായത് കാരണം, ജോലിക്കു പോകുന്നതും അമ്മയാണ്. പിന്നെ ചേച്ചി പ്ലസ്  വണ്ണിൽ പഠിക്കുകയാണ്.ചേച്ചി ലക്ഷ്മി. അവൻ ദേഷ്യം വന്നാൽ കാന്താരി എന്ന് ഒന്ന് വിളിച്ചില്ലെങ്കിൽ കുട്ടന് ഉറക്കം വരില്ല.അമ്മ രാവിലെ ജോലിക്ക് പോയാൽ പിന്നെ വൈകുന്നേരം 6:45 ന് വീട്ടിലെത്തുകുള്ളൂ.ആ നേരം കുട്ടൻ വളരെ സങ്കടത്തിലായിരിക്കും.അമ്മ വന്നാൽ മാത്രമാണ്കുട്ടന്റ മുഖം നിലാവുപോലെ തിളങ്ങുകയുള്ളൂ.

അമ്മയാണ് കുട്ടന്റ എല്ലാം.ലക്ഷ്മി ചേച്ചി കുട്ടനെ നോക്കാറുപോലുമില്ല. ലക്ഷ്മിയായി അവളുടെ പാടായി.അമ്മയും ചേച്ചിയും വീട്ടിലെന്നും വഴക്കാണ്. ഓരോ ദിവസവും ഓരോന്നായിരിക്കും കാരണങ്ങൾ.ഇന്ന് ഡ്രസ് ആണെങ്കിൽ നാളെ ഭക്ഷണം

അങ്ങനെ ഓരോ കാരണങ്ങൾ. ഇതൊക്കെ കേട്ട് നിൽക്കാനാവാതെ കിടക്കയിൽ നിന്ന് എഴുന്നേൽക്കാനാവാതെയും ഒരു അച്ഛൻ അവിടെ കിടക്കുന്നുണ്ട് എന്ന വിചാരം ചേച്ചിക്കില്ല .അമ്മയാണെങ്കിലോ ജോലികഴിഞ്ഞ ക്ഷീണം തീർക്കാനുള്ള സമയം പോലും കിട്ടില്ല. പാപ്പിയേട്ടന് മരുന്ന് വേടിക്കാനുള്ള പൈസ പോലും ശമ്പളത്തിൽ നിന്ന് മിറ്റിവെക്കാൻ കഴിയില്ല. അങ്ങനത്തെ ഒരു അവസ്ഥയിലാണ് കുട്ടന്റെയും കുടുംബത്തിന്റെയും ജീവിതം മുന്നോട്ടു പോവുന്നത്. അമ്മ കണ്ണീരോടെ ഇടക്കിടെ "നമ്മൾ ആർക്കുവേണ്ടിയാണ് ജീവിക്കുന്നത്" എന്ന് പറയാറുണ്ട്.



കുട്ടനാണ് അച്ഛന്റെ കാര്യങ്ങൾ നോക്കുന്നത്.മരുന്ന് കൊടുക്കുകയും കഞ്ഞികൊടുക്കുകയും ഒക്കെ കുട്ടൻ തന്നെ ചെയ്തു കൊടുക്കാറുണ്ട്.ചൂടെടുത്ത് അച്ഛൻ

വിയർത്തൊലിക്കുമ്പോൾ ഒരു നീണ്ട കാലുള്ള പാള വിശറിയെടുത്ത് വീശാറുണ്ട് . കുട്ടൻ അച്ഛൻ ഉറക്കമാകുന്നതുവരെ  വീശി കൊണ്ടെയിരിക്കും.അച്ഛൻ ഉറങ്ങിയെന്നറിഞ്ഞാൽ ഉടൻ കുട്ടൻ കോലായുടെ ഒരു മൂക്കിൽ ചാരി വന്നിരിക്കും അമ്മയുടെ വരവും കാത്ത്.അമ്മ വെറും കയ്യോടെ വരില്ലെന്ന് കുട്ടന് അറിയാം അതുകൊണ്ട് നല്ല ചൂടുള്ള കടലപ്പൊതി സഞ്ചിയിൽ നിന്നും കുട്ടനെ എത്തി നോക്കാറുണ്ട് .



അങ്ങനെ ഒരു ദിവസം പതിവുപോലെ അമ്മ ജോലിക്കുപോയി.കുട്ടന് മാത്രം അന്ന് സ്കൂൾ ഉണ്ടായിരുന്നില്ല.കാരണം,അവന്റെ കൂട്ടുകാരും കൂട്ടുകാരികളുമെല്ലാംസ്കൂളിൽ നിന്ന് യാത്ര പോകുകയാണ്. പൈസയൊന്നുമില്ലാത്തതുകൊണ്ട് കുട്ടൻ ആ സങ്കടം മനസ്സിൽ ഒളിപ്പിച്ചു നടന്നു. അമ്മയുടെ അവസ്ഥ കുട്ടന് അറിയാം അതുകൊണ്ട് യാത്രപോകുന്നത് അമ്മയോട് സൂചിപ്പിച്ചിട്ടുപോലുമില്ല. അമ്മയോട് പറഞ്ഞാൽ അമ്മ എവിടന്നെങ്കിലും നുള്ളിപെറുക്കി യാത്രപോകാനുള്ള പൈസ തരും. പക്ഷെ, കുട്ടന്റെ മനസ്സ് അതിനൊന്നും അനുവദിച്ചില്ല. അവന്റെ അച്ഛനെ നോക്കി മുറിക്കകത്ത് ഒതുങ്ങി കൂടി അന്നത്തെ രാത്രി കഴിച്ചുകൂട്ടി. പിറ്റേന്ന് രാവിലെ കുട്ടൻ അമ്മയുടെ കയ്യിന്റെ വിരൽ തുമ്പിൽ മുറുക്കി പിടിച്ച് നടന്നു നീങ്ങി സ്കൂളിലെത്തി കൂട്ടുകാരോട് യാത്രാവിശേഷങ്ങൾ ചോദിച്ചറിയാനുള്ള തിടുക്കത്തിലാണ് കുട്ടൻ അങ്ങനെ അവൻ സ്കൂളിലെത്തി. കൂട്ടുകാരോടെല്ലാം യാത്രയെക്കുറിച്ച് ചോദിച്ചപ്പോൾ എല്ലാവരും കുട്ടനെ കളിയാക്കുകയാണ് ചെയ്തത്. അവന്റെ അമ്മയെ കുറിച്ച് കുട്ടികൾ കളിയാക്കുകയായിരുന്നു. നിന്റെ അമ്മയ്ക്ക് നിന്റെ കാര്യങ്ങളൊന്നും നടത്തി തരാനുള്ള പൈസയൊന്നുമില്ലാലെ എന്ന് പറഞ്ഞ് കളിയാക്കിയതൊക്കയും കുട്ടന്റെ നെഞ്ചിൽ അമ്പു തറച്ചതുപോലെ നീണ്ടു നിന്നു.

അന്നത്തെ ആസങ്കടത്തിൽ കുട്ടൻ വല്ലാതെ അസ്വസ്ഥനായി. അന്ന് രാത്രി നല്ല പെരുമഴ പെയ്തു. ഓരോ തുള്ളിയും തിളങ്ങുന്ന മുത്തുപോലെ നിലത്തേക്കു പതിക്കുന്നു. ആ കാഴ്ച കണ്ട കുട്ടൻ കോലായിലേക്ക് തിടുക്കത്തിൽ ഓടിച്ചെന്നു. അവൻ മഴ ആസ്വദിക്കുന്നതിന്റെ ഇടയിലാണ് അമ്മ ഇതുവരെ വന്നിട്ടില്ലല്ലോ എന്ന ഓർമ്മ. കുട്ടൻ

ഇടിയും മിന്നലുമൊന്നും ഉണ്ടാവാതിരിക്കാൻ ദൈവത്തോട് പ്രാർത്ഥിച്ചുകൊണ്ടിരിക്കുമ്പോഴാണ് അമ്മയുടെ സാരിയുടെ തുമ്പ് അകലെ നിന്നും കുട്ടന്റെ കണ്ണിൽ ശ്രദ്ധയിൽ പെട്ടത്.



അമ്മ നനഞ്ഞു കുളിച്ചിരിക്കുന്ന തുമ്മലുമുണ്ട് ഇത് കണ്ട കുട്ടൻ അകത്തേക്ക് ഓടിച്ചെന്ന് തല തോർത്താനുള്ള തോർത്തുമെടുത്ത് അമ്മയുടെ തണുപ്പേറിയ കൈകളിൽ കൊടുത്തു. അപ്പുറത്തെ കൈയിൽ തൂക്കി പിടിച്ചിരുന്ന സഞ്ചി കുട്ടൻ പിടിച്ച് അടുക്കളയിൽ കൊണ്ടുപോയി തുറന്ന് അവൻ ഒന്ന് കണ്ണോടിച്ചപ്പോൾ അതാ പടവലത്തിന്റെ ഇടയിൽ ഒരു കടലാസ് പൊതി . തുറന്ന് നോക്കിയപ്പോൾ നല്ല ചൂടുള്ള കടല. കടല പൊതിയിൽ ഒരു തുള്ളി മഴവെള്ളം പോലും വന്ന് വീണിട്ടില്ല. അമ്മ കടല പൊതിയുടെ മേൽ ഒരു ടവലിൻ തുണി വിരിച്ചിട്ടിരുന്നു. അതു കണ്ടപ്പോൾ സന്തോഷം കൊണ്ട് കുട്ടൻ കണ്ണുനിറഞ്ഞൊഴുകി അതിൽ സ്നേഹത്തിന്റെ മാധുര്യം നിറഞ്ഞുനിന്നിരുന്നു. അങ്ങനെ രാത്രി അത്താഴം കഴിച്ചു. മഴ ശക്തിയായി പെയ്യാൻ തുടങ്ങി. അമ്മയും കുട്ടനും കോലോയിലേക്ക് നടന്നു. രണ്ടു പേരും നിലത്ത് ഇരുന്നു. കുട്ടൻ നിലത്തിരുന്നു. അമ്മയുടെ മടിയിൽ കുട്ടൻ തല ചായിച്ച് കുറച്ച് നേരം കിടന്നു. കുട്ടന്റെ നെറ്റിയിൽ തലയോടി കൊണ്ട് അമ്മ പറഞ്ഞു. കുട്ടാ.. നീ കുറെ നാൾ മുമ്പെ എന്നോട് ഒരു ആഗ്രഹം പഞ്ഞില്ലെ. എന്താണ് അമ്മാ? നീ ഒന്ന് ഓർത്തുനോക്ക്. എനിക്കും ഒന്ന് മനസ്സിലാവുന്നില്ല. എടാപൊട്ടാ. അന്ന് പണ്ട് നീ എന്നോട് പറഞ്ഞില്ലേ നിനക്ക് സൈക്കിൾ ഓടിക്കണമെന്ന ആഗ്രഹമുണ്ടെന്ന്. നാളെ തന്നെ നമുക്ക് ഒരു സൈക്കിൾ കടയിൽ പോയി നല്ല ഒരു സൈക്കിൾ നോക്കി വാങ്ങണം. അമ്മയുടെ പലവിധത്തിലുള്ള സ്നേഹപ്രകടനം കണ്ട് കുട്ടന്റെ മനസ്സ് സ്നേഹം കൊണ്ട് വാരിപുണരുകയാണ് ദൈവം. നല്ല തണുപ്പുള്ള പെരുമഴയത്ത് സന്തോഷം അടക്കാനാവാതെ കുട്ടൻ അമ്മയുടെ നെറ്റിയിൽ ഒരു ചുടുചുംബനം ചാർത്തി പിന്നീട് രണ്ടു പേരും അകത്തേക്ക് പോയി. മുറിയിൽ കുട്ടനും അമ്മയും സ്നേഹത്തിന്റെ പുതപ്പു മേഞ്ഞ് കിടന്നു. ഈ സ്നേഹ പ്രകടനങ്ങളാണ് പിന്നീട് കുട്ടനെ ഉയരങ്ങളിലേക്ക് എത്തിച്ചത്.





*കവിത*

*അഫീഫ . വി / 9-B*

# നിലാവ്



നിലാവിന്റെ ളുവെളിച്ചം
പകരും എല്ലാ കുരിരുട്ടിലും
വെളിച്ചത്തിന്റെ ശോഭയും
ആശ്വാസത്തിന്റെ
സമൃദ്ധിയിലുമായ്
ആ നിലാ വെളിച്ചത്തിന്റെ
ഭംഗി ആസ്വദിക്കാൻ
കാത്തു നിൽക്കും എല്ലാം
ഇരുൾ മുറ്റിയ രാത്രിയിലും
രാത്രിൽ കടന്നു വരുന്നതും
നേരം പുലർന്നാൽ മാഞ്ഞു -
പോകുന്നതുമാണാ വെളിച്ചം
നിലാവിന്റെ ആ വെളിച്ചം
അത്യധികം മനോഹരമാണ്
എപ്പോഴും എന്നെന്നും
എല്ലായിടത്തും........



*ലേഖനം*

*ഫാത്തിമ നൂറ / 9 F*

# വലിയ സ്വപ്നം കണ്ട മനുഷ്യൻ

കൂട്ടുകാരേ ,

ഞാൻ നിങ്ങളോട് പറയാൻ പോകുന്നത് അമേരിക്കൻ പ്രസിഡണ്ട് എബ്രഹാം ലിങ്കണിന്റെ ജീവിതത്തിൽ സംഭവിച്ച ഒരു കൊച്ചു കഥയാണ്. പത്തു മുപ്പത് പേർ പഠിക്കുന്ന ഒരു ക്ലാസിൽ ഒരു ഉഴപ്പനായി നടന്നവൻ ,ആരാരും ശ്രദ്ധിക്കപ്പെടാത്തവൻ. സമൂഹത്തിൽ വലിയ പ്രാധാന്യമില്ലാത്ത വ്യക്തി. ഒരിക്കൽ ടീച്ചർ ക്ലാസിൽ വന്ന് കുട്ടികളോടെല്ലാം ചോദിച്ചു. നിങ്ങളുടെയെല്ലാം ആഗ്രഹം എന്താവണം എന്നാണ്. ഓരോ കുട്ടികളും അവരുടെ ആഗ്രഹങ്ങൾ പറഞ്ഞു. ഓരോ കുട്ടികളും ടീച്ചർ, ഡോക്ടർ, എഞ്ചിനീയർ എന്നിങ്ങനെ പറഞ്ഞു. ഏറ്റവും പുറകുവശത്തു വന്നപ്പോൾ എബ്രഹാം ലിങ്കൺ പറഞ്ഞു:എനിക്ക് അമേരിക്കൻ പ്രസിഡണ്ട് ആവണമെന്ന്. ടീച്ചർ ഒരു നിമിഷം നിശബ്ദമായി നിന്നു. എന്നിട്ട് ടീച്ചർ പറഞ്ഞു ഹേയ് വിഡ്ഢി....നിനക്ക് നാണമില്ലേ ഇത്രയും ഉയർന്ന ഒരു പദവി നിന്നെപ്പോലെ ഒരുത്തൻ ആകണമെന്ന് പറയുന്നത് തന്നെ തെറ്റാണ്. അവനെ കളിയാക്കി. അവനെ നാണം കെടുത്തിയപ്പോൾ ഒരു കൂരമ്പുപോലെ അവന്റെ നെഞ്ചിൽ കുത്തിക്കയറി അവന്റെ ഹൃദയം പൊട്ടിത്തകർന്നു. നിങ്ങൾക്കറിയാമോ? എബ്രഹാം ലിങ്കണിന്റെ സ്വപ്നങ്ങൾക്ക് അന്നു മുതൽ ശക്തി കൂടി. അദ്ദേഹം വിചാരിച്ചു. എന്നാ പിന്നെ കാണണമല്ലോ. ഞാൻ അമേരിക്കൻ പ്രസിഡണ്ട് ആവുമെന്ന് പറഞ്ഞു. എബ്രഹാം ലിങ്കണെപ്പോലെ ഒരാൾക്ക് അമേരിക്കൻ പ്രസിഡണ്ട് ആവാൻ പറ്റില്ല. അവരുടെ സ്റ്റാറ്റസ് അത്രക്കും മോശമായിരുന്നു. ഞാൻ ഒരൊറ്റ കാര്യം മാത്രമേ നിങ്ങളോട് ചോദിക്കുന്നുള്ളൂ. നിങ്ങൾക്ക് സ്വപ്നം ഉണ്ടോ. സ്വപ്നം ഉണ്ടെങ്കിൽ നിങ്ങൾ എത്തിച്ചേരേണ്ടിടത്ത് എത്തിച്ചേരുക തന്നെ ചെയ്യും. സ്വപ്നമില്ലാത്തത് കൊണ്ടാണ് എവിടെയും എത്തിച്ചേരാൻ പറ്റാത്തത്. നമ്മുടെ കുടുംബത്തിന്റെയോ പണത്തിന്റെ വലുപ്പമല്ല നമ്മെ ഒരു സ്ഥാനത്ത് എത്തിക്കുന്നത്. സ്വപ്നത്തിന്റെ വലിപ്പമാണ്. നമ്മെ ഉയരങ്ങളിൽ എത്തിക്കുന്നത്. സ്വപ്നം ഉണ്ടെങ്കിൽ നമ്മൾ ആ നിലവാരത്തിൽ എത്തിയിരിക്കും.

***<u>ഗുണപാഠം</u> : എല്ലാവരും സ്വപ്നങ്ങൾ കാണുക . കണ്ടുകൊണ്ടേയിരിക്കുക . തീർച്ചയായും നിങ്ങൾ ആ പദവിയിൽ എത്തിയിരിക്കും.***



*AnupamVijay 9B*

**LITTLE KITES**

# PATTAMBI SUB DISTRICT CAMP





In Sub district camp,it is a good experience to me, 48 students came to the camp from pattambi sub district schools.

In first day there were two sections **General and Programming.** In general all students in animation and programming faced some activities. After the general section the class was divided to two classes. The programming students went to MP room in our school and rest of class were held there.

In the programming section we got a project to make a game on launching of chandrayaan2.The end of the day sir give a home work to complete the project and present next day

In second day our project is to make a game on landing of chandrayaan2,the second day was quite good for me comparing to the first day, the first day was full of tension and worries but in the second day I think that I am performed well as compare to the first day. The good thing is that I met my old friends in camp.

Thanks for Simraj sir for selecting me to the camp and this camp gave great experience in my life, i can’t forget those days.




# വേണ്ട ലഹരിയുടെ പെരുവഴി

ലോകത്തിൽ ഏറ്റവും കൂടുതൽ വിറ്റുവരവുള്ള വ്യാപാര മേഖലകൾ പെട്രോളിയവും ആയുധവുമാണ്. ഏകദേശം 60000 കോടി ഡോളർ വിറ്റുവരവുള്ള ലഹരിമരുന്ന് കച്ചവടമാണ് മൂന്നാം സ്ഥാനത്ത് ലോകത്താകമാനം ഏകദേശം 20 കോടി ആളുകൾ ഏതെങ്കിലും തരത്തിലുള്ള ലഹരി ഉപയോഗിക്കുന്നവരാണെന്ന് കണ്ടെത്തിയിരിക്കുന്നു.മാഫിയകളെയും ഗുണ്ടാസംഘങ്ങളെയും അഴിമതിക്കാരായ ഉദ്യോഗസ്ഥരെയും സമ്പന്നരാകുന്നതിനും തീവ്രവാദപ്രവർത്തനങ്ങളെ ശക്തിപ്പെടുത്തുന്നതിനും ലഹരി വ്യാപാരം സഹായിച്ചുവരുന്നു.

കഞ്ചാവ്, കറുപ്പ്, ഹെറോയിൻ, ചിലതരം അലോപ്പതി ഔഷധങ്ങൾ എന്നിവയാണ് ഇന്ത്യയിൽ പ്രധാനമായും ഉപയോഗിക്കപ്പെടുന്ന ലഹരിമരുന്നുകൾ. ഇതിൽ തന്നെ കഞ്ചാവിൽ നിന്ന് ഉൽപ്പാദിപ്പിക്കപ്പെടുന്ന ചരസ്, ഭാംഗ്, ഹഷീഷ് എന്നിവ വളരെ വ്യാപകമായി ഉപയോഗിക്കപ്പെടുന്നു. അതുപോലെ ചില പ്രത്യേകതരം വേദന സംഹാരികളും കഫ് സിറപ്പുകളും ആശങ്കാജനകമായ രീതിയിൽ ദുരുപയോഗം ചെയ്യപ്പെടുന്നുണ്ട്. പ്രസരിപ്പുള്ള ഒരു സമൂഹത്തിനാവശ്യമായ ഉറപ്പുള്ള കുടുംബ ബന്ധങ്ങളെയും ആരോഗ്യമുള്ള തൊഴിലാളികളേയും വിശ്വസ്ഥതയുള്ള ഉദ്യോഗസ്ഥരേയും നിയമ ബോധമുള്ള പൗരന്മാരേയും ലഹരി ഇല്ലാതാക്കുന്നു.

പെരുകിക്കൊണ്ടിരിക്കുന്ന കുറ്റകൃത്യങ്ങളുടെയും ആത്മഹത്യകളുടെയും നിരക്ക്,ഗുണ്ടാസംഘങ്ങളുടെ വളർച്ച, സ്ത്രീപീഡനം, ശാരീരികവും മാനസികവുമായ രോഗങ്ങളുടെ വർധന എന്നിവയൊക്കെ ലഹരിമരുന്ന് ഉപയോഗത്തിന്റെ ബാക്കിപത്രങ്ങളാണ്. ലഹരിമരുന്നിന് അടിമകളായിട്ടുള്ള കോടിക്കണക്കിനാളുകൾ ജീവിതത്തിനും മരണത്തിനുമിടയിൽ നരകതുല്യമായ ജീവിതംനയിച്ചുകൊണ്ടിരിക്കുന്നു.

നമ്മുടെ സമൂഹത്തിൽ സമ്പദ്ഘടനയുടെ ഭദ്രതയ്ക്ക് ഏറ്റവും വലിയ വെല്ലുവിളിയായി വളർന്നു കൊണ്ടിരിയ്ക്കുന്ന ലഹരിമരുന്നുകളുടെ വ്യാപനത്തെയും ദുരുപയോഗത്തെയും എന്തു വിലകൊടുത്തും തടയേണ്ടത് പൊതുസമൂഹത്തിന്റെ ആവശ്യമണ്. ശക്തമായ നിയമ നടപടികളോടൊപ്പം ബോധവൽക്കരണത്തിലൂടെയും സർക്കാർ - സർക്കാരിതര സംഘടനകളുടെ കൈകോർത്തുള്ള പരുവർത്തനങ്ങളിലൂടെയും ഈ മാരക വിപത്തിനെ നമുക്ക് നിയന്ത്രിക്കുകയും ഇല്ലതാക്കുകയും ചെയ്യാം.

ഒരിയ്ക്കൽ പെട്ടുപോയാൽ കരകയറാൻ ഏറെ പ്രയാസമുള്ള ഒരു പടുകുഴിയാണ് ലഹരിയുടേത്. മദ്യമായാലും പുകവലിയായാലും മറ്റു ലഹരിവസ്തുക്കളായാലും അന്തിമമായി നയിക്കുന്നത് ദുരിതങ്ങളിലേക്കും രോഗങ്ങളിലേക്കും തന്നെയാണ്. അതുകൊണ്ട് ലഹരിയിലേക്കുള്ള ഏതു പ്രലോഭനങ്ങളോടും നമുക്ക് പറയാം: "**വേണ്ടാ ലഹരിയുടെ പെരുവഴി...**"

SINU. C. SISON
Teacher trainee
NSS trainig collage
Ottappalam

# സ്കൂൾ ടൈംസ്

ലിറ്റിൽ കൈറ്റ്സ് വാർത്താപത്രിക
2O016/ജി.എച്ച്.എസ്.എസ്.പട്ടാമ്പി

LK /2018/20016

## ലിറ്റിൽ കൈറ്റ്സ്

നമ്മുടെ സ്കൂളിൽ കഴിഞ്ഞ വർഷം രൂപീകരിച്ച ലിറ്റിൽ കൈറ്റ്സ് ക്ലബിൽ 10 ,9 ,8 ക്ളാസുകളിലായി 120 കുട്ടികൾ അംഗങ്ങളായിട്ടുണ്ട്. സ്കൂളിലെ ഹൈടെക്ക് സംവിധാനങ്ങൾ കൃത്യതയോടെ കൈകാര്യം ചെയ്യുന്ന തിനും വിവിധ പ്രവർത്തനങ്ങൾ ഡോക്യുമെന്റ് ചെയ്യുന്നതിനും ക്ലബ് അംഗങ്ങൾ മുഖ്യപങ്കുവഹിക്കുന്നുണ്ട്. കുറഞ്ഞ കാലയളവിനുള്ളിൽ കഴിഞ്ഞ വർഷം ശ്രദ്ധേയമായ ലിറ്റിൽ കൈറ്റ് ഡിജിറ്റൽ മാഗസിൻ പുറത്തിറക്കാനും നമ്മുടെ കുട്ടികൾക്ക് കഴിഞ്ഞിരുന്നു.



പട്ടാമ്പി മുനിസിപ്പൽ ചെയർമാൻ മെമന്റോ നൽകി ആയാസ് മുഹമ്മദിനെ അനുമോദിക്കുന്നു

മൂന്ന് ന്യൂസ് വീഡിയോകൾ വിക്ടേഴ്സ് ചാനലിൽ അപ്‌ലോഡു ചെയ്യാൻ നമുക്ക് കഴിഞ്ഞിരുന്നു.
നിലവിലെ ഒൻപതാം ക്ലാസിലെ ലിറ്റിൽ കൈറ്റ്സിനുള്ള മലയാളം കമ്പ്യൂട്ടിങ് , അനിമേഷൻ,ന്യൂസ് റിപ്പോർട്ടിങ് ആൻറ് വിഡിയോഗ്രഫി , ഒഡാസിറ്റി ഓഡിയോ എഡിറ്റർ , കെഡൻലൈവ് വീഡിയോ എഡിറ്റർ എന്നിവയിൽ പരിശീലനം ട‍ുടരുന്നു.

ആദ്യ ബാച്ചിലെ ആയാസ് മുഹമ്മദിന് പ്രോഗ്രാമിങിൽ എറണാകുളത്ത് സ്റ്റാർട്ടപ്പ് മിഷനിൽ നടക്കുന്ന സ്റ്റേറ്റ് തലക്യാമ്പിലേക്ക് സെലക്ഷൻ കിട്ടിയത് നമ്മുടെ യൂണിറ്റിന്റെ പ്രവർത്തന മികവിന് ലഭിച്ച വലിയ അംഗീകാരമാണ്.

രണ്ടാം ബാച്ചിനായുള്ള എക്സ്പേർട്ട് ക്ലാസ്സ് ശ്രീ. പ്രകാശ് മണികണ്ഠൻ മാഷിന്റെ നേതൃത്വ ത്തിൽ നടന്നു. TupiTube സോഫ്റ്റ്‌വെയർ ഉപയോഗിച്ചുള്ള 2d അനിമേഷൻ പരിശീലനം കുട്ടികൾ ആവേശപൂർവം സ്വീകരിച്ചു.

## പ്രവേശനോത്സവം

2019 -20 അധ്യയന വർഷത്തെ പ്രവേശനോത്സവം വിവിധ പരിപാടി



കളോടെ ആഘോഷിച്ചു. ബഹു.മുനിസിപ്പൽ ചെയർമാൻ ശ്രീ.K S.B A തങ്ങൾ അധ്യക്ഷത



വഹിച്ച ചടങ്ങ് ബഹു.പട്ടാമ്പി എം.എൽ.എ ശ്രീ. മുഹമ്മദ് മുഹ്സിൻ ഉദ്ഘാടനം ചെയ്തു.വാർഡ് മെമ്പർ ശ്രീ.മോഹനസുന്ദരൻ. ഹെഡ്മാസ്റ്റർ ശ്രീ ഇ.പ്രകാശ് ,പി.ടി.എ പ്രസിഡണ്ട് ശ്രീ.ഷാനവാസ് എന്നിവർ സംസാരിച്ചു

## വിദ്യാരംഗം ക്ലബ്



2019 - 2020 അധ്യയന വർഷത്തിലെ മികവുറ്റ പ്രവർത്തനങ്ങൾക്കായി വിദ്യാരംഗം ക്ലബ് അംഗങ്ങളുടെ യോഗം ചേർന്നു. സുഗമമായ പ്രവർത്തന നടത്തിപ്പിനായി ലീഡർമാരെ തെരഞ്ഞെടുത്ത് വായനാദിനം വിപുലമായി ആഘോഷിച്ചു. ഉദ്ഘാടന ചടങ്ങിൽ ഫ്ലവേഴ്സ് കോമഡി താരം പ്രകാശൻ കൊട്ടുമുണ്ട,നാടൻപാട്ട് കലാകാരൻ പ്രജിത് ചേതന എന്നിവർ പങ്കെടുത്തു.

**വായനാവാരം** - കഥാരചന,കവിതാരചന, കാവ്യാലാപനം തുടങ്ങിയ മത്സരങ്ങളോടെ സമാപിച്ചു.

സ്കൂൾവിക്കി വിലാസം - https://schoolwiki.in/G.H.S.S.PATTAMBI

## ജൂലായ് 5 ബഷീർ ദിനം



മലയാളത്തിന്റെ പ്രിയ സാഹിത്യകാരൻ ബേപ്പൂർ സുൽത്താന്റെ ചരമദിനവുമായി ബന്ധപ്പെട്ട് വിദ്യാരംഗം ക്ലബ് അംഗങ്ങൾ ലൈബ്രറിയിൽ ഒത്തുചേർന്നു. പി.ഹരിദാസൻ മാസ്റ്റർ 'ബഷീർ മലയാള സാഹിത്യത്തിൽ' എന്ന വിഷയത്തെ കുറിച്ച് സംസാരിച്ചു . തുടർന്ന് വിദ്യാർത്ഥികൾ തയ്യാറാക്കിയ ചാർട്ട് പ്രദർശനം നടന്നു. ബഷീറിന്റെ കഥാപാത്രങ്ങൾ ചാർട്ടിലൂടെ പുനർ ജീവിച്ചത് കാണാമായിരുന്നു . 'ബഷീർ ദ മാൻ ' ഡോക്യുമെന്ററി പ്രദർശനം സ്മാർട്ട് ക്ലാസ് റൂമിൽ വച്ച് നടത്തി




## യു.പി. വിശേഷങ്ങൾ

2019 -20 അധ്യയന വർഷത്തെ പ്രവേശനോത്സവം അതിവിപുലമായി ആഘോഷിച്ചു.പരിസ്ഥിതി ദിന ത്തോടനുബന്ധിച്ച് വിദ്യാർത്ഥികൾക്ക് വൃക്ഷത്തൈ വിതരണം ചെയ്തു. വിദ്യാരംഗം ക്ലബിന്റെ ആഭിമുഖ്യത്തിൽ പോസ്റ്റർ രചന , കവിത രചന , കവിതാലാപനം , കഥാ രചന മത്സരങ്ങൾ നടത്തി . വിജയികൾക്ക് ട്രോഫികൾ നൽകി . വിവിധ ക്ലബുകളുടെ രൂപീകരണം നടന്നു. . എല്ലാ മാസവും ഒരു ക്വിസ് പ്രോഗ്രാം നടത്താൻ തീരുമാനിച്ചതിന്റെ ഭാഗമായി ജൂൺ മാസത്തിൽ ICT സാധ്യത ഉപയോഗിച്ച് ക്വിസ്



പ്രോഗ്രാം നടത്തി.വിജയിച്ച ക്ലാസ്സിന് റോളിംഗ് ട്രോഫി നൽകി . അറബി ക്ലബിന്റെ നേതൃത്വത്തിൽ വായന മത്സരം , ടാലന്റ് ടെസ്റ്റ്, നടത്തി വിജയികളായവരെ സബ് ജില്ലയിൽ പങ്കെടുപ്പിച്ചു.

## പ്രവൃത്തി പരിചയശില്പശാല

പ്രവൃത്തി പരിചയ ക്ലബിന്റെ ഉദ്ഘാടനത്തോടനുബന്ധിച്ച്



വട്ടേനാട് ഹൈസ്കൂളിലെ ബഷീർ സർ യു.പി ക്ലാസ്സിലെ കുട്ടികൾക്കായി ഒരു ദിവസത്തെ ശില്പശാല നടത്തി. പേപ്പർ ക്രാഫ്റ്റ് ,പാഴ് വസ്തുക്കൾ ഉപ യോഗിച്ചുള്ള നിർമ്മാണ പ്രവർത്ത നങ്ങൾ എന്നിവ ശില്പശാലക്ക് മാറ്റുകൂട്ടി

## പത്താം ക്ലാസ് വിദ്യാർത്ഥികളുടെ രക്ഷിതാക്കൾക്കായി കൗൺസിലിംഗ് ക്ലാസ്

2019-2020 അധ്യയനവർഷത്തിലെ എസ് എസ് എൽ സി വിദ്യാർത്ഥി കളുടെ രക്ഷിതാക്കൾക്കായി ക്ലാസ് പി. ടി.എ യും കൗൺസിലിംഗ് ക്ലാസും സംഘടിപ്പിച്ചു. ഡോ.ജോയ് ഇട്ട്യേച്ചൻ ക്ലാസിന് നേതൃത്വം നൽകി .



കുട്ടികളുടെ വിജയത്തിന് അവരുടെ സ്വാഭാവിക പഠനപ്രക്രിയയിൽ രക്ഷിതാക്കളുടെ ഇടപെടലുകളിൽ വരുത്തേണ്ട മാറ്റങ്ങളെ കുറിച്ച് വളരെ രസകരമായ അനുഭവ കഥകളിലൂടെ ഉള്ള അദ്ദേഹത്തിന്റെ വിവരണങ്ങൾ രക്ഷിതാക്കളുടെ ചിന്തയിൽ പ്രകാശം പരത്തുന്നതായിരുന്നു. ശിക്ഷണ ങ്ങൾക്ക് പകരം സ്നേഹത്തോടെയുള്ള തലോടലുകൾക്ക് പ്രാധാന്യം കൊടുക്കാനും കുട്ടികളെ അടുത്തറിയുവാനും വീടുകളിൽ അവസരങ്ങൾ ഉണ്ടാക്കണം എന്ന് അദ്ദേഹം രക്ഷിതാക്കളെ ബോധ്യപ്പെടുത്തി.

## ഇംഗ്ലീഷ് ക്ലബ്ബ്



പട്ടാമ്പി ഗവ: ഹൈസ്കൂളിലെ ഇംഗ്ലീഷ് ക്ലബ്ബിന്റെ ഉദ്ഘാടനം ഹയർസെക്കൻണ്ടറി വിഭാഗം ഇംഗ്ലീഷ് അധ്യാപകൻ ശ്രീ അഷറഫ്.പി ഉദ്ഘാടനം ചെയ്തു. ക്ലബ്ബ് കൺവീനർ നിഷാരാജ് സ്വാഗതം ആശംസിച്ചു. സബ്ജക്ട് കൗൺ സിൽ കൺവീനർ നസീമ നന്ദിയും വിദ്യാർത്ഥി പ്രതിനിധി അശ്വതി ആശംസയും അർപ്പിച്ച പ്രസ്തുത യോഗത്തിൽ വിദ്യാർത്ഥികളുടെ കലാപരിപാടികളും അരങ്ങേറി. ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ വിവിധ പ്രവർത്തനങ്ങൾ നടന്നു വരുന്നു.

സ്കൂൾവിക്കി വിലാസം - https://schoolwiki.in/G.H.S.S.PATTAMBI



ഇംഗ്ലീഷ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ പുതുതായി തയ്യാറാക്കുന്ന മാഗസിന്റെ പ്രവർത്തനം പുരോഗമിക്കുന്നു.

## പ്രേംചന്ദ് ദിനാചരണം



2019-20 ഹിന്ദി ക്ലബിന്റെ ഉദ്ഘാടനം ഹയർ സെക്കൻഡറി അധ്യാപിക ശ്രീമതി ജലജ ഉദ്ഘാടനം നിർവഹിച്ചു. ക്ലബിന്റെ ആഭിമുഖ്യത്തിൽ പ്രേംചന്ദ് ദിനാചരണം നടന്നു. പരിപാടിയുടെ



ഉദ്ഘാടനം ഒറ്റപ്പാലം എൻ. എസ്. എസ് കോളേജിലെ ഹിന്ദി അധ്യാപിക ശ്രീമതി മഞ്ജുള നിർവഹിച്ചു. പ്രേംചന്ദിന്റെ രചനകളെ കുറിച്ചും ഹിന്ദി സാഹിത്യത്തിന് അദ്ദേഹം നൽകിയ സംഭാവനകളെക്കുറിച്ചും കുട്ടികൾക്ക് താല്പര്യം ഉണർത്തുന്ന രീതിയിൽ അവരുമായി സംവദിച്ചു. ഹെഡ്മിസ്ട്രസ് രാധ ടീച്ചർ , സ്റ്റാഫ് സെക്രട്ടറി തുടങ്ങിയവർ പ്രസംഗിച്ചു. ക്ലബ് കൺവീനർ ജാനകി ടീച്ചർ നന്ദി പറഞ്ഞു.

നമ്മുടെ
ലിറ്റിൽകൈറ്റ്
മാഗസിൻ

## അറബിക് ക്ലബ്ബ്



2019-20 വർഷത്തെ അറബിക് ക്ലബ്ബ് ഉദ്ഘാടനം 24-6-2019 ന് 2 മണിക്ക് പ്രസിദ്ധ മാപ്പിളപ്പാട്ട് കലാകാരൻ യൂസഫ് കാരക്കാട് നിർവ്വഹിച്ചു. വായനാ ദിനത്തോട് അനുബന്ധിച്ച് യു പി തലത്തിൽ വായനാമത്സരവും ഹൈസ്കൂൾതലത്തിൽ ക്വിസ്സ് മത്സരവും നടത്തി. പുകയില വിരുദ്ധ ദിനാചരണത്തിന്റെ ഭാഗമായി നടന്ന ബോധവൽക്കരണ ക്ലാസ്സിൽ ക്ലബ്ബംഗങ്ങൾ സജീവമായി പങ്കെടുത്തു. ചാന്ദ്രദിനത്തിൽ ചാർട്ടുകൾ തയ്യാറാക്കുകയും കറിപ്പുകൾ തയ്യാറാക്കി സമർപ്പിക്കുകയും ചെയ്തു.
ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കപ്പെട്ട ഈദ് സൗഹൃദ സംഗമത്തിൽ മുഖ്യാതിഥിയായി എത്തിയ നിസാർ അഹമ്മദ് മാസ്റ്റർ കുട്ടികളുമായി സംവദിച്ചു.

## സംസ്കൃതം ക്ലബ്



പട്ടാമ്പി ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ സംസ്കൃതം ക്ലബ് ഉദ്ഘാടനം സംസ്കൃതാധ്യാപകൻ സുധീപിന്റെ നേതൃത്വത്തിൽ സ്മാർട്ട് ക്ലാസ് റൂമിൽ വെച്ച് നടന്നു.

## പരിസ്ഥിതി ക്ലബ്

കേരളവനം വന്യജീവി വകുപ്പ് പരിസ്ഥിതി ദിനം ഹരിതകേരളം ജില്ലാതല ഉദ്ഘാടനം പട്ടാമ്പി എംഎൽഎ മുഹമ്മദ് മുഹ്സിൻ നിർവ്വഹിച്ചു. ജില്ലാപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി ശാന്തകുമാരി അധ്യക്ഷത വഹിച്ചു. നഗരസഭ ചെയർമാൻ ശ്രീ. KSBA തങ്ങൾ പരിസ്ഥിതിദിന സന്ദേശം നൽകി. സ്കൂൾതലത്തിൽ വിവിധ പരിപാടികൾ സംഘടിപ്പിച്ചു.



പരിസ്ഥിതി ക്ലബ്ബിന്റെ നേതൃത്യത്തിൽ മണ്ണിര കമ്പോസ്റ്റ് നിർമ്മാണത്തിന്റെ ഭാഗമായി മണ്ണിരകളെ നിക്ഷേപിച്ചു

## ഗണിത ക്ലബ്

21-6-2019 ന് ഡെപ്യൂട്ടി എച്ച് എം സുഷമ ടീച്ചർ ഗണിത ക്ലബ് ഉദ്ഘാടനം നിർവഹിച്ചു.



കുട്ടികളുടെ കൺവീനറായി അനുപം വിജയനെയും ജോയന്റ് കൺവീനറായി സതോരി, ഉമ്മറുൽ ഫാറൂഖ് എന്നിവരെയും തിരഞ്ഞെടുത്തു . ജൂൺ മാസത്തിലെ ഗണിതക്ലബ് പ്രവർത്തനമായി ഗണിത ക്വിസ് നടത്തുകയുണ്ടായി. ആയാസ് മുഹമ്മദ്, ഉമ്മറുൽ ഫാറൂഖ്,എന്നിവർ ഒന്നാം സ്ഥാനവും ശ്രീദേവ് രണ്ടാം സ്ഥാനവും കരസ്ഥമാക്കി. ജൂലൈ മാസം മുതൽ ഓരോ ക്ലാസിലെയും ഗണിത പ്രവർത്തനങ്ങൾ പ്രദർശിപ്പിക്കുന്നതിന് ഗണിതബോർഡും സ്ഥാപിച്ചു

## സയൻസ് ക്ലബ്

സയൻസ് ക്ലബ് രൂപീകരണ യോഗം 20-6-2019 വ്യാഴാഴ്ച 3 മണിക്ക് സ്മാർട്ട് ക്ലാസ് റൂമിൽ നടന്നു. സയൻസ്

സ്കൂൾവിക്കി വിലാസം - https://schoolwiki.in/G.H.S.S.PATTAMBI

3 Little kites GHSS Pattambi / News / August 2019

സീനിയർ അധ്യാപിക മിനി ടീച്ചർ ഉദ്ഘാടനം നടത്തി. സയൻസ് ക്ലബ് കൺവീനർ ആശ ടീച്ചർ സ്വാഗതം പറഞ്ഞു. തീയില്ലാതെ തിരിതെളിയിക്കൽ, നിർവീരീകരണം തുടങ്ങിയ ചെറു പരീക്ഷണങ്ങൾ



അനില ടീച്ചർ, ശാലിനി ടീച്ചർ, സുമം ജോസഫ് ടീച്ചർ, സാലി ടീച്ചർ എന്നിവരുടെ നേതൃത്വത്തിൽ നടന്നു. സുമം ടീച്ചർ,സാലി ടീച്ചർ,സോജ ടീച്ചർ,ശ്രീലത ടീച്ചർ എന്നിവർ ആശംസകൾ പറഞ്ഞു.2019-2020 വർഷത്തെ സയൻസ് ക്ലബ് ഭാരവാഹികളുടെ തെരഞ്ഞെടുപ്പും നടന്നു.

## ചാന്ദ്രദിനാഘോഷം



ശാസ്ത്ര സാമൂഹ്യശാസ്ത്രക്ലബ്ബിന്റെ നേതൃത്വത്തിൽ വിവിധ പരിപാടികളോടുകൂടി ചാന്ദ്രദിനം ആഘോഷിച്ചു. ക്വിസ്സ്, വീഡിയോ പ്രദർശനം, പതിപ്പ് നിർമാണം, ചാർട്ട് പ്രദർശനം എന്നിവ നടത്തി. ചാന്ദ്രയാൻ-2 വിക്ഷേപണം കുട്ടികൾക്ക് തൽസമയം നിരീക്ഷിക്കാനുള്ള അവസരം നൽകി.

## സാമൂഹ്യ ശാസ്ത്ര ക്ലബ്

ക്ലബിന്റെ ഉദ്ഘാടനവും ക്ലബ് രൂപീകരണവും വിവിധ പരിപാടികളോടെ നടന്നു. ചാന്ദ്രദിനത്തിൽ കുട്ടികൾ പ്രവർത്തനങ്ങളിൽ സജീവമായി പങ്കെടുത്തു.യോഗദിനം ആചരിച്ചു

സാമൂഹ്യ ശാസ്ത്ര ക്ലബ്ബിന്റെ നേതൃത്വത്തിൽ യുദ്ധവിരുദ്ധ റാലിയും യുദ്ധവിരുദ്ധ പ്രതിജ്ഞയും നടത്തി.



പട്ടാമ്പി പോലീസ് സർക്കിൾ ഇൻസ്പെക്ടർ വിജയകുമാർ യുദ്ധവിരുദ്ധ പ്രതിജ്ഞ ചൊല്ലിക്കൊടുത്ത് റാലിയുടെ ഉദ്ഘാടനം നിർവ്വഹിച്ചു.എ.എസ്.ഐ ശിവശങ്കരൻ, ജനമൈത്രി പോലീസ് ചുമതലയുള്ള സിവിൽ പോലീസ് ഓഫീസർ വിനോദ് ,അധ്യാപകരായ പ്രശാന്ത്,രാമൻകുട്ടി,ഹരിദാസൻ, നസീർ, അബ്ദുൾ റസാക്ക് തുടങ്ങിയവർ സംസാരിച്ചു . സ്കൂളിൽ നിന്ന് ആരംഭിച്ച യുദ്ധവിരുദ്ധ സന്ദേശ റാലിയുടെ സമാപനം പട്ടാമ്പി പോലീസ് സ്റ്റേഷൻ പരിസരത്തായിരുന്നു.

## ലഹരി വിരുദ്ധ ദിനം



ലഹരി വിരുദ്ധദിനം ആചരിച്ചു. ദിനാചരണത്തിന്റെ ഉദ്ഘാടനം സിവിൽ എക്സൈസ് ഓഫീസർ സ്മിത നിർവ്വഹിച്ചു. ലഹരി വിരുദ്ധ പ്രവർത്തകൻ അബ്ദു റഹിമാൻ റഹിമി ബോധവത്കരണ ക്ലാസ് നടത്തി.

സമൂഹത്തിലും അതിന്റെ ഭാഗമായ വിദ്യാലയങ്ങളിലും പിടിമുറുക്കാൻ കാത്തു നിൽക്കുന്ന ലഹരി മാഫിയയുടെ പ്രലോഭനങ്ങളിൽ കുട്ടികൾ ആകർഷകരാവുന്ന ഇക്കാലത്ത് ഇത്തരത്തിലുള്ള ജാഗ്രതാ പ്രവർത്തനങ്ങൾ അനിവാര്യമാണ് .

## ബർണാഡ്ഷാ ദിനം

പട്ടാമ്പി ഗവർണ്മെന്റ് ഹയർ സെക്കണ്ടറി സ്കൂളിലെ ഇംഗ്ലീഷ് ക്ലബിന്റെ ആഭിമുഖ്യത്തിൽ ബർണാഡ്ഷാ ദിനാചരണം സംഘടിപ്പിച്ചു.ചടങ്ങിൽ സ്കൂൾ പ്രധാനാധ്യാപിക ടി. രാധ അധ്യക്ഷത വഹിച്ചു. **കമ്യൂണിക്കേഷൺ ആൻഡ് ട്രാൻസ്ഫർ ഓഫ് മൈൻഡ്** എന്ന വിഷയത്തിൽ തെങ്കര ഗവർണ്മെന്റ് ഹയർ സെക്കണ്ടറി സ്കൂളിലെ അദ്ധ്യാപകനും പരിശീലകനുമായ



ഡോ: എൻ.വി ജയരാജൻ ക്ലാസ്സെടുത്തു. ഇംഗ്ലീഷ് ഭാഷാ പ്രയോഗ മാധുര്യവും ആശയവിനിമയത്തിന് ഉപയോഗിക്കുന്നതിനുള്ള മനോധൈര്യവും കുട്ടികളിലേക്ക് പകരാൻ അദ്ദേഹത്തിന്റെ മാതൃകാപരമായ ക്ലാസ്സിന് കഴിഞ്ഞു ഡെപ്യൂട്ടി എച്ച്.എം എസ് സുഷമ, ക്ലബ് കൺവീനർ നിഷാരാജ്, അധ്യാപകരായ പി.ഹരിദാസ് , എ.എം പ്രശാന്ത്, വി.അബ്ദുൾ റസാഖ്, നസീമ എന്നിവർ സംസാരിച്ചു

## കായിക പ്രതിഭകൾക്കുള്ള പരിശീലനങ്ങൾ

പാലക്കാട് ജില്ലയിലെ തൃത്താല, പട്ടാമ്പി , ചെർപ്പുളശ്ശേരി, ഷൊർണൂർ, ഒറ്റപ്പാലം സബ് ജില്ലകളിലെ 12 ഓളം സ്കൂളിലെ 25 വിദ്യാർത്ഥികൾ പങ്കെടുക്കുന്ന കിക്കോഫ് ഫുട്ബോൾ ട്രെയിനിംഗ് സ്കീം രണ്ടാം വർഷത്തിലേക്ക് . ശനി, ഞായർ ദിവസങ്ങളിലായി നടക്കുന്ന പരിശീലനത്തിൽ നമ്മുടെ സ്കൂളിൽനിന്നും 6 കുട്ടികൾ ഉണ്ട്.



കൂടാതെ എട്ടാം ക്ലാസ്സിലെ കുട്ടികൾക്കായുള്ള കായിക യുവജനക്ഷേമ വകുപ്പും കേരള സർക്കാരും കൂടി നടത്തുന്ന ഇൻട്രാമുറൽ ഫുട്ബോൾ മത്സരവും നടന്നു '

## വിജയോത്സവം



കഴിഞ്ഞ അധ്യയന വർഷത്തിൽ ഉന്നത വിജയം നേടിയവരെ അനുമോദിക്കുന്നതായി വിജയോത്സവം സംഘടിപ്പിച്ചു. എസ്എസ്എൽസി, പ്ലസ് ടു പരീക്ഷകളിൽ ഉന്നത വിജയം കരസ്ഥമാക്കിയ വിദ്യാർത്ഥികളെ ഉപഹാരം നൽകി അനുമോദിച്ചു.

പട്ടാമ്പി എംഎൽഎ ശ്രീ.മുഹമ്മദ് മുഹ്സിൻ വിജയോത്സവം ഉദ്ഘാടനം ചെയ്തു ചടങ്ങിൽ മികച്ച അധ്യാപകർക്കും ഉപഹാരം നൽകി. നഗരസഭ ചെയർമാൻ ശ്രീ. കെ എസ് ബി എ തങ്ങൾ അധ്യക്ഷത വഹിച്ചു.

നഗരസഭ കൗൺസിലർമാരായ ശ്രീമതി.കെ.ഗീത, ശ്രീ.കെ.വി.എ ജബ്ബാർ, ശ്രീ.കെ.സി ഗിരീഷ്, ശ്രീ.മോഹന സുന്ദരൻ, പ്രിൻസിപ്പൽ ശ്രീ.മഹാലിംഗം, ഹെഡ്മാസ്റ്റർ ശ്രീ.ഇ പ്രകാശ് , പി.ടി.എ പ്രസിഡന്റ് ശ്രീ. ഷാനവാസ് എന്നിവർ പങ്കെടുത്തു.











## ഇന്ററാക്ട് ക്ലബ്

പട്ടാമ്പി റോട്ടറി ക്ലബിന്റെ നേതൃത്വത്തിൽ സ്കൂളിൽ ഇന്ററാക്ട് ക്ലബ് രൂപീകരിച്ചു. . വിദ്യാർത്ഥികളിൽ



മൂല്യാധിഷ്ഠിതവും നൈപുണ്യാധിഷ്ഠിതവുമായ പരിശീലനങ്ങൾ നൽകുന്നതിനോടൊപ്പം അവരിൽ സേവന മനോഭാവം വളർത്തിയെടുക്കുക എന്നതാണ് ഇന്ററാക്ട് ക്ലബിലൂടെ റോട്ടറി ക്ലബ് ലക്ഷ്യമാക്കുന്നതെന്ന് പ്രസിഡണ്ട് ഗിരിശങ്കർ പറഞ്ഞു. ക്ലബിന്റെ ഉദ്ദേശലക്ഷ്യങ്ങളെക്കുറിച്ച് അശോക് കുമാർ ക്ലാസ്സെടുത്തു. റോട്ടറി ക്ലബ് ഭാരവാഹികളായ സെക്രട്ടറി ശരത് സേതു, ഗോപി നായർ, മാലിനി സുബ്രഹ്മണ്യൻ, എസ്.എൻ ജീവൻ തുടങ്ങിയവർ പങ്കെടുത്തു.

## ഗ്രീറ്റിങ്ങ് കാർഡുകൾ

അറബി ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ കുട്ടികൾ നിർമ്മിച്ച പെരുന്നാൾ ആശംസാ കാർഡുകളുടെ പ്രദർശനം



നടന്നു.കരവിരുത് കൊണ്ടും വർണ്ണ ഭംഗികൊണ്ടും ആകർഷകമായിരുന്നു ആശംസാ കാർഡുകൾ.

## സംസ്കൃതദിനം



സംസ്കൃത ദിനം സമുചിതമായി ആചരിച്ചു.സംസ്കൃതം അദ്ധ്യാപകൻ എം.ടി.എം.സുധീപ് നേതൃത്വം നൽകി .

സംസ്കൃതം അസംബ്ലിയും കുട്ടികളുടെ സംസ്കൃത ഗാനാലാപനങ്ങളും പ്രഭാഷണങ്ങളും ഉണ്ടായിരുന്നു.
"ഓം ഭൂർ ഭുവസ്വഹ തത്സവിതോർ വരേണ്യം ഭർഗോദേവ്യസ്യ ധീമഹീ ധിയോയോന പ്രചോദയാത് "- എന്ന ഗായത്രി മന്ത്രം അന്തരീക്ഷം പ്രാർത്ഥനാ നിർഭരമാക്കി.
ഡെപ്യൂട്ടി എച്.എം. സുഷമ ടീച്ചർ അധ്യക്ഷത വഹിച്ചു.

യുട്യൂബ് വിലാസം
Littlekites GHSS Pattambi Palakkad Dist

സ്കൂൾവിക്കി വിലാസം - https://schoolwiki.in/G.H.S.S.PATTAMBI

സംസ്കൃതം വാക്കുകൾ പരിചയപ്പെടുത്തു
ന്നതിനായി പരിചിതമായ വസ്തുക്ക
ളെയും അവയുടെ സംസ്കൃത നാമവും
കാണിച്ച് കുട്ടികൾ പ്രദർശനം നടത്തി .

## ലിറ്റിൽ കൈറ്റ്സ് അനിമേഷൻ ക്ലാസ്സ്

കുട്ടികളെയും മുതിർന്നവരെയും ഒരു
പോലെ അമ്പരിപ്പിക്കുന്ന ചലനാത്മക
കലയാണ് അനിമേഷൻ. InkScape
ഉപയോഗിച്ച് ഇമേജുകളെ
വരച്ചെടുത്ത്,അനുയോജ്യമായ
നിറങ്ങൾ നൽകി സേവ് ചെയ്ത്,
സ്വതന്ത്ര സോഫ്റ്റ്‌വെയറായ
TupiTube ഉപയോഗിച്ച് വരച്ചെടുത്ത
ഇമേജുകളുടെ മൂവ്മെന്റ് ക്രമീകരിച്ച്
അനിമേഷൻ ചെയ്യുന്ന രീതി അതി
ലളിതമായി ശ്രീ.പ്രകാശ് മണികണ്ഠൻ



മാഷ് അവതരിപ്പിച്ചത് കുട്ടികൾ
ആവേശപൂർവ്വം സ്വീകരിച്ചു. കൗതുകം
ജനിപ്പിച്ച പുതിയ അറിവുകൾ
പ്രയോജനപ്പെടുത്തി കുട്ടികൾ
ഇന്റർവെൽ മണിയൊച്ചകൾക്ക്
ചെവിയോർക്കാതെ പ്രവർത്തന
ങ്ങളിൽ ഏർപ്പെട്ടു. ഓരോരുത്തരുടെയും
വർക്കുകൾ പരിശോധിച്ച് ആവശ്യമായ
നിർദ്ദേശങ്ങൾ നൽകി അദ്ദേഹത്തിന്റെ
ക്ലാസ്സ് മുന്നോട്ട് പോയി. എല്ലാവരും
വർക്കുകൾ വീഡിയോ ഫയലായി
ഡെസ്ക്ടോപ്പിൽ ക്രമീകരിച്ച
ഫോൾഡറിലേക്ക് export ചെയ്തു.

ഉച്ചക്ക് ശേഷം ഒഡാസിറ്റി
ഉപയോഗിക്കുന്നതിനെക്കുറിച്ചും
വീഡിയോ ഫയലിൽ ഓഡിയോ
ചേർക്കുന്നതിനെകുറിച്ചും വിശദീ
കരിച്ചു.ഒഡാസിറ്റി ഉപയോഗിച്ച്
റെക്കോഡ് ചെയ്ത ഓഡിയോ
വീഡിയോ എഡിറ്റിങ് സോഫ്റ്റ്‌വെയർ
ഉപയോഗിച്ച് വീഡിയോയിൽ ചേർത്തു.
കുട്ടികളും ഈ പ്രവർത്തനങ്ങളെ
പിന്തുടർന്നു.പുതിയ ആശയങ്ങൾ
ഉൾക്കൊള്ളിച്ച് ലഭ്യമായ അറിവുകളെ
കൂടുതൽ വിപുലമാക്കാൻ അദ്ദേഹം
കുട്ടികളോട് നിർദ്ദേശിച്ചു.

## സ്വാതന്ത്ര്യ ദിനം



മഴക്കെടുതികളുടെ പശ്ചാത്തലത്തിൽ
ഇക്കൊല്ലവും ദേശീയ സ്വാതന്ത്ര്യദിനം
ലളിതമായ ചടങ്ങുകളോടെ ആചരിച്ചു.
"നമ്മുടെ മനസ്സിലും നമ്മുടെ പ്രവർത്തന
ങ്ങളിലും നമ്മുടെ ജീവിതത്തിലും
എല്ലാവരെയും ഒന്നായി കാണാനുള്ള
മനഃസ്ഥിതി ഉണ്ടാവണം" -പട്ടാമ്പി
എം.എൽ.എ ശ്രീ. മുഹമ്മദ് മുഹ്സിൻ
സ്വാതന്ത്ര്യദിന സന്ദേശം നൽകി.




സ്കൂൾ പ്രിൻസിപ്പൽ ശ്രീ. എസ്.
മഹാലിംഗം പതാകയുയർത്തി.തുടർന്ന്
വിദ്യാർത്ഥികൾക്ക് മധുര വിതരണവും
ഉണ്ടായി.

## പുതിയ ഹൈടെക് ക്ലാസ്സ് ഉദ്ഘാടനം



പട്ടാമ്പിയിലെ പ്രമുഖ ജ്വല്ലറി ദുബായ്
ഗോൾഡ് & ഡയമണ്ട്സ് ഹൈടെക്
ആക്കി നവീകരിച്ചു നൽകിയ ക്ലാസ്സ്
മുറി പട്ടാമ്പി എം.എൽ.എ സ്വാതന്ത്ര്യ
ദിനത്തിൽ ഉദ്ഘാടനം ചെയ്തു.
എം.എൽ.എ യുടെ സാന്നിദ്ധ്യത്തിൽ
ദുബായ് ഗോൾഡ് സാരഥികൾ
ഹൈടെക് റൂമിന്റെ ചാവി
HM ശ്രീമതി.രാധടീച്ചറെ ഏൽപ്പിച്ചു.

## ഡിജിറ്റൽ പൂക്കളങ്ങൾ



പ്രളയ കെടുതികളെ മറന്ന് സ്വതന്ത്ര
സോഫ്റ്റ് വെയർ ഉപയോഗിച്ചുള്ള
ഡിജിറ്റൽ പൂക്കളങ്ങളിലേക്ക് കുട്ടുകാർ
ആവേശപൂർവ്വം പൂവിട്ടു. മൂന്നു ബാച്ചു
കളിൽ നിന്നും സജീവമായ പങ്കാളി
ത്തം ഉണ്ടായി.എട്ടാം ക്ലാസ്സുകാർ



tux paint ഉം ഒൻപതും പത്തും
ക്ലാസ്സുകാർ ink scape ഉം ഉപയോഗിച്ചു.
മികച്ച പൂക്കളങ്ങൾ "സ്കൂൾ വിക്കി"
യിലേക്കു അപ്‌ലോഡ് ചെയ്തു.

## സ്കൂൾ ബസ്സ്



പട്ടാമ്പി എം.എൽ.എ മുഹമ്മദ്
മുഹ്സിൻ അദ്ദേഹത്തിന്റെ ആസ്തി
വികസന ഫണ്ടിൽ നിന്നും സ്കൂളിന്
അനുവദിച്ച സ്കൂൾ ബസ്സ് സ്കൂളി
ലെത്തി . ഏറെ കാലമായി കുട്ടികൾ
അനുഭവിക്കുന്ന യാത്രാ ദുരിതത്തിനു
ഇനി വിരാമം .സ്കൂൾ ആവേശപൂർവ്വം
ബസ്സിനെ വരവേറ്റു.

സ്റ്റേറ്റ് ക്യാമ്പിൽ
ആയാസ്
അവതരിപ്പിച്ച
ക്യാമറ റോബോട്ട്

സ്കൂൾവിക്കി വിലാസം - https://schoolwiki.in/G.H.S.S.PATTAMBI



# വേറിട്ട ചിത്രങ്ങൾ

ഡിജിറ്റൽ ക്യാമറയെ തികഞ്ഞ ആത്മ വിശ്വാസത്തോടെ കയ്യിലെടുക്കാനും മാനുവൽ മോഡിൽ മികച്ച ചിത്രങ്ങളെടുക്കാനും മുന്നോട്ടു വന്ന  ആദ്യ ബാച്ചിലെ കുട്ടികൾക്കൊപ്പം സഞ്ചരിച്ച പുതുതലമുറ  ഫോട്ടോഗ്രാഫറെ തിരിച്ചറിയാൻ കഴിയുന്ന വ്യക്തിത്വം

ചിത്രങ്ങളിൽ സന്നിവേശിപ്പിച്ചു. തികഞ്ഞ ഭാവതീവ്രത ചിത്രങ്ങളിൽ പകർത്തുന്ന ആദ്യ

ബാച്ചിലെ ആയാസ് മുഹമ്മദ് ,കുട്ടികളുടെ



Photography:Aayas Muhammed



Photography:Anupam Vijay

ചിത്രങ്ങൾ കൗതുകം ഒട്ടും ചോരാതെ

പകർത്തുന്ന അനുപം വിജയ്, ക്യാമറ കണ്ണായിപ്രവർത്തിക്കുന്ന  ഷിയാ

അബൂബക്കർ,ചുറ്റിനും കാണുന്ന കാഴ്ചകളിൽ നിന്നും വേറിട്ട ചിത്രങ്ങൾ പകർത്തുന്ന നുസൈബ സൈനബ,റാഷിക്......



Photography:Nusaiba Sainaba



Photography:Aayas Muhammed



Muhammed Rashique.K

# ഷിയാസ് അബൂബക്കർ





ന്യൂനപക്ഷ ക്ഷേമ വകുപ്പിന്റെ ആഭിമുഖ്യത്തിൽ 25 / 01 / 2020 ന് സ്കൂൾ ഓഡിറ്റോറിയത്തിൽ നടന്ന ഏകദിന വ്യക്തിത്വ വികസന ക്യാമ്പ് റെക്കോഡ് ചെയ്യുന്നതിന് സന്നദ്ധനായി മുന്നോട്ടു വന്ന 8 ഇ യിലെ ഷിയാസ് അബൂബക്കർ സംഘാടകർക്കും, മുഹമ്മദ് മുഹ്സിൻ എം.എൽ.എ ക്കും കൗതുക കാഴ്ച്ചയായി. കാനൻ ഡി എസ് എൽ ആർ ക്യാമറയുമായി



പതറാതെ മുന്നിൽ നിൽക്കുന്ന കുഞ്ഞൻ ഫോട്ടോഗ്രാഫറെ മുഹമ്മദ് മുഹ്സിൻ വേദിയിലേക്ക് ക്ഷണിച്ച് അനുമോദിച്ചു. ലിറ്റിൽ കൈറ്റ്സ് മൂന്നാം ബാച്ചിലെ അംഗവും ഒന്നാം ബാച്ചിലെ ആയാസിന്റെ സഹോദരനുമാണ് ഷിയാസ്.

# കലോത്സവ സർട്ടിഫിക്കറ്റ് ഡിസൈൻ



ഇത്തവണത്തെ പട്ടാമ്പി സബ്ജില്ലാ കലോത്സവത്തിനുള്ള സർട്ടിഫിക്കറ്റ് നമ്മുടെ സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് അശ്വതി, ആദില,ഭവ്യ,എന്നിവർ ചേർന്ന് സ്വതന്ത്ര സോഫ്റ്റ് വെയർ ആയ ജിമ്പ്,ലിബർ ഓഫീസ് ഡ്രോ,ഇങ്ക് സ്കേപ് എന്നിവ ഉപയോഗിച്ച് ഡിസൈൻ ചെയ്തു.


# ലിറ്റിൽ കൈറ്റ്സ്

## ജി.എച്ച്.എസ്.എസ് പട്ടാമ്പി

# ഫേസ് ബുക്ക് പേജ്

പട്ടാമ്പി സബ് ജില്ലാ കലോത്സവ വേദിയായി സ്കൂൾ മാറിയതോടെ ലിറ്റിൽ കൈറ്റ്സ് പ്രവർത്തനങ്ങൾ പുറം ലോകത്തെത്തിക്കാനുള്ള ചിന്തകൾക്ക് വേഗത കൂടി.ക്യാമറ,റിപ്പോർട്ടിങ് എന്നിവയിൽ വലിയ സാദ്ധ്യതകൾ തുറന്നു വന്നു.ആദ്യ ബാച്ചിലെ മിടുക്കരായ കുട്ടികളെ ക്യാമറ ഏൽപ്പിച്ചു,ഒപ്പം അനുപമം,റാഷിക് ,ഉമറുൽ തുടങ്ങിയ പുതിയ ബാച്ചുകളിലെ കുട്ടികളും സജീവമായി.കലോത്സവം ലൈവ് ചെയ്യുക എന്നത് ലക്ഷ്യമായിരുന്നില്ല.അതിനു പ്രാദേശിക ചാനലുകൾ ഉണ്ടായിരുന്നു..

വേദിയിലും സദസ്സിലും ഒളിഞ്ഞു കിടക്കുന്ന കാഴ്ചകൾ ചിത്രമാക്കാനായിരുന്നു നിർദ്ദേശം ആസ്വാദകരിലേക്കും കുഞ്ഞു കുട്ടികളിലേക്കും




ക്യാമറ കണ്ണുകൾ തുറന്നപ്പോൾ ഓരോരുത്തർക്കും ഇഷ്ട മേഖല കണ്ടെത്താനും സ്വതന്ത്രമായി പ്രവർത്തിക്കാനും സ്വാതന്ത്ര്യം ലഭിച്ചു.



# ലിറ്റിൽകൈറ്റ്സ് കുടുംബം

## 2019 – 21